# ക്രിസ്തുവിൽ

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# ക്രിസ്തുവിൽ

പ്രൊഫ. എം. വൈ. യോഹന്നാൻ
*മുൻ പ്രിൻസിപ്പൽ,*
*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E - mail : profmyyohannan@crfgospel.org
Website : www.crfgospel.org

●

Publisher :
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

●

COVER DESIGN
SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24
E-mail: meringraphics@gmail.com

●

*copy right reserved*

●

# അവതാരിക

സ്വർഗ്ഗത്തിലെ നിത്യപിതാവിനെ കാണുവാനും തിരിച്ചറിയുവാനും എനിക്കാത്മീയ സുബോധം നൽകുവാനും ദൈവം ഉപയോഗിച്ച ദൈവദാസനായ പ്രൊഫ. എം.വൈ. യോഹന്നാൻ സാറിന്റെ "ക്രിസ്തുവിൽ" എന്ന ഇരുപതാമത്തെ പുസ്തകത്തിന് അവതാരിക എഴുതുവാൻ തന്ന അവസരത്തിന്നും പദവിക്കുമായി ഞാൻ ദൈവത്തെ സ്തുതിക്കയും സാറിനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കയും ചെയ്യുന്നു.

നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും കിടന്ന എന്നേയും മറ്റനേകരേയും കരകയറ്റുവാൻ ഇന്ന് ദൈവമെടുത്തുപയോഗിക്കുന്ന ഒരു ദൈവദാസനാണ് യോഹന്നാൻ സാറ്. സാറിന്റെ വായിൽ നിന്നും വരുന്ന ജീവവചനത്തിന്റെ ഒഴുക്ക് നമ്മുടെ ഹൃദയത്തെ തൊടുകയും നമ്മെ അത് ഈ ലോകത്തിന്റെയും സാത്താന്റെയും ബന്ധനത്തിൽ നിന്ന് വിടുവിക്കുന്നതുമാണ് എന്ന് എന്റേയും മറ്റനേകരുടേയും അനുഭവമാണ്.

സാറിന്റെ മറ്റ് പത്തൊമ്പത് പുസ്കത്തിലൂടെ കടന്നുപോയാൽ അതുല്ല്യമായ അനുഭൂതിയിൽ കൂടി ആ ദൈവവചനം

നമ്മെ കൂട്ടിക്കൊണ്ടുപോകും. ഒരു വെള്ളച്ചാട്ടം പോലെ ദൈവ വചനത്തിന്റെ ഓരോ ചെറിയ വിഷയങ്ങളിൽ നിന്ന് വേദപുസ്ത കത്തിന്റെ ഉദ്ദേശവും അതിൽ നിന്നുളവാകുന്ന അന്തഃസത്തയും നമുക്ക് അനുഭവിക്കാൻ സാധിക്കും. ഈ ഓരോ പുസ്തകവും നമ്മുടെ ഭാരങ്ങളെ മാറ്റുന്നു; രോഗങ്ങളെ സൗഖ്യമാക്കുന്നു; ആകുലങ്ങളെ അകറ്റുന്നു; ഭാവിയിലേക്ക് ധൈര്യമായി മുന്നേറാൻ പാത കാണിച്ചുതരുന്നു.

സാറിന്റെ "ശുഭഭാവി" എന്ന പുസ്തകത്തിൽ വിവിധ വേദ ശകലങ്ങൾ കൂട്ടിയിണക്കി ഒരു മനുഷ്യൻ സന്തോഷത്തോടെ യാത്ര ചെയ്യുവാനുള്ള പ്രചോദനം നൽകുന്നു. മാത്രമല്ല, ക്രീസ്തീയ ജീവിതം അസാദ്ധ്യമെന്ന് ചിന്തിക്കുന്നവർക്ക് പ്രായോ ഗിക ജീവിതത്തിൽ ജയജീവിതം സാധിക്കുമെന്നും, നിത്യതയുടെ ശോഭനമായ തീരത്ത് എത്തുവാൻ കഴിയുമെന്നും ശുഭപ്രതീക്ഷ നൽകുന്നു. സകല പ്രത്യാശയും അറ്റ് മുന്നോട്ടുള്ള ജീവിത ത്തിൽ കൂമ്പടിഞ്ഞ് നിരാശനായി പാപത്തിൽ തലകുമ്പിട്ട് കിട ക്കുന്ന ഒരു മനുഷ്യന് പ്രത്യാശയും ജീവിക്കുവാനുള്ള ആഗ്ര ഹവും തരുന്ന ഒരു അമൂല്യ ഗ്രന്ഥമത്രേ സാറിന്റെ ഒമ്പതാമത്തെ പുസ്തകമായ "ജയജീവിതം." "വിശ്വാസജീവിതം" എന്ന പുസ്ത കത്തിൽ എന്താണ് വിശ്വസിക്കേണ്ടത് എന്നും, ആരെയാണ് വിശ്വ സിക്കേണ്ടത് എന്നും, വിശ്വാസത്തിന്റെ അടിസ്ഥാനം എന്താണ് എന്നും, വിശ്വാസം കൊണ്ട് എങ്ങനെയാണ് ഹൃദയപാപത്തെ ജയിക്കുന്നത് എന്നും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പതി നേഴാമത്തെ പുസ്തകമായ "ദൈവരാജ്യ"ത്തിൽ ഒരു മനുഷ്യന് ദൈവരാജ്യത്തിൽ കടന്നുചെല്ലാമെന്നും "ദൈവരാജ്യം ഭക്ഷ ണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാ വിൽ സന്തോഷവുമത്രെ." (റോമർ 14:17) എന്നും ക്രിസ്തുവിന്റെ സ്നേഹവും വിശുദ്ധിയും ത്യാഗവും സ്വന്തജീവിതത്തിൽ പകർത്തി ഒരു പുതിയ സൃഷ്ടിയായി ജീവിക്കുന്നതാണ് ദൈവ

രാജ്യത്തിൽ എത്തുവാനുള്ള ഏക മാർഗ്ഗമെന്നും അദ്ദേഹം വരച്ചുകാട്ടുന്നു. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണമെന്നും, ആത്മാവ് ബന്ധനത്തിൽ ആയിരിക്കുമ്പോൾ ആരാധനയും സ്തുതിയും നിന്നുപോകുമെന്നും, ക്രിസ്തുവിൽ ആത്മാവിന്റെ ബന്ധനത്തിൽ നിന്നും വിടുവിച്ച് നാവിൽ സ്തുതി ലഭിക്കുമെന്നും അതിൽ പ്രതിപാദിച്ചിരിക്കുന്നു. ദാവീദ് പാടുന്നതുപോലെ “അവനെന്റെ നാവിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നെ; പലരും അതുകണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും” എന്നത് നമ്മുടെ അനുഭവമാകുവാൻ സഹായിക്കുന്നതാണ് പ്രസ്തുത ഗ്രന്ഥം. “അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നപോലെ ബലഹീനരും പാപികളുമായ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു” എന്ന് പൂർവ്വ പുണ്യപിതാക്കൾ പഠിപ്പിച്ചതിന്റെ അനുസ്മരണമാണ് “ദിവ്യാരാധന” എന്ന പുസ്തകം.

അന്ധനായ എന്റെ കണ്ണു തുറന്നു തന്നതാണീ ദൈവവചനം. മരിച്ചവനായിരുന്ന എനിക്ക് ജീവൻ തന്നു; ബന്ധനത്തിലായിരുന്ന എന്നെ വിടുവിച്ച് എന്നിലുള്ള ദുഃസ്വഭാവങ്ങളെ മാറ്റിത്തന്നതാണ് ദൈവവചനം. ഭൂതഗ്രസ്തനായ മനുഷ്യനെ സൗഖ്യമാക്കിയതുപോലെ തിരുവചനം എന്നെ ശാന്തനാക്കിത്തീർത്തു. കോപിഷ്ഠനായിരുന്ന എന്നെ സൗമ്യനാക്കിത്തീർത്തു. ഈ ദൈവവചനം എന്റെ കുടുംബത്തിലും പ്രവർത്തിച്ചു. എന്റെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ശാന്തതയും സമാധാനവും സൗഖ്യവും കൊടുത്ത് ഇന്ന് വഴി നടത്തുന്നതാണ് ദൈവവചനം.

എനിക്ക് യോഹന്നാൻ സാറുമായി കഴിഞ്ഞ ഇരുപത്തിയേഴ് വർഷത്തെ ആത്മീയ പരിചയമുണ്ട്. ഈ ബന്ധം എന്നെ ഒരാത്മീയ മനുഷ്യനാക്കിത്തീർത്തു. എന്റെ ജീവിതത്തിന്റെ വഴി

ത്താരയിൽ അനേക സന്ദർഭങ്ങളിൽ എന്നെ സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി ഓടുവാൻ സഹായിച്ചു; ആ ബന്ധമെന്നെ മാറ്റിമറിച്ചു. സാറിന്റെ ജീവിതത്തിലെ വിശുദ്ധിയും സൗമ്യതയും വിവേകവും അവസരത്തിനൊത്ത് ആത്മീയമായി ജയം കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ശാസനയും എന്നെ ഏറ്റവും അധികം സ്വാധീനിച്ചു.

എന്നെയും കുടുംബത്തെയും ജീവിതത്തിന്റെ എല്ലാവഴികളിലും ആലോചന പറഞ്ഞുനടത്തുകയും ആത്മീയമായി ഓരോ കാര്യങ്ങളും വിവേചിച്ച് പറഞ്ഞു തരികയും ചെയ്ത് എന്നെ സ്വർഗ്ഗത്തിലേക്ക് നടത്തുവാൻ സാറിന്റെ നാവിൽ നിന്നും വരുന്ന ദൈവവചനം പ്രയോജനപ്പെട്ടു; മറ്റനേകർക്ക് പ്രയോജനപ്പെടുന്നത് ഞാൻ കാണുന്നുമുണ്ട്.

“ക്രിസ്തുവിൽ” എന്ന ഈ ഗ്രന്ഥത്തിൽ “എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും” എന്ന തിരുവചനത്തെ ആസ്പദമാക്കി പതിമൂന്നു പ്രസംഗങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ക്രിസ്തുവിൽ ഫലം കായിക്കുക, ക്രിസ്തുവിൽ ജീവിക്കുക, ക്രിസ്തുവിൽ മരിക്കുക, ക്രിസ്തുവിൽ ഉയർത്തെഴുന്നേൽക്കുക, ക്രിസ്തുവിൽ ഉള്ളവർക്ക് ശിക്ഷാവിധിയില്ല എന്ന വിവിധ വിഷയങ്ങൾ വളരെ ലളിതമായും വ്യക്തമായും പ്രതിപാദിക്കുന്നവയാണ് ഓരോ പ്രസംഗങ്ങളും. ഏഴ് ന്യായവിധികളെക്കുറിച്ചുള്ള പഠനം അത്യന്തം മനോഹരമാണ്. നിത്യശിക്ഷാവിധിയിൽ നിന്ന് മോചനം പ്രാപിക്കുവാൻ ക്രിസ്തുവിലായാൽ മാത്രം മതിയെന്ന ആശയം എത്ര വലിയ ആശ്വാസമാണ് നൽകുന്നത്! പാപം കൂടാതെയുള്ള ജീവിതത്തിന്റെ സൗഭാഗ്യവും സന്തോഷവും ഓരോ പ്രസംഗത്തിലും തെളിഞ്ഞുനിൽക്കുന്നു. ക്രിസ്തുവിൽ ജീവിക്കുന്നതിന്റെ സമാധാനസമൃദ്ധിയും ശാന്തതയും സൗഭാഗ്യവും പ്രതിപാദിക്കുന്ന ഈ ഇരുപതാമത്തെ

പുസ്തകം വായിക്കുന്ന ഏവർക്കും ഈ അനുഭവങ്ങൾ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്നും ഈ അമൃതധാര അനേകർക്ക് പ്രയോജനപ്പെടട്ടെ എന്നും അതിന്ന് ദൈവം സാറിന് ആരോഗ്യവും ആയുസ്സും നൽകി അനുഗ്രഹിക്കട്ടെ എന്നും പ്രാർത്ഥിക്കയും ആഗ്രഹിക്കയും ചെയ്തുകൊണ്ട് ഞാൻ വളരെ എളിമയോടെ ഈ ഗ്രന്ഥം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

**ഡോ. സി.പി. ജോൺ**
കോസ്മെറ്റിക് ഡെന്റൽ ക്ലിനിക്ക്
മെഡിക്കൽ കോളേജ് പഴയ റോഡ്
തിരുവനന്തപുരം

# ആമുഖം

"ക്രിസ്തുവിൽ" മനുഷ്യന് ലഭിക്കുന്ന പദവിയും നിക്ഷേപവും സൗഭാഗ്യവും വിശദമാക്കുവാനാണ് ഈ ഗ്രന്ഥം രചിച്ചത്. അനന്തമഹിമയുറ്റ, ശ്രേഷ്ഠമായ, അമൂല്യമായ സമ്പത്താണ് ക്രിസ്തുവിലാകുന്ന ഒരു മനുഷ്യന് ലഭിക്കുന്നത്. ഈ ആശയത്തെ സംവേദനം ചെയ്യാനാണ് ഈ ഗ്രന്ഥത്തിലെ ഓരോ അദ്ധ്യായത്തിലും ഞാൻ ഉദ്യമിച്ചിട്ടുള്ളത്.

ഒരു നഗരത്തിലെ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ഒരു ദിവസം അതിന്റെ ഉടമസ്ഥൻ അറിയാതെ രണ്ട് കുസൃതിക്കുട്ടികൾ കയറി. അവർ ഓരോ സാധനത്തിന്മേലും വില സൂചിപ്പിക്കുന്ന 'സ്റ്റിക്കർ' പറിച്ചെടുത്ത് മറ്റു സാധനങ്ങളിൽ ഒട്ടിച്ചു. അഞ്ചു രൂപ വിലയുള്ള സാധത്തിന്മേലുള്ള സ്റ്റിക്കർ പറിച്ചെടുത്ത് അഞ്ഞൂറു രൂപ വിലയുള്ള സാധനത്തിന്മേൽ ഒട്ടിച്ചു. അഞ്ചു രൂപ വിലയുള്ള സാധനത്തിൽ ഇരുന്നൂറുരൂപ വിലയിട്ടിരുന്ന സാധനത്തിന്റെ സ്റ്റിക്കർ ഒട്ടിച്ചു. അല്പ സമയത്തിനകം ഓരോ വസ്തുവിനും മൂല്ല്യം നഷ്ടപ്പെട്ടു.

സാക്ഷാത്തായ മൂല്ല്യം മനസ്സിലാക്കാതെ ക്രിസ്തീയ ജീവി

ത്തിന്റെ വില കെടുത്തിക്കളയുന്ന അനേകം ആളുകളുണ്ട്. ക്രിസ്തു നമുക്കുതരുന്നതും തരാൻ കരുതി വച്ചിട്ടുള്ളതുമായ മഹാസൗഭാഗ്യങ്ങൾ നാം തിരിച്ചറിയുമ്പോൾ നാം ആനന്ദവായ്പുകൊണ്ടും നന്ദി പ്രകർഷം കൊണ്ടും രോമാഞ്ചമണിഞ്ഞു പോകും. അപ്പസ്തലനായ പൗലോസ് എഫേസോസിലെ വിശുദ്ധന്മാരെ ഓർമ്മിപ്പിച്ചുകൊണ്ട് അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് അവർക്കു ലഭിച്ച അനർഘസമ്പത്ത് എന്ത് എന്ന് അവർ അറിയുവാനാണ്. “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്ക് തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.” എഫെസ്യർ. 1:17–20

ക്രിസ്തിവിൽ നേടുന്ന സമ്പത്തിനെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിവിധ വിഷയങ്ങളായി തരംതിരിച്ചിരിക്കുകയാണ്.

ഒന്ന്, ഒരുത്തൻ ക്രിസ്തുവിൽ ആയാൽ പുതിയ സൃഷ്ടിയാകുന്നു.

രണ്ട്, ക്രിസ്തുവിൽ ദൈവത്തിന് ജീവിക്കുന്നു.

മൂന്ന്, ക്രിസ്തുവിൽ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്.

നാല്, ക്രിസ്തുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്ക് ഉപദ്രവമുണ്ടാകും.

അഞ്ച്, ക്രിസ്തുവിൽ ഉള്ളവർക്ക് ശിക്ഷാവിധി ഇല്ല.

ആറ്, ക്രിസ്തുവിൽ നിദ്ര പ്രാപിക്കുന്നവർ ഭാഗ്യവാന്മാർ.

ഏഴ്, ക്രിസ്തുവിൽ ഉയർത്തെഴുന്നേല്പുണ്ട്, ഒന്നാമത്തെ പുനരുത്ഥാനത്തിൽ.

എട്ട്, ക്രിസ്തുവിൽ വസിച്ചാൽ ഫലസമൃദ്ധിയുണ്ടാകും. ആത്മാവിന്റെ ഫലം കായ്ക്കും.

"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും." എന്ന് യേശുക്രിസ്തു പറഞ്ഞ വചനത്തെ ആസ്പദമാക്കിയാണ് ഈ എട്ടുകാര്യങ്ങളും വിവരിച്ചിരിക്കുന്നത്. ശിക്ഷാവിധിയെക്കുറിച്ച് പറയുമ്പോൾ ഏഴ് ന്യായവിധികളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആത്മാവിന്റെ ഫലം കായിക്കുന്നതിനേക്കുറിച്ച് ഫലം കായിക്കാത്ത അവസ്ഥ, ആകാത്ത ഫലം കായിക്കുന്ന അവസ്ഥ, നല്ല ഫലം കായിക്കുന്ന അവസ്ഥ, അധികഫലം കായിക്കുന്ന അവസ്ഥ, വളരെ ഫലം കായിക്കുന്ന അവസ്ഥ എന്ന് അഞ്ചു കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്.

ഓരോ അദ്ധ്യായത്തിലും കൂടെ കടന്നുപോകുന്ന അനുവാചകന് ക്രിസ്തുവിൽ വസിപ്പാനുള്ള ഒരു ദാഹവും വാഞ്ഛയും ഉണ്ടായാൽ ഞാൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥത്തിന് വളരെ ഉത്തേജകവും ആസ്വാദനപരവുമായ ഒരു അവതാരിക എഴുതിത്തന്ന ഡോ. സി.പി. ജോണിനോടുള്ള വാത്സല്യവും കൃതജ്ഞതയും ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. പ്രൂഫ് റീഡിംഗ്, കവർ പ്രിന്റിംഗ്, അച്ചടി മുതലായ വിവിധ വിഷയങ്ങളിൽ ത്യാഗോജ്ജ്വല സേവനം നിർവ്വഹിച്ച എന്റെ സുഹൃത്തുക്കൾ അനേകരുണ്ട്. അവരോടെല്ലാമുള്ള കടപ്പാടും നന്ദിയും അനിർവ്വചനീയമാണ്.

ഈ ഗ്രന്ഥം വായിക്കുന്നതിൽ കൂടെ അനേകർക്ക് ക്രിസ്തു തരുന്ന പാപക്ഷമയും സമാധാന ജീവിതവും നിത്യ ജീവനും അനുഭവമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാനീ മുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ പ്രിയപ്പെട്ട

**യോഹന്നാൻ സാറ്.**

## ഒന്ന്

''എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും''

യോഹ. 15:4

ക്രിസ്തുവിൽ വസിക്കുക എന്നത് ഒരു വിശ്വാസിയുടെ പദവിയത്രേ. ക്രിസ്തുവിന്റെ തുറക്കപ്പെട്ട മാറിൽ വസിക്കുന്നതിനുള്ള ഭാഗ്യമാണ് ക്രൂശുമരണംമൂലം ക്രിസ്തു നമുക്ക് നൽകിയിരിക്കുന്നത്.

ക്രിസ്തുവിൽ വസിക്കുക എന്നാലെന്താണ് എന്ന് ക്രിസ്തു തുടർന്നു പറയുന്നുണ്ട്: "പിതാവ് എന്നെ സ്നേഹിക്കുന്നതു പോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ." യോഹന്നാൻ 15:9 ക്രിസ്തുവിൽ വസിക്കുക എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുക എന്നാണർത്ഥം.

ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുന്നതിന് നാം എന്താണ് ചെയ്യേണ്ടത്?

> "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും."
>
> യോഹ. 15:10

യോഹന്നാന്റെ സുവിശേഷം പതിനാല്, പതിനഞ്ച്, പതിനാറ് അദ്ധ്യായങ്ങളാണ് ക്രിസ്തുവിന്റെ ഒടുവിലത്തെ പ്രസംഗം. തന്റെ അരുമ ശിഷ്യന്മാരോട് പറയുന്ന ഈ ഒടുവിലത്തെ പ്രസംഗത്തിലെ കാതലായ ആശയം അവർ ഓരോരുത്തരും ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കണമെന്നാണ്.

ആ പ്രസംഗം തുടങ്ങുന്നതുതന്നെ "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്" യോഹന്നാൻ 14:1 എന്ന് പറഞ്ഞുകൊണ്ടാണ്. പ്രസംഗത്തിന്റെ ഉപസംഹാരവാക്യമാകട്ടെ, ''ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." യോഹ. 16:33 എന്നാണ്.

ഹൃദയത്തിന്റെ കലക്കംമാറി ധൈര്യം പ്രാപിക്കണമെങ്കിൽ ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴണം. അതാണ് ക്രിസ്തു ഈ പ്രസംഗത്തിൽ പറഞ്ഞത്.

> "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" I shall not leave thee comfortless – ഞാൻ നിങ്ങളെ അസന്തുഷ്ടരായി വിടുകയില്ല.)
>
> യോഹ. 14:18

> "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതു പോലെയല്ല ഞാൻ

> നിങ്ങൾക്കു തരുന്നത്.  നിങ്ങളുടെ ഹൃദയം കല
> ങ്ങരുത്; ഭ്രമിക്കയുമരുത്.”
>
> യോഹ. 14:27

ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ജീവിതത്തിൽ ആക മാനം നിറഞ്ഞുനിൽക്കണമെങ്കിൽ നാം ക്രിസ്തുവിൽ വസിക്കണം.  അഥവാ ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കണം.  തന്മൂലം നമുക്ക് ലഭിക്കുന്നത് ക്രിസ്തുവിന്റെ സന്തോഷമാണ്.

> “എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങ
> ളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത്
> നിങ്ങളോട് സംസാരിച്ചിരിക്കുന്നു.”
>
> യോഹ. 15:11

ക്രിസ്തു നമ്മിൽ വസിക്കുന്നതിന്, ക്രിസ്തുവിന്റെ സമാധാനം നമ്മിൽ വസിക്കുന്നതിന്, ക്രിസ്തുവിന്റെ സന്തോഷം നമ്മിൽ വസിക്കുന്നതിന്, ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിക്കുന്നതിന്, നാം എന്തുചെയ്യണമെന്ന് കർത്താവ് പറഞ്ഞിരിക്കുന്നതാണ് യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം പത്താം വാക്യത്തിൽ.

> “ഞാൻ എന്റെ പിതാവിന്റെ കൽപ്പനകൾ പ്രമാ
> ണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതു
> പോലെ നിങ്ങൾ എന്റെ കൽപ്പനകൾ പ്രമാണി
> ച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.”
>
> യോഹ. 15:10

അതേ പ്രസംഗത്തിൽത്തന്നെ കർത്താവ് പറഞ്ഞിരിക്കുന്നു:

> “നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ

കൽപ്പനകളെ കാത്തുകൊള്ളും."

യോഹ. 14:15

"എന്റെ കൽപ്പനകൾ ലഭിച്ചു പ്രമാണിക്കുന്ന എന്നെ സ്നേഹിക്കുന്നവൻ ആകുന്നു."

14:21

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും."

14:23

"എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല."

14:24

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ പറയുന്നു:

"ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു."

1 യോഹ. 2:5

"ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു."

1 യോഹ. 4:16

ക്രിസ്തു വസിക്കണമെങ്കിൽ സ്നേഹത്തിൽ വസിക്കണം.

തിരവചനം പറയുന്നു:

"നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവ

ത്തിൽ നിന്നും വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നു; ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ."

1 യോഹ. 4:7–8

അന്യോന്യം സ്നേഹിക്കുക എന്നുള്ളതാണ് ക്രിസ്തുവിന്റെ കൽപ്പന.

"അവന്റെ കൽപ്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു."

1 യോഹ. 3:24

എന്താണ് ദൈവത്തിന്റെ കൽപ്പന?

തിരുവചനം പറയുന്നു:

"അവന്റെ കൽപ്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമുക്ക് കൽപ്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ."

1 യോഹ. 3:23

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയോരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നേ."

യോഹ. 13:34

> “പരീശന്മാർ ഒന്നിച്ചുകൂടി, അവരിൽ ഒരു വൈദി
> കൻ അവനെ പരീക്ഷിച്ചു: ഗുരോ, ന്യായപ്രമാണ
> ത്തിൽ ഏതു കൽപ്പന വലിയതു എന്നു ചോദി
> ച്ചു. യേശു അവനോട്: നിന്റെ ദൈവമായ കർത്താ
> വിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാ
> വോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേ
> ണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ
> കൽപ്പന. രണ്ടാമത്തേത് അതിനോട് സമം: കൂട്ടു
> കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം.
> ഈ രണ്ടു കൽപ്പനകളിൽ സകലന്യായപ്രമാ
> ണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു
> എന്നു പറഞ്ഞു.”
>
> മത്താ. 22:35–40

ക്രിസ്തുവിൽ വസിക്കണമെങ്കിൽ കൽപ്പനകൾ പ്രമാണിക്കണം. ദൈവ കൽപ്പനയോ അന്യോന്യം സ്നേഹിപ്പിൻ എന്നാകുന്നു.

തിരുവെഴുത്ത് വീണ്ടും പറയുന്നു:

> “വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും
> സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നെ
> യോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ
> സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു;
> ഇടർച്ചക്കു അവനിൽ കാരണമില്ല. സഹോദരനെ
> പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരു
> ട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണു
> കുരുടാക്കുകയാൽ എവിടേക്കു പോകുന്നുവെന്ന്
> അവൻ അറിയുന്നില്ല.”
>
> 1 യോഹ. 2:9–11

ഒന്ന് : ക്രിസ്തുവിൽ വസിക്കുന്നവൻ സമാധാനത്തിൽ വസിക്കുന്നു.

രണ്ട് : ക്രിസ്തുവിൻ വസിക്കുന്നവൻ സന്തോഷത്തിൽ വസിക്കുന്നു.

മൂന്ന് : ക്രിസ്തുവിൽ വസിക്കുന്നവൻ സ്നേഹത്തിൽ വസിക്കുന്നു.

നാല് : ക്രിസ്തുവിൽ വസിക്കുന്നവൻ അവന്റെ വചനം പ്രമാണിക്കുന്നു; കൽപ്പന അനുസരിക്കുന്നു.

അഞ്ച് : ക്രിസ്തുവിൽ വസിക്കുന്നവൻ ക്രിസ്തു ജീവിച്ച തുപോലെ ജീവിക്കുന്നു.

> "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു."
>
> 1 യോഹ. 2:6

ക്രിസ്തു നടന്നത് സ്നേഹത്തിലത്രെ. ക്രിസ്തു നടന്നതു തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കുന്ന സ്നേഹത്തിന്റെ സഹിഷ്ണുതയിലത്രെ. ക്രിസ്തു നടന്നത് വിശുദ്ധിയിലത്രെ. ക്രിസ്തു നടന്നത് സ്വയത്യാഗത്തിലത്രെ. ക്രിസ്തു നടന്നത് ഉപദ്രവിക്കുന്നവരെപ്പോലും സ്നേഹിച്ച് അവരുടെ നന്മ ആഗ്രഹിക്കുകയും കരുതുകയും ചെയ്യുന്ന നിസ്തുല സ്നേഹത്തിലത്രെ.

ക്രിസ്തുവിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.

പ്രിയ സ്നേഹിതാ, നിനക്ക് ഹൃദയത്തിൽ സമാധാനമുണ്ടോ? നിന്റെ ഉള്ളിൽ സന്തോഷമുണ്ടോ? നിന്റെ അകം പുകഞ്ഞുകൊ

ണ്ടിരിക്കയല്ലേ? നിന്റെ ഉള്ളു പൊള്ളി, മനമുരുകി, നീ ദുഃഖത്തിലും ക്ലേശത്തിലും വലയുകയല്ലേ? നിന്റെ ചിരി മാഞ്ഞുപോയില്ലേ? പ്രിയസഹോദരീ, നീ ഭാവിയെ നോക്കി നെടുവീർപ്പിട്ടുകൊണ്ടിരിക്കുകയല്ലേ? നീ ഇന്നു നിരാശയുടെ ആഴക്കുഴിയിൽ മുങ്ങിക്കൊണ്ടിരിക്കയല്ലേ? നിനക്കിന്ന് കുടുംബസമാധാനം നഷ്ടപ്പെട്ടിരിക്കയല്ലേ?

സ്നേഹിതാ, നീ ആകുല ഭാരങ്ങൾ കൊണ്ടും ആശങ്കകൾകൊണ്ടും ഉറങ്ങാനാവാതെ കിടക്കയിൽ തിരിഞ്ഞുംമറിഞ്ഞും കിടക്കയല്ലേ? ആരുമറിയാതെ നീ നെടുവീർപ്പിടുകയും തേങ്ങലുകൾ പണിപ്പെട്ടൊതുക്കുകയും ചെയ്യുകയല്ലേ? പണത്തിന്റെ ഞെരുക്കം കൊണ്ടും കടഭാരങ്ങൾകൊണ്ടും നീ ഇന്ന് വീർപ്പുമുട്ടുകയല്ലേ? പ്രിയസഹോദരീ, നീ നിന്റെ ഭർത്താവിന്റെ മദ്യപാനം കൊണ്ടും സ്വഭാവദൂഷ്യംകൊണ്ടും ആത്മഹത്യ ചെയ്താൽ മതി എന്നോർത്ത് ഉള്ളുരുകി വലയുകയല്ലേ?

എങ്കിൽ ഇതാ നിനക്ക് ആശ്വാസത്തിനൊരു വഴിയുണ്ട്. നിനക്കിനിയും സമാധാനത്തിനൊരു സാദ്ധ്യതയുണ്ട്. നിനക്കിനിയും ആനന്ദത്തിനും സൗഖ്യത്തിനും സ്വസ്ഥതയ്ക്കും ശാന്തിക്കും ഒരു മാർഗ്ഗമുണ്ട്. ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും ഇനിയും നിന്ക്കു ലഭിക്കും. നിന്റെ സ്വൈര്യം കെടുത്തുന്ന പൈശാചികനെ ക്രിസ്തു നിന്നിൽനിന്ന് ശാസിച്ചും ഭർത്സിച്ചും അകറ്റിത്തരും.

> "കർത്താവ് ഇനിയും ആനന്ദാഘോഷവും സന്തോഷധ്വനിയും തരും."
>
> യിരമ്യ. 33:11

> ‘‘കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കികൊൾക.

നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്."

യിരമ്യ. 31:16–17

"അവൻ നിന്റെ ഭ്രഷ്ടയെന്നും ആരും തിരിഞ്ഞു നോക്കാത്ത സീയോനെന്നും വിളിക്കകൊണ്ട്, ഞാൻ നിന്റെ മുറിവുകളെ പൊറുപ്പിച്ച് നിനക്ക് ആരോഗ്യം വരുത്തും എന്ന് യഹോവയുടെ അരുളപ്പാട്. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ യാക്കോബിൻ കൂടാരങ്ങളുടെ പ്രവാസം മാറ്റി അവന്റെ നിവാസങ്ങളോട് കരുണ കാണിക്കും, നഗരം അതിന്റെ കൽക്കുന്നിന്മേൽ പണിയപ്പെടും. അരമനയും യഥാസ്ഥാനപ്പെടും. അവയിൽ നിന്ന് സ്തോത്രവും സന്തോഷിക്കുന്നവരുടെ ഘോഷവും പുറപ്പെടും. ഞാൻ അവരെ വർദ്ധിപ്പിക്കും. അവർ കുറഞ്ഞുപോകയില്ല. ഞാൻ അവരെ മഹത്ത്വീകരിക്കും; അവൻ എളിമപ്പെടുകയുമില്ല."

യിരമ്യ. 30:17–19

"അവൻ ഇനിയും നിന്റെ വായിൽ, ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറെക്കും."

ഇയ്യോബ്. 8:21

ഇതിന് നാമെന്താണ് ചെയ്യേണ്ടത്?

നാം ക്രിസ്തുവിൽ വസിക്കുന്നവരായി തീരണം.

ക്രിസ്തുവിൽ വസിക്കുവാൻ നമുക്ക് തടസ്സമെന്താണ്?

നമ്മുടെ സ്വയമത്രേ ക്രിസ്തുവിൽ വസിപ്പാനുള്ള തടസ്സം.

പരീശന്മാർക്ക് സ്വയം, സ്വയനീതീകരണം, സ്വയപ്രശംസ, സ്വന്ത നീതി എന്നിവ ഉണ്ടായിരുന്നു എന്നും അത് അവരുടെ ആത്മാവിന്റെ നിലനിൽപ്പിന് അപായമുളവാക്കുന്നു എന്നും അവർ അറിഞ്ഞിരുന്നില്ല. അതുകൊണ്ടാണ് കർത്താവ് അവരോട് പറഞ്ഞത്:

> "പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കയും ന്യായവും ദൈവസ്നേഹവും വിട്ടുകളകയും ചെയ്യുന്നു; ഇത് ചെയ്യുകയും അത് ത്യജിക്കാതിരിക്കയും വേണം. പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾക്ക് പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും പ്രിയമാകുന്നു."
>
> ലൂക്കോസ്. 11:42–43

പരീശന്മാർ ദേവാലയത്തോട് ഏറ്റവും അടുത്തവരായിരുന്നു. പരീശന്മാർ മതപരമായ ചടങ്ങുകളും യഹൂദമതാചാരങ്ങളും അനുഷ്ഠിക്കുന്നതിൽ നിഷ്ഠയുള്ളവരായിരുന്നു. പരീശന്മാർ ന്യായപ്രമാണ കല്പ്പനകൾ അനുസരിക്കുന്നതിലും പാലിക്കുന്നതിലും വളരെ ജാഗരൂകരായിരുന്നു. പക്ഷേ, അവർ ന്യായവും ദൈവസ്നേഹവും വിട്ടുകളഞ്ഞു.

അതിനുകാരണമെന്താണ്? അവർ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അന്തഃസത്ത എന്ത് എന്ന് ആരാഞ്ഞില്ല; അറിഞ്ഞുമില്ല. ന്യായവും ദൈവസ്നേഹവും എന്ന ലക്ഷ്യം വിട്ട് ബാഹ്യമായ ചില കർമ്മാചാരങ്ങളിലും സമ്പ്രദായങ്ങളിലും അവർ അക്ഷരംപ്രതി അനുസരിക്കുന്നതിൽ ശുഷ്കാന്തി കാണിച്ചു. "അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിക്കുന്നു." 2 കൊരി. 3:6 എന്ന തിരുവചനത്തിന്റെ ആശയപ്പൊരുൾ അവർ അനുഭവിച്ചില്ല."

അതിനും കാരണമുണ്ട്. പരീശന്മാർക്ക് പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവുമാണ് പ്രിയം. അതാണ് അവർക്ക് വേണ്ടത്. സ്ഥാനമോഹം, മനുഷ്യമാനമോഹം, പ്രതാപമോഹം, അധികാരമോഹം എന്നിവ അവർ പരിത്യജിക്കണമെന്നു ചിന്തിച്ചിട്ടുപോലുമില്ല.

അവരുടെ ചിന്താഗതിയിലെ വൈകല്യത്തെക്കുറിച്ചും കപടഭക്തിയെക്കുറിച്ചും ചൂണ്ടിക്കാണിച്ച്, അവരോട് വളരെ നിഷിതമായും കർക്കശമായും കർത്താവ് സംസാരിക്കുന്നുണ്ട്.

> "അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രെ ചെയ്യുന്നത്; തങ്ങളുടെ മന്ത്രപട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബി എന്നു വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു."
>
> മത്തായി. 23:5–7

"യേശുവിനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്ന യഹൂദന്മാരോട് (യോഹ. 5:18) യേശു പറഞ്ഞു.

> "തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ടു ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വാസിപ്പാൻ കഴിയും?"
>
> യോഹ. 5:44

സ്നേഹിതാ, നിത്യ പരിശുദ്ധനായ ദൈവത്തെ പ്രസാദിപ്പിക്കണമെന്ന ലാക്ക് വിട്ട് മനുഷ്യ മാനത്തിലേക്കും ലോകബഹുമ

തിയിലേക്കും നിന്റെ ആശപോകുന്നു എങ്കിൽ നീ ക്രിസ്തുവിൽ വസിക്കയില്ല. ക്രിസ്തുവിൽ വസിക്കുന്നില്ലെങ്കിൽ ആന്തരിക ശാന്തി നിനക്ക് ലഭിക്കയില്ല.

നിനക്ക് സമാധാനവും സന്തോഷവും നിത്യജീവനും തരാൻ ക്രിസ്തു ഇതാ നിന്റെ അരികത്തുനിൽക്കുന്നു. അവന്റെ സ്നേഹം മാത്രമായ ചങ്കുതുറന്ന് നിന്റെ സമീപത്തുനിന്നുകൊണ്ട് നിന്നെ വിളിക്കുന്നു. “മകനെ, പ്രിയമകളെ, നീ എന്റെ ചങ്കിനു ള്ളിൽ പ്രവേശിക്കൂ. എന്റെ ഹൃദയത്തിൽ വസിക്കൂ. നിന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം ഞാൻ കഴുകി, നിന്നെ എന്റെ രാജ്യ ത്തിന്റേയും മഹത്വത്തിന്റേയും അവകാശിയാക്കിത്തീർക്കാം. നിന്റെ സകല ഭാരച്ചുമടുകളും ഞാൻ ഏറ്റെടുക്കാം എന്നത്രെ ക്രിസ്തു നിന്നോട് പറയുന്നത്.

> “എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസി ക്കും.”
>
> യോഹ. 15:4

## രണ്ട്

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും."

യോഹ. 15:4

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു."

2 കൊരി. 5:17

നൈജീരിയായിലെ ക്രിസ്റ്റഫർ ചിക്ക എന്ന യുവാവിനെക്കുറിച്ച് ഈയിടെ വായിക്കുകയുണ്ടായി. അവന്റെ മാതാപിതാക്കൾ ക്രിസ്തീയ വിശ്വാസികളായിരുന്നു. ഇരുപതാമത്തെ വയസ്സിൽ ക്രിസ്റ്റഫർ മാനസാന്തരപ്പെട്ടു. ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ചതിനുശേഷം കുറെക്കാലം വളരെ ഭക്തിയോടും നിഷ്ഠയോടുംകൂടെ ജീവിച്ചു. മാതാപിതാക്കളുടെ മരണശേഷം അവൻ ഒരു ബിസിനസ്സ് ചെയ്യുവാൻ ആരംഭിച്ചു. ദൈവവിശ്വാസികളല്ലാത്ത പലരും ആ ബിസിനസ്സിൽ പങ്കാളികളായിച്ചേർന്നു. അവർ ക്രിസ്റ്റഫറിന് കൊടുത്ത ഉപദേശം പെട്ടെന്ന് പണക്കാരനാകാൻ മയക്കുമരുന്നുകള്ളക്കടത്ത് നടത്തുകയെന്ന

തായിരുന്നു. അവൻ കള്ളക്കടത്തുനടത്തുവാൻ വേണ്ടി പാസ്പോർട്ട് ഉണ്ടാക്കുവാൻ ഒരു പുതിയ പേരുസ്വീകരിച്ചു. ആ പേരായിരുന്നു "ഇന്നസെന്റ് ഇമറേൻ."

ഒരു ദിവസം തിരുവനന്തപുരം എയർപോർട്ടിൽ നിന്ന് മുംബൈയിലേക്ക് പോകുവാൻ അവൻ വിമാനത്താവളത്തിൽ വന്നു. അവന്റെ തോളിൽ ഒരു ഫ്ളാസ്ക്ക് ഉണ്ടായിരുന്നു. കസ്റ്റംസ് അധികാരികൾ അവന്റെ ഫ്ളാസ്ക്കിന്റെ അടിയിൽ ഹെറോയിൻ കണ്ടെത്തി. അവനെ പോലീസ് പിടിച്ചു. പത്തു വർഷം അവൻ ജയിലിൽ കിടക്കേണ്ടി വന്നു.

ജയിലിൽ വച്ച് അവൻ ക്രിസ്തുവിലേക്ക് മടങ്ങിവന്നു. അവൻ ജീവിതത്തിലേക്ക് തിരഞ്ഞുനോക്കി അനുതപിച്ചു. അന്നു മുതൽ അവനൊരു പുതിയ മനുഷ്യനായിത്തീർന്നു. പത്തു വർഷം കഴിഞ്ഞ് ഒരു പുതിയ സൃഷ്ടിയായി അവൻ നൈജീരിയായിലേക്ക് മടങ്ങിപ്പോയി.

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായിത്തീരുന്നവരുടെ അവസ്ഥ അതാണ്.

നാം ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തു നമ്മിൽ വസിക്കുകയും ചെയ്യുന്നതാണ് പുതിയ സൃഷ്ടിയുടെ അനുഭവം.

"അഞ്ചു കൊല്ലം സെൻട്രൽ ജയിലിൽ" എന്ന ഒരു നല്ല പുസ്തകമുണ്ട്. അഭിവന്ദ്യ കടവിൽ അത്താനാസ്യോസ് മെത്രാപ്പോലീത്ത തീരുമേനി എഴുതിയതാണ് ആ ഗ്രന്ഥം. തിരുമേനി ബിഷപ്പാകുന്നതിനുമുമ്പ് കേരള യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി. ക്ക് വേണ്ടി ഗവേഷണപഠനം നടത്തിക്കൊണ്ടിരുന്നപ്പോൾ തിരുവനന്തപുരം സെൻട്രൽ ജയിൽ ചാപ്പലിൽ വി. കുർബാന

ചൊല്ലുവാൻ പോകുമായിരുന്നു. അന്ന് ജയിൽ പുള്ളികളുമായി സംഭാഷിക്കുകയും അവർക്ക് നല്ല പ്രബോധനങ്ങൾ നൽകുകയും ചെയ്യുമായിരുന്നു.

അക്കാലത്ത് ഒരു കൊലപാതകക്കുറ്റത്തിന് തൂക്കിലേറ്റുന്നതിന് വിധിക്കപ്പെട്ട് കിടന്നിരുന്ന ഒരു തടവുപുള്ളിയുമായി തിരുമേനി സംസാരിച്ചു. അയാൾ തിരുമേനി താമസിച്ചിരുന്ന മലേക്കുരിശിനടുത്ത് പുത്തൻകുരിശിനടുത്തുള്ളവനായിരുന്നു.

ആദ്യമാദ്യം തിരുമേനി പറഞ്ഞതൊന്നും കൈക്കൊണ്ടില്ലെങ്കിലും പിന്നീട് ശ്രദ്ധയോടെ തിരുവചനം കേൾക്കാനും സ്വീകരിക്കാനും തുടങ്ങി. അങ്ങനെ ആ തടവുപുള്ളി മാനസാന്തരപ്പെട്ടു. തിരുമേനിയുടെ അരികത്ത് പാപങ്ങളെല്ലാം ഏറ്റുപറയുകയും സത്യമായ ഒരനുതാപത്തോടെ ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്തു.

ജയിലിലായതിനുശേഷം വീട്ടിൽ നിന്നും നാട്ടിൽ നിന്നും ആരും അന്വേഷിക്കുകയോ വന്നുകാണുകയോ ചെയ്യാതിരുന്നതിനാൽ നിരാശയുടെ ആഴത്തിൽ താണുപോയിരുന്ന ആ തടവുപുള്ളി വലിയ പ്രത്യാശയിലേക്കും ശാന്തിയിലേക്കും വന്നു. വലിയ സമാധാനവും സ്വഭാവമാറ്റവും അയാളിൽ കാണപ്പെട്ടു. അയാൾ ഒരു പുതിയ സൃഷ്ടിയായിത്തീർന്നു.

തൂക്കിലിടുന്ന ദിവസം വളരെ ശാന്തമായി പ്രാർത്ഥിച്ചുകൊണ്ട് അയാൾ വധസ്ഥലത്തേക്ക് നടന്നു. അവിടെ കയറി നിന്ന്, മുഖത്ത് ഒരു കറുത്തതുണി വന്നു വീണതിനുശേഷവും പ്രാർത്ഥനാ ശബ്ദം കേൾക്കാമായിരുന്നു എന്ന് ഗ്രന്ഥകർത്താവ് പ്രസ്തുത ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

“ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ ഒരു പുതിയ

സൃഷ്ടിയാകുന്നു.”

സുപ്രസിദ്ധമായ സ്കോഫീൽഡ് റഫറൻസ്, ബൈബിൾ രചിച്ച സൈറസ് എൻ സ്കോഫീൽഡ് എന്ന മഹത് വ്യക്തിയെക്കുറിച്ച് കേട്ടിട്ടുണ്ടോ?

വളരെ കഴിവുറ്റ ഒരു അഭിഭാഷകനായിരുന്നു സ്കോഫീൽഡ്. അദ്ദേഹം ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയോ ദൈവീക വഴിയിൽ ജീവിക്കുകയോ ചെയ്തിരുന്നില്ല.

ഒരിക്കൽ വളരെ സാധാരണക്കാരനായ ഒരു വിശ്വാസി സ്കോഫീൽഡുമായി സംസാരിച്ചു. ഒടുവിൽ അദ്ദേഹം സ്കോഫീൽഡിനോട് ചോദിച്ചു: “അങ്ങ് എന്തുകൊണ്ടാണ് ഒരു ക്രിസ്തു വിശ്വാസിയാകാത്തത്?”

ആ ഒരൊറ്റ ചോദ്യം സ്കോഫീൽഡിന്റെ ഹൃദയത്തെ തൊട്ടു. തുടർന്ന് അവർ വളരെ നേരം സംസാരിച്ചു. ഒടുവിൽ സ്കോഫീൽഡ് പറഞ്ഞു: “ഞാൻ ഒരു മദ്യപാനിയാണല്ലോ, ഞാൻ ജീവിതം പരാജയപ്പെട്ട ഒരു മനുഷ്യനാണ്. ഞാൻ എങ്ങനെയാണ് ക്രിസ്തുവിനെ സ്വീകരിക്കുന്നത്?”

വിശ്വാസിയായ മനുഷ്യൻ പറഞ്ഞു: “കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇന്നുമുതൽ ഒരു പുതിയ വ്യക്തിയായി ജീവിക്കാൻ ഞാനിതാ കർത്താവേ തൃക്കരങ്ങളിലേക്ക് എന്നെത്തന്നെ സമർപ്പിക്കുന്നു – ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കൂ.”

അന്ന് സ്കോഫീൽഡ് പുതിയ സൃഷ്ടിയായിത്തീർന്നു. ഒരുത്തൻ ക്രിസ്തുവിലായാൽ ഒരു പുതിയ സൃഷ്ടിയാകുന്നു.

പുതിയ സൃഷ്ടിയായി തീരുമ്പോൾ വിദ്യാഭ്യാസപരമായോ,

സാമ്പത്തികമായോ, ആരോഗ്യപരമായോ സാമൂഹീകമായോ ഉള്ള ഭേദങ്ങൾക്ക് പ്രസക്തിയില്ലാതാകുന്നു. പുതിയ സൃഷ്ടിയായി തീർന്ന ആൾ എന്തു വിദ്യാഭ്യാസം നേടിയിട്ടു ണ്ടോ, എന്തു ധനസ്ഥിതിയുള്ളവനാണോ, സമൂഹത്തിൽ എന്തെ ങ്കിലും വിലയും നിലയും പദവിയും സ്ഥാനമാനങ്ങളും ഉള്ളവ നാണോ എന്നൊന്നും ചിന്തിക്കുന്നതിലർത്ഥമില്ല. ക്രിസ്തുയേ ശുവിൽ പുതിയ സൃഷ്ടിയായി എന്നു പറഞ്ഞാൽ യാതൊരു വിധതരഭേദവും വകഭേദവും ഇല്ല.

ഇക്കാര്യമാണ് അപ്പോസ്തലനായ പൗലോസ് ഗലാത്യലേ ഖനത്തിൽ പറയുന്നത്.

“അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വത ന്ത്രനുമെന്നില്ല; ആണുംപെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രെ. 3:28

1858–ൽ ഫ്രാൻസെസ് റിഡ്‌ലി ഹാവർഗാൽ എന്ന ദൈവ ദാസി പിതാവിന്റെ കണ്ണിന്റെ ചികിത്സക്കായി ജർമനിയിൽപോ യി. അവിടെ ഒരു ദൈവദാസന്റെ വീടിന്റെ ചുമരിൽ യേശുക്രി സ്തുവിന്റെ ക്രൂശിത രൂപം വരച്ചുവെച്ചിരിക്കുന്നതുകണ്ടു. കുറെ നേരം ആ ചിത്രത്തിലേക്ക് നോക്കിക്കൊണ്ടുനിന്നു. ആ പട ത്തിന്റെ ചുവടെ ഇങ്ങനെ എഴുതിയിരുന്നു: “നിനക്കുവേണ്ടി ഞാനിതെല്ലാം സഹിച്ചു; നീ എനിക്കുവേണ്ടി എന്തു ചെയ്തു.?” ("I did this for thee, what hast thou done for me?'')

അവൾ ഒരു കഷണം കടലാസ് എടുത്ത് കുറിച്ചു. അത് മനോഹരമായ ഒരു കവിതയായിരുന്നു. പക്ഷെ, അവൾക്കതിൽ തൃപ്തി തോന്നിയില്ല; അതുകൊണ്ട് അവളത് എറിഞ്ഞുകളഞ്ഞു. പക്ഷെ, അവളുടെ അപ്പൻ അതെടുത്ത് അത് പ്രസിദ്ധപ്പെടുത്തു വാൻ അവളെ പ്രോത്സാഹിപ്പിച്ചു.

ഫിലിപ്പ് പി. ബ്ലിസ് എന്ന അനുഗൃഹീതഗായകൻ ആ കവിതയ്ക്ക് ഈണം നൽകി സുന്ദരമായൊരു ഗീതമാക്കി.

I gave my life for thee,
My precious blood I shed;
That thou might 'st ransomed be,
And quickened from the dead;
I gave, I gave my life, for thee
What hast thou given for me?

"തന്നു നിനക്കായിട്ടെൻ ജീവിതം,
ചൊരിഞ്ഞു രുധിരം വിലപ്പെട്ടതാം,
മറുവില നൽകി നിൻ വീണ്ടെടുപ്പി-
ന്നായും മൃതരിൽ നിന്നുയരിനായും
നൽകിയെൻ ജീവൻ നിനക്കായി ഞാൻ
നീയെനിക്കായെന്ത് തന്നിട്ടുള്ളൂ."

എനിക്കുവേണ്ടി ക്രിസ്തു മരിച്ചു എന്നു വിശ്വസിക്കുമ്പോഴാണ് പുതിയ സൃഷ്ടിയായിത്തീരുന്നത്. ഒരു പാപവും ചെയ്യാത്ത ക്രിസ്തു എന്റെ പാപത്തിന്റെ ശിക്ഷ എനിക്കൊഴിവാക്കിത്തരുന്നതിനുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തി എന്ന് വിശ്വസിക്കുമ്പോൾ പുതിയ സൃഷ്ടിയായിത്തീരും. എന്റെ നരകവിധി ക്രിസ്തു ഒഴിവാക്കാൻ എനിക്കുവേണ്ടി കൊടിയ യാതനയും നാരകീയ ദുരിതവും വഹിച്ചല്ലൊ എന്ന് ചിന്തിക്കുമ്പോഴാണ് നമ്മുടെ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം കിനിയുന്നത്. ആ സ്നേഹത്തിന്റേയും നന്ദിയുടേയും ഉറവിൽ നിന്നാണ് ഒരു പുതിയ സൃഷ്ടിയായി ജീവിക്കുവാനുള്ള വാഞ്ഛ ഉളവാക്കുന്നത്.

അത് മറ്റാരുടേയും പ്രേരണ കൊണ്ടല്ല; പെട്ടെന്നുള്ള വികാ

രാവേശം കൊണ്ടുമല്ല. എന്റെ പാപങ്ങൾക്ക് ഞാൻ ഏൽക്കേണ്ട ശിക്ഷ ക്രിസ്തു വഹിച്ചു എന്നുള്ള യാഥാർത്ഥ്യബോധത്തിൽ നിന്നാണ് പുതിയ സൃഷ്ടി ഉരുവാകുന്നത്; പുതിയ സ്വഭാവം ഉളവാകുന്നത്; ക്രിസ്തുവിന്റെ സ്വഭാവം നിഴലിടുന്നത്.

നമ്മുടെ പഴയ മനുഷ്യൻ മരിക്കാനാണ് ക്രിസ്തു നമുക്ക് വേണ്ടി മരിച്ചത്. പഴയ മനുഷ്യൻ ആദാമിന്റെ പാരമ്പര്യത്തിലാണ്. ഒന്നാം ആദാം എന്ന ആദ്യ മനുഷ്യൻ പഴയ ആളത്വത്തിന്റെ ഉടമസ്ഥനാണ്. എന്നാൽ ക്രിസ്തു പുതിയ സൃഷ്ടിയുടെ അധിപതിയാണ്. അതാണ് പൗലോസ് പറയുന്നത്.

> "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിതീർന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മീകമല്ല പ്രാകൃതമത്രേ ഒന്നാമത്തേത്; ആത്മീകം പിന്നത്തേതിൽ വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്നു മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗ്ഗീയനെപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു; നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും."
>
> 1 കൊരി. 15:45–49

ഏകമനുഷ്യനായ ഒന്നാം ആദാമിന്റെ അനുസരണക്കേടിനാൽ മനുഷ്യരെല്ലാവരും പാപികളായി. പാപവും തന്മൂലം ശിക്ഷാവിധിയും ഒന്നാം ആദാമിന്റെ പാപം മൂലം മനുഷ്യനിൽ വന്നു. എന്നാൽ രണ്ടാം ആദാമായ ക്രിസ്തുവിന്റെ അനുസര

ണത്താൽ നീതീകരണവും നിത്യരക്ഷയും മനുഷ്യർക്കു ലഭിച്ചു. പുതിയ സൃഷ്ടി ക്രിസ്തു മൂലം നീതീകരണവും രക്ഷയും അനുഭവിക്കുന്ന പുതിയ മനുഷ്യനാണ്. അതാണ് പൗലോസ് പറയുന്നത്.

> “മുമ്പിലത്തെ നടപ്പുസംബന്ധിച്ച് ചതി മോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ.”
>
> എഫെസ്യർ. 4:22–24

ഒരു പുതിയ സൃഷ്ടിയായിത്തീർന്നുവെങ്കിൽ നമുക്ക് ചുറ്റുമുള്ള സഹജീവികളെക്കുറിച്ച് ഒരു പുതിയ വീക്ഷണം ലഭിക്കും. അവരെ സഹപ്രവർത്തകരായോ സുഹൃത്തുക്കളായോ ശത്രുക്കളായോ എതിരാളികളായോ കാണുകയില്ല. ക്രിസ്തു ഓരോരുത്തരേയും എങ്ങനെ കാണുന്നു എന്ന കാഴ്ചപ്പാടിൽകൂടി നാം അവരെ കാണാൻ തുടങ്ങും. ഒരിടയൻ ആവശ്യമായ, നഷ്ടപ്പെട്ടു അലഞ്ഞുതിരിയുന്ന ഒരു ആടിനെപ്പോലെ നാം അവരെ കാണും. ക്രിസ്തുവിന്റെ സ്നേഹത്തിലൂടെ നാം എല്ലാവരേയും കാണും.

അതെന്തൊരുഭാഗ്യമാണ്! ക്രിസ്തുവിന്റെ മന്സസുളഅളവരായി നാം തീരും. ക്രിസ്തിവിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യരായി നാം മാറും. അതാണ് പൗലോസ് പറഞ്ഞത്.

> “ആകയാൽ ഞങ്ങൾ ഇന്നുമുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല..... ഒരുത്തൻ ക്രിസ്തുവിലാ

> യാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ."
>
> 2 കൊരി. 5:16–18

പ്രിയസ്നേഹിതരേ, ഈ അനുഭവം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? ഒരു പുതിയ കാഴ്ചപ്പാടും മനോഭാവവും നിങ്ങൾ സ്വായത്തമാക്കിയോ? ക്രിസ്തുവിന്റെ അതേ ഭാവത്തോടെ ലോകത്തേയും സഹജീവികളേയും ആത്മീയജീവിതത്തേയും ആത്മീയശുശ്രൂഷയെപ്പോലും കാണാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ?

പൗലോസ് പറഞ്ഞു:

> "ക്രിസ്തുയേശിവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ."
>
> ഫിലിപ്പിയർ. 2:5

New International Version –ൽ ഈ വാക്യം ഇങ്ങനെയാണ്.

"Your attitude should be the same as that of Christ Jesus.'' കാഴ്ചപ്പാടും മനോഭാവവും അനുസരിച്ചായിരിക്കും നമ്മിൽ നിന്നു അനന്തരഫലം ഉളവാക്കുന്നത്. ("Outlook determines the outcome'') ക്രിസ്തുവിന്റെ ആദർശവും മനോഭാവവും ലഭിക്കുമ്പോൾ അതിനനുയോജ്യമായ വാക്കും പ്രവൃത്തിയും നമ്മിൽനിന്നുണ്ടാകും. ഒരു ചെറിയ ക്രമീകരണംകൊണ്ടോ താല്ക്കാലികമായ തീരുമാനംകൊണ്ടോ ചില പെരുമാറ്റങ്ങളെ രൂപാന്തരപ്പെടുത്താനായി എന്നുവന്നേക്കാം. എന്നാൽ സ്ഥായിയായ വ്യതിയാനം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ ക്രിസ്തുവിന്റെ ആളത്വം നാം പ്രാപിക്കണം.

അതുതന്നെയാണ് പൗലോസ് പറയുന്നുത്:

> "കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതി ബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാ കുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തര പ്പെടുന്നു."
>
> 2 കൊരിന്ത്യർ. 3:16–18

പ്രിയ സ്നേഹിതാ, മാന്യസഹോദരീ, ക്രിസ്തുവിൽ വസി ക്കുമ്പോഴുള്ള പുതിയ സൃഷ്ടിയുടെ അനുഭവം നിനക്കു ലഭി ച്ചുവോ? ക്രിസ്തുയേശുവിൽ നീ ഒരു പുതിയ സൃഷ്ടിയായി ത്തീർന്നുവോ? "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടി രിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" എന്ന് അപ്പോസ്തലൻ പറഞ്ഞ അനുഭവത്തി ലേക്കു വരാൻ നിനക്കു കഴിഞ്ഞുവോ? ഗലാത്യർ 2:20. പ്രിയ ദൈവപൈതലേ, നീ അതിന് വാഞ്ഛിക്കുന്നു എങ്കിൽ ഇപ്പോൾ നിന്റെ സമീപത്തുനിൽക്കുന്ന ക്രിസ്തുവിനോടു പറയൂ: "നാഥാ ഇന്നുമുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും."

ക്രിസ്തുവിൽ വസിക്കുന്ന പുതിയ സൃഷ്ടിയായി തീർന്ന മഹാഭാഗ്യത്തിലേക്ക് നിങ്ങളെ കർത്താവ് നയിക്കട്ടെ.

## മൂന്ന്

"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും."

യോഹ. 15:4

"അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവരെന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ."

റോമർ. 6:11

ക്രിസ്തുവിന്റെ വചനംകേട്ട് മാനസാന്തരപ്പെട്ട ധാരാളം ആളുകൾ ഉണ്ട്. അവരുടെ ജീവിതത്തിൽ പ്രകടമായ പാപങ്ങളോട് യാത്ര പറഞ്ഞിട്ടുണ്ടാകാം. ഒരു പുതിയ ജീവിതം നയിക്കണമെന്ന് ആഗ്രഹം വന്നിട്ടുണ്ടാകാം. തിരുവചനധ്യാനത്തിനും പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും താൽപര്യം ഉണ്ടായിരിക്കാം. പക്ഷേ പഴയ ആൾ മരിച്ചു; ഇപ്പോൾ ജീവിക്കുന്നത് ഒരു പുതിയ മനുഷ്യനാണ് എന്ന വ്യക്തമായ അനുഭവമില്ല.

മിസ്രയീമിൽനിന്നു പുറപ്പെട്ടു; ചെങ്കടൽ കടന്നു. പക്ഷേ

കനാനിൽ എത്തിയില്ല. അവർ രക്ഷിക്കപ്പെട്ടു; പക്ഷേ, സംതൃപ്തരല്ല; ജയജീവിതമല്ല. അവർ ഈജിപ്റ്റിനും കനാനും ഇടയിലാണ്. അവർ ദുഃഖവെള്ളിയാഴ്ചയ്ക്കും ഉയിർപ്പുഞായറാഴ്ചയ്ക്കുമിടയിലാണ്. ക്രൂശുമരണത്തിൽ വിശ്വസിക്കുന്നുണ്ട്; പക്ഷെ ഉയിർപ്പിന്റെ ശക്തിയും മഹത്വവും ഉൾക്കൊള്ളുന്നില്ല; അനുഭവിക്കുന്നുമില്ല.

യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ ഇക്കാര്യം വളരെ വിലയേറിയ ഒരു ആത്മീയ പാഠമായി നമുക്ക് ലഭിക്കുന്നുണ്ട്. ലാസർ മരിച്ചു ജീർണ്ണിച്ചു കിടക്കുന്നതുപോലെ മനുഷ്യന്റെ ആത്മാവ് മരിച്ചുകിടക്കുകയാണ്. ലാസർ ആത്മാവിന്റെ പ്രതീകമാണ്. (Symbol) മാർത്ത ശരീരത്തിന്റെയും മറിയ മനസ്സിന്റെയും പ്രതീകങ്ങളാണ്.

മനുഷ്യന് ദേഹമുണ്ട്, ദേഹിയുണ്ട്, ആത്മാവുണ്ട്. ആത്മാവു മരിച്ചു കിടക്കുന്നു. മാർത്ത ചെന്ന് ക്രിസ്തുവിനോടു പറയുന്നു:

“കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു,”

ക്രിസ്തു അവളോടു പറഞ്ഞു:

“ഞാൻ തന്നേ പുനരുത്ഥാനവും ജീവനുമാകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.”

ക്രിസ്തുവിന്റെ ഈ വചനമൊന്നും മാർത്തക്ക് മനസ്സിലാകുന്നില്ല. പഴയ മനുഷ്യന് ആത്മാവിന്റെ ശബ്ദം തിരിച്ചറിയാൻ കഴിയുകയില്ല. ശരീരത്തിന് ഒന്നും ഗ്രഹിക്കാൻ കഴിയുന്നില്ല. ശരീരത്തിന്റെ ഒരു സമർപ്പണം കൊണ്ടോ, ഒരു തകർച്ചകൊണ്ടോ, ഒരു കരച്ചിൽകൊണ്ടോ, ബാഹ്യവും ഉപരിപ്ലവവുമായ ഒരു പ്രാർത്ഥനകൊണ്ടോ, ആത്മാവുജീവൻ പ്രാപിക്കുകയില്ല.

പക്ഷേ, ശരീരത്തിന് അതിന്റെ പങ്കു നിർവ്വഹിക്കാം. "ഗുരു വന്നിച്ചുണ്ട്; നിന്നെ വിളിക്കുന്നു" എന്ന് മാർത്ത മറിയയോട് പറഞ്ഞു. മാർത്തയുടെ ശബ്ദം കേട്ടപ്പോൾ നിരാശപൂണ്ടിരുന്ന മറിയ എഴുന്നേറ്റുചെന്ന് ക്രിസ്തുവിന്റെ പാദത്തിൽ വീണ് യാചിച്ചു, പ്രാർത്ഥിച്ചു. മാർത്തയോടൊപ്പം ഇപ്പോൾ മറിയയും ക്രിസ്തുവിന്റെ പാദത്തിലെത്തി. മാർത്ത പറഞ്ഞ അതേ വാക്കുകൾ തന്നെ മറിയയും പറഞ്ഞു. ശരീരത്തോടൊപ്പം മനസ്സും അനുതാപത്തിലേക്കും തകർച്ചയിലേക്കും അരിഷ്ടതയിലേക്കും ആവശ്യബോധത്തിലേക്കും അഭയയാചനയിലേക്കും വരണം.

അപ്പോഴാണ് ക്രിസ്തു ചോദിക്കുന്നത്:

"അവനെ വെച്ചത് എവിടെ?"

ശരീരവും മനസ്സും തകർന്ന് ക്രിസ്തുവിന്റെ കരുണയ്ക്കു വേണ്ടി യാചിക്കുകയാണ്; തുറന്ന് വേദന അറിയിക്കുകയാണ്. അപ്പോൾ ക്രിസ്തു ഉള്ളംനൊന്തുകലങ്ങുന്നു; ക്രിസ്തു കണ്ണുനീർ വാർക്കുന്നു. ലാസറിനെ ഉയിർപ്പിക്കുവാനായി രക്ഷകനിതാ നീങ്ങുകയാണ്.

ദൈവപൈതലേ, നിന്റെ ആത്മാവു മരിച്ചിരിക്കുന്നു എന്ന ബോധവും ആ സുബോധത്തിൽ നിന്നുളവാകുന്ന അരിഷ്ടതയും നിന്റെ ഹൃദയത്തിൽ നിറയുന്നുണ്ടോ? ശരീരവും മനസ്സും ഒരുപോലെ വശംകെട്ട അവസ്ഥയിൽ നിലവിട്ട് തകർന്ന്, അനുതപിക്കുന്നുണ്ടോ? "അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും" എന്ന് യെശ്യ്യാവ് തന്റെ പ്രവചനത്തിൽ പറയുന്നുണ്ടല്ലോ. യെശയ്യാ. 66:2

"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മന

സ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു." സങ്കീ, 34:18

> "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ നീ നിരസിക്കയില്ല."
>
> സങ്കീ. 51:17

എന്നിങ്ങനെ സങ്കീർത്തനക്കാരനായ ദാവീദ് പാടുന്നുണ്ടല്ലോ.

മനസ്സും ശരീരവും സകല അവകാശവാദവും വിട്ട് സകല അഭിമാനവും വിട്ട്, സകല പരിഭവവും വിട്ട്, സകല ന്യായീകരണവും വിട്ട്, സകല നിരാശയും വിട്ട്, ക്രിസ്തുവിന്റെ സന്നിധിയിലേക്ക് അടുത്ത് ചെല്ലുമ്പോഴാണ് ക്രിസ്തു ആത്മാവിനെ ഉയിർപ്പിക്കാൻ ഒരുമ്പെടുന്നത്.

യേശു ലാസറിനെ സംസ്ക്കരിച്ചിരിക്കുന്ന കല്ലറയിലേക്ക് നടക്കുകയാണ്. കല്ലു നീക്കുവിൻ എന്നു കല്പ്പിച്ചു. ചീഞ്ഞ്, നാറ്റം വച്ചിരിക്കുന്ന അവസ്ഥ യേശു ക്രിസ്തുവിന്റെ മുമ്പാകെ തുറന്നു കാണിച്ചാൽ മാത്രമേ ആത്മാവിനെ ഉയിർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അത് ചെയ്യേണ്ടത് മാർത്തയും മറിയയും ആണ്. ശരീരവും മനസ്സും ഏകോപിച്ച് പ്രവർത്തിക്കേണ്ടതാണ് ആത്മാവിന്റെ അവസ്ഥ തുറന്നുകാണിക്കുക എന്നത്.

അപ്പോഴാണ് മാർത്ത പറയുന്നത്:

"കർത്താവേ, നാറ്റം വെച്ച് തുടങ്ങി; നാലുദിവസമായല്ലൊ."

ശരീരം വിസമ്മതിക്കുകയാണ് തുറന്നു കാണിക്കുവാൻ.

അപ്പോഴാണ് ക്രിസ്തു കൽപ്പിച്ചത്

"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്ത്വം കാണും."

അവർ കല്ലു നീക്കി; യേശു മേലോട്ട് നോക്കി പ്രാർത്ഥിച്ചു. ദുർഗന്ധം യേശുവിനെ അലട്ടിയില്ല. യേശു കല്ലറക്കുള്ളിലേക്ക് തല നീട്ടി.

"ലാസറേ, പുറത്തു വരിക."

എന്തൊരത്ഭുതം! മരിച്ച്, അടക്കി, നാലു ദിവസമായവൻ, ചീഞ്ഞ് ദുർഗന്ധം വമിച്ചു തുടങ്ങിയവൻ ജീവിച്ചു.!

ശരീരവും മനസ്സും ചെയ്യേണ്ടത് ചെയ്തപ്പോൾ ആത്മാവിനെ യേശു ഉയിർപ്പിച്ചു. ലാസർ ജീവൻ പ്രാപിച്ച് പുറത്തു വന്നു നിന്നു. "അവന്റെ കയ്യും കാലും കെട്ടിയിരുന്നു. അവന്റെ മുഖം റൂമാൽ കൊണ്ട് മൂടിയിരുന്നു."

ആത്മാവ് ജീവൻ പ്രാപിച്ചു. പക്ഷെ, ബന്ധനത്തിലാണ്. കെട്ട് അഴിയേണ്ടിയിരിക്കുന്നു. എങ്കിലേ ചലിക്കാനാകൂ; എന്തെങ്കിലും പ്രവർത്തിക്കാനാകൂ.

അനേകം ദൈവമക്കൾ രക്ഷിക്കപ്പെട്ടവരാണ്; പക്ഷെ ബന്ധനത്തിലാണ്. അവയവങ്ങളിൽ ബന്ധനമുണ്ട്. കെട്ടഴിഞ്ഞിട്ടില്ല. അതാണ് ആദ്യം പറഞ്ഞത്; ഈജിപ്ത് വിട്ടു, ചെങ്കടൽ കടന്നു, പക്ഷെ കനാനിലെത്തിയില്ല.

ഇന്നും ആത്മാവിലെ ബന്ധനമഴിയാത്ത അവസ്ഥയിലാണോ, സ്നേഹിതാ, നീ ജീവിക്കുന്നത്? അസൂയയും പകയും മുഷിച്ചിലും നീരസവും പരിഭവവും കൈയ്പ്പും സ്വാർത്ഥതയും ദ്രവ്യാഗ്രഹവും കോപവും ശാഠ്യവും പിടിവാശിയും നിന്റെ ജീവിതത്തിലെ ആന്തരിക ബന്ധനമാണെന്ന് നീ അറിയുന്നുണ്ടോ? ഈ ബന്ധനങ്ങൾ നിന്റെ ജീവിതത്തിൽ നിന്നും അഴിച്ചുമാറ്റാൻ

ക്രിസ്തുവിന് കഴിയുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ?

വചനം എന്തുപറയുന്നു?

> "പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി."
>
> 1 യോഹ. 3:8

ലാസർ "ജീവന്റെ പുതുക്കത്തിൽ" നടക്കേണ്ടവനാണ്. അതിന് ബന്ധനമഴിഞ്ഞേ മതിയാവുകയുള്ളൂ. അതാണ് "ക്രിസ്തുയേശുവിൽ ദൈവത്തിന്ന് ജീവിക്കുക" എന്ന അനുഭവം.

ലാസറിന്റെ ഒന്നാമത്തെ അനുഭവം മരിച്ച്, അടക്കപ്പെട്ട്, നാറ്റം വെച്ച് തുടങ്ങിയ അനുഭവം.

രണ്ടാമത്തെ അനുഭവം, ക്രിസ്തു ഉയിർപ്പിച്ച് ജീവൻ നൽകിയ അനുഭവം.

മൂന്നാമത്തെ അനുഭവം, ബന്ധനമഴിഞ്ഞ് ജീവന്റെ പുതുക്കത്തിൽ നടക്കുന്ന അനുഭവം.

നാലാമത്തെ അനുഭവം, ക്രിസ്തുവിനോടുകൂടെ പന്തിയിൽ ഇരിക്കുന്ന അനുഭവം. യോഹന്നാന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായത്തിൽ ലാസറിന്റെ വീട്ടിൽ വിരുന്നൊരുക്കി ക്രിസ്തുവിനോടൊരുമിച്ച് ആനന്ദിക്കുമ്പോൾ ലാസർ കൂടെ പന്തിയിലിരിക്കുന്നതായി വിവരിക്കുന്നുണ്ട്. ജീവന്റെ പുതുക്കത്തിൽ നടക്കുന്നവനാണ് കൂടെയിരിക്കുന്ന, കൂട്ടായ്മയുടെ മധുരതരമായ അനുഭവം പ്രാപിക്കുന്നത്.

ക്രിസ്തുവിൽ ദൈവത്തിന് ജീവിക്കുന്നവർ എപ്പോഴും കൂട്ടായ്മയുടെ മധുരാനുഭവത്തിൽ ആനന്ദിക്കും. അപ്പോഴാണ്, ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷമുണ്ടാകുന്നത്. സങ്കീ.

118:15. ആ ഘോഷത്തിന്റെ ആരവാരംകൊണ്ട് ജീവിതമാകെ മുഖരിതമായിരിക്കും. ആരാധനയുടെ സൗഭാഗ്യത്തിൽ ഉല്ലസിക്കുന്ന അനുഭവമാണത്.

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയോട് ലയിച്ച് ചേർന്ന് ജീവിക്കുന്നവരാണ് ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ. പഴയ മനുഷ്യന്റെ സ്വഭാവം – പ്രകൃതി (Old Human Nature) മരിച്ച് ക്രിസ്തുവിന്റെ ഉയിർപ്പിൻ ജീവനിൽ വസിക്കുന്ന ഉന്നതമായ അനുഭവമാണത്.

അവരെ കുറിച്ചത്രെ, പൗലോസ് കൊലൊസ്യ ലേഖനം മൂന്നാമദ്ധ്യായത്തിന്റെ ആദ്യവാക്യങ്ങളിൽ പറയുന്നത്:

> "നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടും."
>
> കൊലോ. 3:1

ദൈവപൈതൽ, ക്രിസ്തുവിൽ ദൈവത്തിന്ന് ജീവിക്കുമ്പോൾ പാപത്തോടുള്ള മനോഭാവം മാറുകയാണ്. ലോകത്തോടുള്ള മനോഭാവത്തിലും മാറ്റം വരികയാണ്. ഭൂമിയിലെ കാര്യങ്ങൾക്കല്ല ഉയരത്തിലെ കാര്യങ്ങൾക്ക് ഒന്നാം സ്ഥാനം വരികയാണ്. ലാക്കും ലക്ഷ്യവും ഉയരത്തിലെ കാര്യങ്ങളായി മാറുകയാണ്. ലോകകാര്യങ്ങൾ അലട്ടാൻ വരുമ്പോൾ അവയെ ഇല്ലായ്മ ചെയ്യുന്ന ഉയ

രത്തിലെ ചിന്തകൾ മനോമണ്ഡലത്തേയും ജീവിതത്തേയും മുഴുവനായി സ്വാധീനം ചെയ്യുകയാണ്.

ക്രിസ്തു യേശുവിൽ ദൈവത്തിനു ജീവിക്കുന്ന ദൈവപൈതൽ പാപത്തിന്നു മരിച്ചവനെന്നു തന്നത്താൻ കണക്കാക്കുന്നവനാകയാൽ പാപത്തിലേക്ക് തിരികെ പോകാൻ താല്പര്യപ്പെടുകയില്ല. ഉയിർത്തെഴുന്നേറ്റ് ബന്ധനമഴിഞ്ഞ് ക്രിസ്തുവിന്റെ കൂടെ പന്തിയിലിരിക്കുന്ന ലാസർ ഒരിക്കലും ചിന്തിക്കുമോ, ആഗ്രഹിക്കുമോ, ശവസംസ്ക്കാരവസ്ത്രങ്ങൾ ധരിച്ച് തിരികെ പോയി ശവക്കല്ലറക്കുള്ളിൽ കടന്ന് കിടക്കാമെന്ന്!

എന്നാൽ ഉയിർത്തെഴുന്നേറ്റ ലാസറിനെ കൊല്ലണമെന്ന് ചിലർ ആഗ്രഹിച്ചു!

> "യേശു അവിടെയുണ്ടെന്ന് അറിഞ്ഞിട്ടു യഹൂദന്മാരുടെ ഒരു വലിയ പുരുഷാരം യേശുവിന്റെ നിമിത്തം മാത്രമല്ല, അവൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച ലാസറിനെ കാൺമാനായിട്ടും കൂടെ വന്നു. അവൻ ഹേതുവായി അനേകം യഹൂദന്മാർ ചെന്ന് യേശുവിൽ വിശ്വസിക്കയാൽ ലാസറെയും കൊല്ലേണമെന്ന് മഹാപുരോഹിതന്മാർ ആലോചിച്ചു."
>
> യോഹ. 12:9–11

ഇത് വീണ്ടെടുക്കപ്പെട്ട്, ബന്ധനമഴിഞ്ഞ്, ജീവന്റെ പുതുക്കത്തിൽ നടക്കുന്ന ദൈവമക്കൾക്കുള്ള ഒരു വെല്ലുവിളിയാണ്. സ്നേഹിതാ, നിന്നെ കൊല്ലണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. കാരണം, നീ മൂലം യേശുവിൽ അനേകർ വിശ്വസിക്കുന്നു. അനേകർ ദൈവരാജ്യത്തിന്നവകാശികളായി തീരുന്നു. അനേകർ നരകഭീകരതയിൽ നിന്നും മോചനം പ്രാപിക്കുന്നു.

അനേക കുടുംബങ്ങളിൽ സ്നേഹവും ഐക്യവും സമാധാനവും ഉണ്ടാകുന്നു. അനേകരുടെ പൈശാചിക ബാധകൾ മാറുന്നു. അനേകർ പാപദാസ്യത്തിൽ നിന്ന് മോചനം പ്രാപിക്കുന്നു. അതുകൊണ്ട് നിന്നെക്കൊന്ന് ശവസംസ്ക്കാരവസ്ത്രം ധരിപ്പിച്ച് കല്ലറയിൽ കൊണ്ടുപോയി കിടത്തുവാൻ ചിലർ പര്യാലോചിക്കുന്നു.

ആരാണ് നിന്നെ കൊല്ലുവാൻ നോക്കുന്നവർ? യരുശലേം ദേവാലയത്തിലെ മഹാപുരോഹിതന്മാർ. വേദപുസ്തകം പഠിച്ചിട്ടുള്ളവർ. അബ്രഹാം, മോശ മുതലായ പിതാക്കന്മാരുടെ പാരമ്പര്യത്തിൽ അഭിമാനിക്കുന്നവർ. വേദപുസ്തകം പഠിപ്പിക്കുന്നവർ. യഹൂദ ന്യായപ്രമാണവും പാരമ്പര്യങ്ങളും ജനങ്ങളെ പഠിപ്പിക്കുന്നവർ. ദൈവത്തിനും മനുഷ്യന്നുമിടയിൽ നിരപ്പിന്റെ ശുശ്രൂഷ നിർവ്വഹിപ്പാൻ നിയമിക്കപ്പെട്ടിട്ടുള്ളവർ, നിയോഗിക്കപ്പെട്ടിട്ടുള്ളവർ. സത്യാരാധന ജനത്തെ അഭ്യസിപ്പിക്കാൻ ജീവിതം വേർതിരിക്കപ്പെട്ടവർ. യെരുശലേം ദേവാലയത്തിന്റെ പ്രാകാരത്തിന്നും വിശുദ്ധസ്ഥലത്തിന്നും അപ്പുറം അതിവിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെയ്യുന്നവർ.

അയ്യോ, അവർ ലാസറിനേയും കൊല്ലേണം എന്നാലോചിക്കുകയോ? എന്താണിത്? അവരെക്കിറിച്ച് കർത്താവ് എന്താണ് പറഞ്ഞത്?

> "നിങ്ങൾ തുളസിയും അരുതയിലും എല്ലാ ചീരയിലും പതാരം കൊടുക്കയും ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു. ഇത് ചെയ്യുകയും അത് ത്യജിക്കാതിരിക്കുകയും വേണം. പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾക്ക് പള്ളിയിൽ മുഖ്യാസനവും

അങ്ങാടിയിൽ വന്ദനവും പ്രിയമാകുന്നു."

ലൂക്കോസ്. 11:42–43

അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി, തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും, മനുഷ്യർ റബ്ബി എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. മത്തായി. 23:5–7

പ്രിയസ്നേഹിതാ, മാന്യസഹോദരി, നിന്റെ ആത്മീയ ജീവൻ നഷ്ടപ്പെടുത്തി നിന്നെ പാപത്തിലേക്ക് തിരികെകൊണ്ടുപോകാനാഗ്രഹിക്കുകയും യത്നിക്കുകയും ചെയ്യുന്ന പൈശാചികന്റെ കെണിയിൽ നീ വീഴാതിരിപ്പാൻ ശ്രദ്ധിച്ചുകൊള്ളൂ. ഫെലിസ്ത്യന്ന് ഒരു കാലത്ത് പേടിസ്വപ്നമായിരുന്ന ശിംശോൻ ശക്തി ക്ഷയിച്ചവനായി ഫെലിസ്ത്യരുടെ കളിപ്പാവയായി പോയ കാര്യം നീ മറക്കരുത്. നായ ഛർദ്ദിച്ചതിലേക്ക് തിരിഞ്ഞതുപോലെ വിട്ടുപോയ പാപങ്ങളിലേക്ക് നീ ഇനിയും തിരിഞ്ഞുപോകാൻ ഇടവരരുത്. നിന്നെത്തന്നെ സൂക്ഷിക്ക.

നിന്നെ സ്നേഹിച്ച് ജീവന്റെ പുതുക്കത്തിൽ നടത്താൻ നിന്റെ ജീവിതത്തിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനെ കെടുക്കരുതേ; തുച്ഛീകരിക്കരുതേ; ദുഃഖിപ്പിക്കരുതേ.

ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്ന ഒരു പുതിയ ജീവിതം നയിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

## നാല്

> “എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കു.”
>
> യോഹ. 15:4

> “ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.”
>
> റോമർ. 8:2

ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടി

ക്രിസ്തുയേശുവിൽ ദൈവത്തിന്ന് ജീവിക്കുന്നവൻ.

ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം

ജീവിതൈശ്വര്യത്തിന്റെ അടിസ്ഥാന ശിലകളാണ് സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം. (Equality, Fraternity, Liberty) അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ലിൻ റൂസ് വെൽറ്റ് 1941 ജനു

വരി ആറാം തീയതി ചെയ്ത ഒരു പ്രസംഗത്തിന്റെ ഒടുവിലത്തെ ഭാഗത്ത്, ലോകം അടിത്തറപാകി നിൽക്കുന്ന നാലു മാനുഷിക സ്വാതന്ത്ര്യങ്ങളെക്കുറിച്ച് പ്രസ്താവിക്കുകയുണ്ടായി. അവ അഭിപ്രായ സ്വാതന്ത്ര്യം (Freedom of Speech), ആരാധനാ സ്വാതന്ത്ര്യം (Freedom of Worship), ആവശ്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യം (Freedom from Want), ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം (Freedom from Fear) എന്നിവയാണ്.

സ്വാതന്ത്ര്യം അമൃതതുല്ല്യമാണെന്നും അസ്വാതന്ത്ര്യം മാനികൾക്ക് മരണത്തേക്കാൾ ഭയാനകമാണെന്നും കവികൾ പാടിയിട്ടുണ്ട്.

"സ്വാതന്ത്ര്യം തന്നെ അമൃതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം."

മഹകവി വള്ളത്തോൾ "കിളിക്കൊഞ്ചൽ" എന്ന കവിതയിൽ ചൊല്ലി.

ബന്ധുരകാഞ്ചനകൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

സ്വർണ്ണക്കൂട്ടിൽ അടച്ചിരിക്കുകയാണെങ്കിലും ആ ബന്ധനം ബന്ധനം തന്നെയാണ്.

എന്നാൽ ശാരീരികമായ ബന്ധനത്തേക്കാൾ എത്രയോ ഭയാനകമാണ് ആന്തരികമായ ബന്ധനം. ആത്മാവിന്റെ ബന്ധനം. മനുഷ്യന് ദേഹമുണ്ട്, ദേഹിയുണ്ട്, ആത്മാവുണ്ട്. ആത്മാവിന്റെ സ്വച്ഛതയെയും സ്വസ്ഥതയെയും ഹനിക്കുന്നതാണ് പാപം. ആത്മാവ് പാപത്തിന്റെ ബന്ധനത്തിലായിപ്പോകുന്ന അവസ്ഥയുണ്ട്. പാപത്തിൽനിന്ന് സ്വാതന്ത്ര്യം നേടാൻ

വളരെ ആഗ്രഹിക്കുകയും കിണഞ്ഞ് പരിശ്രമിക്കുകയും ചെയ്തിട്ടും പിന്നെയും ബന്ധനത്തിൽത്തന്നെ കിടക്കുന്ന ആളുകളുണ്ട്.

ക്രിസ്തു സ്വാതന്ത്ര്യം തന്നാൽ മാത്രമേ സാക്ഷാൽ സ്വാതന്ത്ര്യമാകുകയുള്ളൂ. അതാണ് പരിശുദ്ധാത്മാവ് നൽകുന്ന സ്വാതന്ത്ര്യം. അപ്പോസ്തലനായ പൗലോസ് ഇതിനെക്കുറിച്ച് പറയുന്നുണ്ട്:

> "കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്."
>
> 2 കൊരി. 3:17

നമ്മുടെ കർത്താവ് അരുളിചെയ്തിട്ടുണ്ട്;

> "എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും. പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും."
>
> യോഹ. 8:31–36

ആത്മാവിന്റെ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാണ് റോമർക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായം. അതിൽ ക്രിസ്തുവിനോട് ചേരുന്നതുമൂലം നമുക്ക് ലഭിക്കുന്ന നാലുതരം സ്വാതന്ത്ര്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

ഒന്ന് ന്യായവിധിയിൽ നിന്നുള്ള സ്വാതന്ത്ര്യം. (Freedom from judgement - no condemnation) റോമർ 8:1–4.

രണ്ട് പരാജയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. (Freedom from defeat - no obligation) റോമർ 8:5–17.

മൂന്ന് നിരുത്സാഹത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. (Freedom from discouragement - no frustration) റോമർ 8:18–30.

നാല് ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം. (Freedom from fear - no separation) റോമർ 8:31–39.

ശിക്ഷാവിധിയിൽ നിന്ന് മോചനം ലഭിക്കുന്നതിന് കാരണം നാം ദൈവത്തിന്റെ നീതി പ്രാപിക്കുന്നു എന്നുള്ളതാണ്. ന്യായ പ്രമാണത്തിന് നമ്മെ കുറ്റം വിധിക്കാൻ സാധിക്കാത്തവിധം ദൈവനീതി നമുക്ക് ലഭിച്ചിരിക്കുന്നു.

പരാജയത്തിൽനിന്ന് മോചനം ലഭിക്കുന്നതിന് കാരണം നമുക്ക് ജയത്തിന്റെ ആത്മാവിനെ ലഭിച്ചു എന്നതാണ്. ജയ ത്തിന്റെ ആത്മാവ് നമ്മെ ജഡത്തെ കീഴടക്കാനും ദൈവത്തോ ടുകൂടെ ദൈവത്തിനുവേണ്ടി ജീവിക്കാനും നമ്മെ പ്രാപ്തരാ ക്കുന്നു.

നിരാശയിൽ നിന്നും നിരുത്സാഹത്തിൽ നിന്നും നമുക്ക് മോചനം ലഭിക്കുന്നതിനുകാരണം, ക്രിസ്തുവിന്റെ പുനരാഗമന ത്തെക്കുറിച്ചുള്ള ഭാഗ്യകരമായ പ്രത്യാശയാൽ ദൈവതേജസ്സിന്റെ മഹത്വത്തിന്ന് നാം പങ്കാളികളായിത്തീരുന്നു എന്നതാണ്.

ഭയപ്പാടിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനുള്ള കാരണമാകട്ടെ, ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിക്കാൻ ആർക്കും, ഒന്നിനും സാദ്ധ്യമല്ല എന്ന ഉറപ്പു നമുക്കു ലഭിക്കുന്ന

തിനാലാണ്. ക്രിസ്തു യേശുവിലുള്ള ദൈവസ്നേഹത്തെ നാം നിരന്തരം അനുഭവിക്കുന്നു എന്നത് എത്രയോ ഭാഗ്യകരമായ അനുഭവമാണ്.

ആ മഹനീയമായ അനുഭവത്തെ പൗലോസ് റോമർ എട്ടാമ ദ്ധ്യായത്തിന്റെ ഒടുവിലത്തെ ഭാഗത്ത് പ്രസ്താവിക്കുന്നുണ്ട്.

“ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോട് കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്ന വൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴു ന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലതുഭാഗത്തിരിക്കയും നമുക്ക് വേണ്ടി പക്ഷപാതം കഴിക്കയും ചെയ്യുന്നു. ക്രിസ്തു വിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ട തയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?”

> ‘‘നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു” എന്ന് എഴുതിയിരിക്കുന്നു വല്ലോ. “നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മര ണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച കൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റുയാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ

> നിന്ന് നമ്മെ വേർപിരിക്കാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു."
>
> റോമർ 8:31–39

പാപംമൂലം മനുഷ്യൻ പിശാചിന്റെ അടിമത്തത്തിലാണ്. പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ പിശാചിന്റെ അടിമത്തത്തിൽ നിന്ന് മോചനം ലഭിക്കുന്നു.

രണ്ടുതരത്തിലാണ് മനുഷ്യരെല്ലാമായിരിക്കുന്നത് എന്ന് പൗലോസ് പറയുന്നു.

> "ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ; അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നെ."
>
> റോമർ 6:16

പാപത്തിന്റെ ദാസ്യത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നൽകുവാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. ക്രിസ്തുവിന്റെ വചനം അനുസരിക്കുമ്പോൾ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നു. അതാണ് പൗലോസ് പറയുന്നത്.

> "നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം."
>
> റോമർ 6:18

> "നിങ്ങൾ പാപത്തിനു ദാസന്മാരായിരുന്നപ്പോൾ

> നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരുന്നുവല്ലോ. നിങ്ങൾക്കു അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതുതന്നെ അതിന്റെ അവസാനം മരണമല്ലോ. എന്നാൽ ഇപ്പോൾ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു."
>
> റോമർ 6:20–22

മനുഷ്യന് സ്വതവേ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിപ്പാൻ കഴിയുകയില്ല. അവൻ പാപത്തിൽ നിന്ന് സ്വതന്ത്രനാകുവാൻ ശ്രമിക്കുന്തോറും അവൻ പിന്നേയും പിന്നേയും പാപത്തിന്റെ കുരുക്കിൽ കുടുങ്ങിക്കൊണ്ടേയിരിക്കും.

ആ അവസ്ഥയെക്കുറിച്ച് പൗലോസ് കരയുന്ന ഭാഗമാണ് റോമർ ഏഴാം അദ്ധ്യായം. "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ. ഈ മരണത്തിനു അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും." ? എന്ന് വിലപിക്കുന്ന ഒരു ഘട്ടമുണ്ട്. മാനസാന്തരപ്പെട്ടു; പക്ഷെ, ജയജീവിതമില്ല. ഈജിപ്റ്റ് വിട്ടു, പക്ഷെ കനാനിലെത്തിയില്ല; മരുഭൂമിയിൽ അലയുകയാണ്, അഴലുകയാണ്.

അങ്ങനെയുള്ള ഒരുഘട്ടം ക്രിസ്തീയ ജീവിതത്തിൽ ഉണ്ട്. പ്രാകൃത മനുഷ്യൻ, ജഡീകമനുഷ്യൻ, ആത്മീകമനുഷ്യൻ എന്ന മൂന്നവസ്ഥയിൽ. ജഡീകമനുഷ്യന്റെ അവസ്ഥയാണ് ആഘട്ടം.

> "പ്രാകൃത മനുഷ്യൻ (Natural Man) ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന് ഭോഷത്വം ആകുന്നു. ആത്മീകമായി വിവേ

ചിക്കേണ്ടതാകയാൽ അത് അവനുഗ്രഹിപ്പാൻ കഴി യുന്നതുമല്ല."

1 കൊരി. 2:14

ജഡീകമനുഷ്യനെക്കുറിച്ച് (Carnal Man) പൗലോസ് പറയുന്നു: "നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡീകന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ?"

1 കൊരി. 3:3

ആത്മീകമനുഷ്യൻ "സകലത്തെയും വിവേചിക്കു ന്നവനാകുന്നു. താൻ ആരാലും വിവേചിക്കപ്പെ ടുന്നതുമില്ല."

1 കൊരി. 2:15–16

ആത്മീകൻ ക്രിസ്തുവിന്റെ മനസുള്ളവനാണ്. അവന് ജയ ജീവിതമുണ്ട്. അവനിൽ ദൈവാത്മാവ് നിറഞ്ഞ് വസിക്കുന്നു.

റോമർക്കെഴുതിയ ലേഖനം ഏഴാം അദ്ധ്യായത്തിൽ ജഡീ കമനുഷ്യനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. "ഞാനോ ജഡമ യൻ, പാപത്തിന് ദാസനായി വിൽക്കപ്പെട്ടവൻ തന്നേ. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ. ഇച്ഛിക്കാത്ത തിന്മ യത്ര പ്രവർത്തിക്കുന്നത്." (റോമർ 7:14–24 വരെ വായിക്കുക)

ജയിക്കുന്നവനായും ജയിപ്പാനും പുറപ്പെട്ട ക്രിസ്തു ജയ വീരനാണ്. തന്നോടുപറ്റിച്ചേർന്ന് നിൽക്കുന്നവരെ ജയിപ്പിക്കു ന്നവനാണ്. അവൻ ആർക്കും വഴി മാറിക്കൊടുക്കാത്ത യൂദാ യുടെ സിംഹമത്രെ. അവൻ ശത്രുവിന്റെ വില്ലൊടിച്ച് കുന്തം മുറിച്ച് രഥങ്ങളെ തീയിലിട്ട് ചുട്ടുകളയുന്നവനാണ്; എന്നും പരാ ജയമായി കഴിഞ്ഞവരെ ജയിപ്പിക്കുന്ന ജേതാവാണ് ക്രിസ്തു.

സ്നേഹിതാ നിനക്കിക്കാലം വരെയും സാധിക്കാത്ത ജയ ജീവിതം ക്രിസ്തു നിനക്ക് തരും എന്ന് നീ വിശ്വസിക്കുന്നുവോ?

തിരുവചനം പറയുന്നു:

> "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപ ത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തി യിരിക്കുന്നു."
>
> റോമർ 8:2

യേശുക്രിസ്തുവിൽ സ്വാതന്ത്ര്യം. പരിശുദ്ധാത്മാവിലുള്ള സ്വാതന്ത്ര്യം. ആത്മശക്തിയാലുള്ള സ്വാതന്ത്ര്യം. ആന്തരിക ബന്ധനങ്ങൾ അഴിയുന്ന സ്വാതന്ത്ര്യം. പുതുജീവനിൽ ഉല്ലസി ക്കുന്ന സ്വാതന്ത്ര്യം. സത്യത്തിലും ആത്മാവിലും ആരാധിക്കുന്ന സ്വാതന്ത്ര്യം. ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം പ്രവ ഹിക്കുന്ന സ്വാതന്ത്ര്യം. പൈശാചികബാധ മാറുമ്പോഴുള്ള സ്വാതന്ത്ര്യം.

ഗദരദേശത്തെ ഭൂതബാധിതന്റെ ഉള്ളിൽ ആറായിരം ഭൂത ങ്ങൾ ഉണ്ടായിരുന്നു, (ലെഗ്യോൻ) അതുകൊണ്ടാണ് അവന് സുബോധം പോയത്. നഗ്നതാബോധം നഷ്ടപ്പെട്ട്, വസ്ത്രം ഉടു ക്കുന്നില്ല. തന്നത്താൻ കല്ലെടുത്ത് ചതയ്ക്കുന്നു. കല്ലറകളി ലാണ് പാർപ്പ്. രാത്രി കല്ലറകളിൽ നിന്നും മലകളിൽ നിന്നും കൂവൽ കേൾക്കാം. നാട്ടിലെ കുഞ്ഞുങ്ങളും സ്ത്രീകളും ഞെട്ടി വിറയ്ക്കും. അവന്റെ അലർച്ച കേൾക്കുമ്പോൾ. കാലിലിട്ട ചങ്ങല വലിച്ചുപൊട്ടിച്ചു. കയ്യിലെ ആമം ഉരുമ്മി ഒടിച്ചു. ആർക്കും അവനെ ബന്ധിക്കാൻ കഴിഞ്ഞില്ല. അവൻ നാട്ടി ലാകെ പേടിസ്വപ്നമായി. അവന്റെ നേരെയാണ് യേശു കടന്നു ചെന്നത്. യേശു അവനിലുള്ള ദുരാത്മാക്കളെ ശാസിച്ചു. യേശു

ഭൂതാത്മാക്കളെ പുറത്താക്കി. അവന് സുബോധംകിട്ടി. വസ്ത്രം ധരിച്ചു. അവൻ ബന്ധനത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു.

മഗ്ദലനമറിയാമിന്റെ ഉള്ളിൽ ഏഴുഭൂതങ്ങൾ ബാധിച്ചിരിക്കുന്നു. അവൾ തന്റെ ആരോഗ്യവും സൗന്ദര്യവും അശുദ്ധിക്കുവിട്ടുകൊടുത്തു. ഫലമോ? അവളിൽ ഏഴുഭൂതങ്ങൾ ആവേശിച്ചു.

മഗ്ദലനമറിയം അവളുടെ പാപജീവിതം വിട്ടപ്പോൾ യേശു അവളിലുള്ള ദുരാത്മാക്കളെ ശാസിച്ചകറ്റി. അവൾ സ്വതന്ത്രയായി.

മാന്യദൈവപൈതലേ, നിന്റെ മേൽ ദുരാത്മാക്കൾ അവകാശം പറയുന്നു എന്ന് നീ അറിയുന്നുണ്ടോ. ? നിന്റെ ഓരോ അവയവങ്ങളിലും ശത്രുവായ പൈശാചികൻ അവകാശം പറഞ്ഞ് വിടാതെ നിൽക്കുന്നത് നീ അറിയുന്നുണ്ടോ? ഓരോ അവയവം കൊണ്ടും നീ ചെയ്തുപോയ പാപങ്ങൾ ലജ്ജ കൂടാതെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? ഒരു പുതിയ ജീവിതം നയിക്കാൻ നീ ആഗ്രഹിക്കുന്നുവോ? പാപത്തിൽ നിന്ന് സ്വാതന്ത്ര്യം തരുവാൻ കഴിവുള്ള ദൈവത്തിന്റെ ആത്മാവിന്റെ അധികാരത്തിലും ശക്തിയിലും നിനക്ക് വിശ്വാസമുണ്ടോ? എങ്കിൽ ഇന്നുമുതൽ ഒരു ജയജീവിതം നയിക്കുന്നതിനുള്ള പ്രത്യേക കൃപ നിനക്ക് ദൈവാത്മാവ് നൽകും.

> തിരുവചനത്തിൽ ഒരു വാഗ്ദത്തമുണ്ട്. “ഇപ്പോൾ ഞാൻ എഴുന്നേൽക്കും; രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും.”
>
> സങ്കീ. 12:5

പ്രിയസ്നേഹിതാ, ഇന്നു മുതൽ യേശുക്രിസ്തുവിൽ ഒരു

സ്വാതന്ത്ര്യം ഉള്ള ജീവിതം നീ അനുഭവിക്കു. ആ ജീവിതത്തിന്റെ സ്വസ്ഥതയും സമാധാനവും ശാന്തിയും നിന്നിൽ നിറഞ്ഞിട്ട് നിന്റെ ചുറ്റുപാടുള്ളവരിലേക്ക് പ്രസരിക്കട്ടെ. നിന്റെ ഭാവികാലതലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ. നീ കടന്നുചെല്ലുമ്പോൾ "നല്ലവനും, വിശ്വസ്തനുമായ ദാസനെ" എന്ന വിളി രാജാധിരാജൻ നിന്നെ വിളിക്കാൻ സംഗതിയാകട്ടെ. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" എന്നുള്ള ന്യായാധിപന്റെ ഇമ്പശബ്ദം കേൾപ്പാൻ നിങ്ങൾക്ക് സംഗതിയാകട്ടെ.

## അഞ്ച്

“എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും.”

യോഹ. 15:4

“ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവമുണ്ടാകും.”

2 തിമോ. 3:12

ക്രിസ്തുവിൽ പുതിയ സൃഷ്ടി

ക്രിസ്തുവിൽ ദൈവത്തിനുജീവിക്കുന്നു

ക്രിസിതുവിൽ സ്വാതന്ത്ര്യം

ക്രിസ്തുവിൽ ഉപദ്രവം

യേശുക്രിസ്തുവിൽ ഭക്തിയോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കെക്കാലവും ഉപദ്രവമാണ്. ഒന്നാംനൂറ്റാണ്ടുമുതൽ ഇക്കാര്യം വ്യക്തമായികാണാം.

ക്രിസ്തീയജീവിതത്തിന്റെ പര്യായം തന്നെയാണ് പീഡകൾ. "ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനുമതി" എന്നും "യജമാനനെപ്പോലെയാകുന്നത് ദാസനുമതി" എന്നും നമ്മുടെ കർത്താവ് അരുളി ചെയ്തിട്ടുണ്ട്. മത്തായി. 10:24–25

> "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ. അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏൽപ്പിക്കുകയും തങ്ങളുടെ പള്ളികളിൽ വച്ച് ചമ്മട്ടികൊണ്ട് അടിക്കയും എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകുകയും ചെയ്യും.... സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിന് ഏൽപ്പിക്കും. അമ്മയപ്പന്മാർക്ക് എതിരായി മക്കൾ എഴുന്നേറ്റ് അവരെ ക്കൊല്ലിക്കും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാനത്തോളം സഹിച്ചുനിൽക്കുന്നവനോ രക്ഷിക്കപ്പെടും."
>
> മത്തായി. 10:17–22

കർത്താവ് പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ചെയ്ത ആദ്യപ്രസംഗത്തിൽത്തന്നെ ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്.

> "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാതിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു

> മുമ്പെ ഉണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ.”
>
> മത്തായി. 5:10–12

കരുണയുള്ള കർത്താവ് ക്രൂശിലേക്ക് പോകുന്നതിനുമുമ്പ് തന്റെ പ്രിയശിഷ്യന്മാർ പതിനൊന്നുപേരോടുമായി ചെയ്ത പ്രസംഗമാണ് തന്റെ ഒടുവിലത്തെ പ്രസംഗം. ആദ്യത്തെ പ്രസംഗം മത്തായി 5, 6, 7 അദ്ധ്യായങ്ങളിലും ഒടുവിലത്തെ പ്രസംഗം യോഹന്നാൻ 14, 15, 16 അദ്ധ്യായങ്ങളിലും നിറഞ്ഞുനിൽക്കുന്നു. ഒടുവിലത്തെ പ്രസംഗത്തിൽ ക്രിസ്തു പറഞ്ഞു.

> “ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അത് നിങ്ങൾക്കുമുമ്പെ എന്നെ പകച്ചിരിക്കുന്നു എന്നു അറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നുവെങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായി ഇരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു. ദാസൻ യജമാനനേക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോട് പറഞ്ഞ വാക്ക് ഓർമ്മിപ്പിൻ. അവർ എന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളെയും ഉപദ്രവിക്കും. എന്റെ വചനം പ്രമാണിച്ചുവെങ്കിൽ നിങ്ങളുടേതും പ്രമാണിക്കും.”
>
> യോഹ. 15:18–20

വീണ്ടും കർത്താവ് അരുളി ചെയ്തു:

> “അവർ നിങ്ങളെ പള്ളി ഭ്രഷ്ടരാക്കും; അത്രയുമല്ല, നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന്

വഴിപാടുകഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു.”

യോഹ. 16:2

അപ്പോസ്തലനായ പൗലോസ് പറഞ്ഞു:

“ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകിയിരിക്കുന്നു.”

ഫിലിപ്പിയർ 1:29

“കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നെ അറിയുന്നുവല്ലോ. നാം കഷ്ടം അനുഭവിക്കേണ്ടിവരും എന്ന് ഞങ്ങൾ നിങ്ങളോട് കൂടെയിരുന്നപ്പോൾ മുമ്പ് കൂട്ടിപ്പറഞ്ഞിട്ടുമുണ്ട്.”

1 തെസ്സ. 3:4

“നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ സഹിഷ്ണുതയും വിശ്വാസവും നിമിത്തം ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു. അത് നിങ്ങൾ കഷ്ടപ്പെടുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിനു നിങ്ങളെ യോഗ്യന്മാരായി എണ്ണും എന്നിങ്ങനെ ദൈവത്തിന്റെ നീതിയുള്ള വിധിക്ക് അടയാളമാകുന്നു. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്ജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാ

> ത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് പീഡയും പീഡയനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ."
>
> 2 തെസ്സ. 1:4–9

ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും. ക്രിസ്തീയജീവിത്തിന്റെ ഒരനിവാര്യഘടകമാണ് പീഡകളും നിന്ദനകളും യാതനകളും.

അപ്പോസ്തലനായ പത്രോസ് ലേഖനം എഴുതുന്നതുതന്നെ ക്രിസ്തുവിൽ കഷ്ടങ്ങളെ സുധീരം നേരിടുവാനുള്ള പ്രബോധനം നൽകുന്നതിനാണ്.

> "നന്മ ചെയ്തിട്ടും കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു."
>
> 1 പത്രോസ് 2:20–22

> "നീതിനിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ വീക്ഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയും അരുത്."
>
> 1 പത്രോസ് 3:14

> "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ

> നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ. നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ദുഷ്പ്രവർത്തിക്കാരോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരകാര്യത്തിൽ ഇടപെടുന്നവനുമായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുകയത്രെ വേണ്ടത്."
>
> 1 പത്രോസ് 4:13–16

അപ്പോസ്ത്തല പ്രവർത്തികളുടെ പുസ്തകം പരിശുദ്ധാത്മാവിന്റെ പ്രവർത്തികളുടെ പുസ്തകമാണ്. പരിശുദ്ധാത്മാവ് എവിടെയെല്ലം പ്രവർത്തിച്ചുവോ അവിടെയെല്ലാം ഉപദ്രവങ്ങളും പീഡകളും ഉണ്ടായിട്ടുണ്ട്. സ്തേഫാനോസിനെ കല്ലെറിഞ്ഞുകൊന്നു. എ.ഡി. 44–ൽ ഹെരോദാ അഗ്രിപ്പാ ഒന്നാമൻ യാക്കോബിനെ വാൾകൊണ്ട് വെട്ടിക്കൊന്നു. പത്രോസിനെ കാരാഗൃഹത്തിലിട്ടു. യോഹന്നാനെ പത്മോസിലേക്ക് നാടുകടത്തി. പൗലോസിന് കഠിന പീഡകളും ഘോരയാതനകളും ഏൽക്കേണ്ടിവന്നു.

എ.ഡി. 52–ൽ ഫിലിപ്പോസിനെ ക്രൂശിൽ തറച്ചുകൊന്നു. Foxes's Book of Martyrs എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഫ്രിഗ്യായിലെ ഹെലിയോപൊലീസിൽ വച്ച് ഫിലിപ്പോസ് രക്തസാക്ഷിയായി എന്നാണ്. അദ്ദേഹത്തെ കഠോരമായി അടിച്ച് ദണ്ഡിപ്പിച്ചു. പിന്നീട് തടവിലിട്ടു. ഒടുവിൽ ക്രൂശിച്ചു.

അപ്പോസ്ത്തലനായ മത്തായി എ.ഡി. 60–ൽ വാൾകൊണ്ട് കൊല്ലപ്പെട്ടു. സുവിശേഷകനായ മർക്കോസ് അലക്സാണ്ട്രിയ, ലിബിയ മുതലായ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിച്ച് സഞ്ചരിച്ചു. അദ്ദേഹത്തെ ബന്ധിച്ച് കൈകാലുകൾ കൂട്ടിക്കെട്ടി, തെരുവിൽ കൂടി വലിച്ചിഴച്ചു. ശരീരമാസകലം പൊളിഞ്ഞ് കീറി ചോര ചൊരിഞ്ഞ് രാത്രി മുഴുവൻ കൽത്തുറങ്കിൽക്കിടന്നു. പിറ്റേദിവസം അദ്ദേഹത്തെ ജീവനോടെ ദഹിപ്പിച്ചു.

ആദ്യത്തെ യരുശലോം സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്ന യാക്കോബ് കർത്താവിന്റെ സഹോദരന്മാരിൽ ഒരുവനായിരുന്നു. (മാർക്കോസ് 6:3) അദ്ദേഹത്തെ എ.ഡി. 62–ൽ വധിച്ചു.

ഈസ്ക്കരിയോത്ത യഹൂദയ്ക്കുപകരം തിരഞ്ഞെടുക്കപ്പെട്ട മത്ഥിയാസ് യെരുശലേമിൽ വച്ച് കല്ലെറിയപ്പെട്ടു. പിന്നീട് അദ്ദേഹത്തെ ശിരച്ഛേദം ചെയ്തു.

അന്ത്രയോസിനെ കുറിച്ച് എ.ഡി. ക്ലെയ്റ്റൻ എഴുതിയ ബൈബിൾ നിഘണ്ടുവിൽ പറയുന്നുണ്ട് അഖായയിലെ നാടുവാഴിയുടെ ഭാര്യ അന്ത്രയോസിന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടു. ആ ദേശാധിപതി അതോടെ കോപാക്രാന്തനായി അന്ത്രയോസിനെ ക്രൂശിൽ തറച്ചു. രണ്ടുദിവസം ക്രൂശിൽ യാതന സഹിച്ചുകിടന്നു. ആ സമയത്ത് ചുറ്റും നിന്നവർക്ക് യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു.

എ.ഡി. 68–ൽ പത്രോസ് തലകീഴായി ക്രൂശിക്കപ്പെട്ടു. എ.ഡി. 65–ൽ പൗലോസ് ശിരച്ഛേദം ചെയ്യപ്പെട്ടു.

അപ്പോസ്ത്തലനായ തോമസ് പാർത്ഥ്യയിൽ സഭ സ്ഥാപിച്ചശേഷം ഭാരതത്തിലേക്ക് വന്നു. തിരുവിതാംകൂ

റിലും കൊച്ചിയിലും പള്ളികൾ സ്ഥാപിച്ചു. ഒടുവിൽ മദ്രാസിലുള്ള മൈലാപ്പൂരിൽ ഒരു ബ്രാഹ്മണന്റെ ശൂലമേറ്റ് രക്തസാക്ഷ്യമരണം വരിച്ചു.

തദ്ദായി എന്നറിയപ്പെട്ടിരുന്ന യൂദാ യാക്കോബിന്റെ സഹോദരനായിരുന്നു. എ.ഡി. 72–ൽ അദ്ദേഹത്തെ ക്രൂശിച്ചുകൊന്നു.

ബർത്തലോമായി എന്നു വിളിക്കപ്പെടുന്ന നഥാനിയേൽ മത്തായിയുടെ സുവിശേഷം ഗ്രീക്കുഭാഷയിലേക്കു തർജ്ജിമ ചെയ്തു. അദ്ദേഹവും രക്തസാക്ഷിയായി മരിച്ചു.

സുവിശേഷകനും വൈദ്യനുമായിരുന്ന ലൂക്കോസ്, എരിവുകാരനായ ശീമോൻ, ബർന്നബാസ്, അപ്പൊല്ലോസ് തുടങ്ങിയവരെല്ലാം ഒന്നാം നൂറ്റാണ്ടിലെ രക്തസാക്ഷികളായിരുന്നു.

സഭാ ചരിത്രകാരനായ തെർത്തുല്ല്യൻ പറഞ്ഞിട്ടുണ്ട്: "രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ്" എന്ന്. അദ്ദേഹം പറഞ്ഞ വാക്കുകൾ Guana Robinson Forward to "Martys in the History of Christianity'' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

"നിങ്ങൾ ഞങ്ങളെ എത്രമാത്രം ശകലിക്കുന്നുവോ, അത്രമാത്രം ഞങ്ങൾ വളർന്നുകൊണ്ടിരിക്കും. ക്രിസ്ത്യാനികളുടെ രക്തമാണ് അതിന്റെ വിത്ത്."

അഖില വിജ്ഞാനകോശം പുസ്തകം നാലിൽ 464–ാം പേജിൽ കൈരളിയുടെ അഭിമാനമായ ശ്രീ. എൻ.വി. കൃഷ്ണവാര്യർ പറഞ്ഞിട്ടുണ്ട്, ആരാണ് രക്തസാക്ഷിയെന്ന്.

"നിർദ്ദിഷ്ട ലക്ഷ്യത്തിനുവേണ്ടി മരണം വരിക്കുന്ന ആൾ. ലക്ഷ്യം മതപരമോ രാഷ്ട്രീയമോ ആകാം. സ്വന്തം ആശയ പ്രചാരണത്തിനുവേണ്ടിയും ചിലർ രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്."

വേദശാസ്ത്രപണ്ഡിതനായ ഫ്രാങ്ക്ലിൻ ബാലസുന്ദരത്തിന്റെ അഭിപ്രായത്തിൽ രക്തസാക്ഷികൾ ദൈവനിയോഗത്തിനായി അർപ്പണം ചെയ്ത ഭാഗ്യശാലികളാണ്. അദ്ദേഹം "Martys in the History of Christianity'' എന്ന ഗ്രന്ഥത്തിൽ പറയുന്നത്, "രക്തസാക്ഷിത്വം" എന്നത് ഒരു ജീവിതപാതയാണ്. ഐച്ഛികമായൊരു ദൈവനിയോഗവും സമർപ്പണവുമാണ്.

രക്തസാക്ഷി എന്ന പദം ഇംഗ്ലീഷിൽ Martyr എന്ന പദത്തിന്റെ മലയാള തർജ്ജിമയാണ്, Martyr എന്ന പദത്തിന്റെ ഗ്രീക്കുമൂലം Martur എന്ന പദമാണ്. സാക്ഷിയെന്നോ രക്തസാക്ഷിയെന്നോ പരിഭാഷപ്പെടുത്താവുന്ന ഒരു പദമാണത്. അപ്പോസ്തല പ്രവർത്തി 1:8, 2:32, 3:15, 10:39, 13:31 എന്നീഭാഗങ്ങളിൽ "സാക്ഷികൾ" എന്നു കാണുന്നപദം മൂലത്തിൽ Martyrs എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

"നിങ്ങൾ ജീവനായകനായ ക്രിസ്തുവിനെ ക്രൂശിച്ചു. ദൈവം അവനെ ഉയിർപ്പിച്ചു. അതിന്നു ഞങ്ങൾ സാക്ഷികൾ." എന്നാണ് ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലന്മാരുടെ സുവിശേഷത്തിന്റെ കാതൽ. ക്രിസ്തുവിന്റെ ജീവിതത്തിനും, മരണത്തിനും ഉയർത്തെഴുന്നേൽപ്പിനും സാക്ഷികളായിരുന്നു അവർ.

പിൽക്കാലത്തും ഈ ഉദാത്ത സാക്ഷ്യം വഹിച്ചവരെ അതാതുകാലത്തെ സഭയും സമൂഹവും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ട്.

ഇഗ്നാത്യോസ് നൂറോനോ, പോളിക്കാർപ്പ്, ഡീക്കനായിരുന്ന വിശുദ്ധ ലോറൻസ് (എ.ഡി. 258) ജസ്റ്റിൻ മാർട്ടിയർ (165) വിശുദ്ധ സെബാസ്റ്റ്യൻ (303), കുസ്തന്തീനോസിലെ പാത്രിയർക്കീസായിരുന്ന ക്രിസോസ്റ്റം (403) എന്നിവർ ആദിമ ശതകങ്ങളിലെ രക്തസാക്ഷികളായിരുന്നു.

ജീവനോടെ ദഹിപ്പിക്കപ്പെട്ട ജറോം, വേദപുസ്തക പരിഭാഷകനായ ജോൺ വിക്ളിഫ്, ആളുന്ന തീജ്ജ്വാലയിൽ സ്തുതി മുഴക്കിയ ജോൺഹസ്, “ഇംഗ്ലീഷ് വേദപുസ്തകത്തിന്റെ പിതാവ്” എന്നറിയപ്പെടുന്ന വില്ല്യംടിൻഡെയിൻ, ബർമ്മയുടെ അപ്പോസ്തലനായ അഡോണിറാം ജഡ്സൺ, ഇരുണ്ടഭൂഖണ്ഡത്തിലെ പ്രകാശവാഹകനായ ഡേവിഡ് ലിവിംഗ്സ്റ്റൺ, ചൈനയിലെ മിഷ്യനറിയായഹഡ്സൺ ടെയ്ലർ, ഇന്ത്യയുടെ അപ്പോസ്തലനായ സാധുസുന്ദർസിംഗ്, ഔക്കാ ജാതിക്കാർ വധിച്ച ജിം എലിയറ്റ് എന്നിങ്ങനെ ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിന്റെ നാമത്തിലും സുവിശേഷത്തിന്റെ പ്രചാരത്തിനുമായി രക്തസാക്ഷികളായ വിശുദ്ധന്മാർ എത്രയോ പേർ.!

മതമൗലീകവാദികളുടെയും വർഗ്ഗീയവാദികളുടെയും പിടിയിലമർന്ന് ഇന്ന് ആധുനികഭാരതം തനതായ ആർഷസംസ്ക്കാരത്തിന്റെ പാരമ്പര്യം കളഞ്ഞുകുളിക്കുന്ന ദയനീയ കാഴ്ചയല്ലേ നാം ഇന്ന് കാണുന്നത്? എത്രയെത്ര ആരാധനായലങ്ങൾ തകർക്കപ്പെട്ടു! എത്രയെത്ര സുവിശേഷകന്മാർ മർദ്ദനമേറ്റു; പീഡയേറ്റു; മരണം വരിച്ചു!

ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഉപദ്രവം ഉണ്ടാകും. ഒന്നേഒന്നുനാം ശ്രദ്ധിക്കാൻ ശ്രമിക്കണം. നമ്മുടെ കർത്താവ് ക്രൂശിൽ കാണിച്ച സ്നേഹത്തിന്റെ മാതൃക!

> “ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാ

> രിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യംഭരമേൽപ്പിക്കയത്രെ ചെയ്തത്."
>
> 1 പത്രോസ് 2:21–23

മാന്യ ദൈവപൈതലേ, ക്രിസ്തുവിന്റെ നാമത്തിൽ ആക്ഷേപമേൽക്കാൻ നീ ലജ്ജിക്കുന്നുവോ? ക്രിസ്തുവിന്റെ നാമത്തിൽ അപമാനവും അപവാദവും ഏൽക്കുമ്പോൾ നീ ചൂളിപ്പോകുന്നുവോ? അതൊരു പദവിയും അവകാശവുമാണെന്ന് കാണുവാൻ നിനക്കുകഴിയുന്നുണ്ടോ? "എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും." (1 ശമു. 2:30) എന്ന വാഗ്ദത്തം സ്വായത്തമാക്കാൻ നീ ആഗ്രഹിക്കുന്നുവോ? Cross നു ശേഷം ഒരു Crown ഉണ്ടെന്നറിഞ്ഞുകൊൾക. ദുഃഖവെള്ളിയാഴ്ചകൊണ്ട് കാലം തീരുന്നില്ല. ഉയിർപ്പ് ഞായറാഴ്ച വരുന്നുണ്ടെന്നറിഞ്ഞുകൊൾക. നിന്റെ ഇന്നത്തെ Pain നിന്റെ നിത്യതയിലെ Gain ൽ എത്തിക്കുമെന്ന് ഉറച്ചുകൊൾക. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ ഭാഗ്യകരമായ പ്രത്യാശയോടെ ജീവിതത്തെ വിശുദ്ധീകരിച്ച് ഒരുങ്ങി നിൽക്കാം.

# ആറ്

> “എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും.”
>
> യോഹ. 15:4

> “ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല.”
>
> റോമർ 8:1

ക്രിസ്തുവിൽ പുതിയ സൃഷ്ടി

ക്രിസ്തുവിൽ ദൈവത്തിന്നു ജീവിക്കുന്നു.

ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം.

ക്രിസ്തുയേശുവിൽ ഉപദ്രവം.

ക്രിസ്തുയേശുവിൽ ശിക്ഷാവിധിയില്ല.

“ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല.” റോമർ8:1 യേശുക്രിസ്തുവിലായാലുള്ള ഭാഗ്യ

മാണ് നിത്യശിക്ഷയിൽ നിന്ന് ഒഴിവായി കിട്ടും എന്നുള്ളത്. നിത്യ രക്ഷയുണ്ട്; നിത്യശിക്ഷയുമുണ്ട്.

ന്യായവിധി എല്ലാവർക്കുമുണ്ട്; ശിക്ഷാവധി എല്ലാവർക്കു മില്ല. വചനം പറയുന്നു:

> "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനുതക്ക വണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു."
>
> 2 കൊരി. 5:10

ഭൗമിക ആയുസ്സിൽ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾ ന്യായം വിധിക്കുന്ന ഒരുനാൾ ഉണ്ടെന്നും അന്ന് ഓരോരുത്ത ന്റെയും പ്രവൃത്തികൾക്കടുത്ത വിധിയുണ്ടാകുമെന്നും ഈ ഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ന്യായവിധി Judgement ആണ്. ശിക്ഷാവിധി Punishment ആണ്. കോളേജിലോ സ്കൂളിലോ പ്രസംഗ മത്സരം നടക്കു ന്നു. Judges ആയി ഏതാനും പേർ നിയോഗിക്കപ്പെടുന്നു. അവ രുടെ വിധി ശിക്ഷാവിധിയല്ല. പ്രത്യുത സമ്മാനത്തെ സംബ ന്ധിച്ച തീരുമാനമാണ്.

എന്നാൽ ഒരാൾ കൊലപാതകം ചെയ്യുന്നു. അയാളെ അഴി മതി നിരോധന വകുപ്പോ ക്രൈംബ്രാഞ്ചോ പിടികൂടുന്നു. അയാളെ ന്യായവിധിയുടെ രംഗത്തേക്ക്, ന്യായാസനത്തിന്റെ മുമ്പിലേക്ക് എത്തിക്കുന്നു. ന്യായാധിപൻ ശിക്ഷവിധിക്കുന്നു. അത് ശിക്ഷാവിധിയാണ്. (Punishment).

"നീതിമാന്ന് പ്രതിഫലം ഉണ്ട് നിശ്ചയം. ഭൂമിയിൽ ന്യായം

വിധിക്കുന്ന ഒരു ദൈവം ഉണ്ട് നിശ്ചയം." എന്ന് അമ്പത്തിയെട്ടാം സങ്കീർത്തനം പതിനൊന്നാം വാക്യത്തിൽ കാണുന്നു. "കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട്." എന്ന് യെശയ്യാവ് പറയുന്നു. 40:10; 62:11. ഇങ്ങനെ ന്യായവിധിയിൽ നീതിമാന്മാർക്ക് പ്രതിഫലം പ്രാപിക്കുവാൻ കഴിയും എന്ന് തിരുവചനം പറയുന്നു.

എന്നാൽ ശിക്ഷാവിധിയെ കുറിച്ച് തിരുവചനം വ്യക്തമായി പറയുന്നുണ്ട്.

> "ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുവന്നു."
>
> യൂദാ.15

ദൈവത്തെ അറിയാത്തവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും രക്ഷയെ ഗണ്യമാക്കാത്തവർക്കുമാണ് ശിക്ഷാവിധി.

> "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നും അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് പീഡയും പീഡയനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടു

കൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവ സന്നിധിയിൽ നീതിയല്ലോ."

2 തെസ്സ. 1:6–8

നഹൂം പ്രവാചകൻ പറയുന്നു:

"ദൈവം തീക്ഷ്ണതയുള്ളവനും യഹോവ പ്രതികാരം ചെയ്യുന്നവനുമാകുന്നു; യഹോവ പ്രതികാരം ചെയ്യുന്നവനും ക്രോധപൂർണ്ണനുമാകുന്നു; യഹോവ തന്റെ വൈരികളോട് പ്രതികാരം ചെയ്കയും തന്റെ ശത്രുക്കൾക്കായി കോപം സംഗ്രഹിക്കുകയും ചെയ്യുന്നു. യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ; അവനൊരിക്കലും ശിക്ഷാക്കാതെ വിടുകയില്ല."

നഹൂം 1:2–3

തിന്മ പ്രവർത്തിക്കുന്നവർക്ക് ഉടനുടനെ ശിക്ഷ കിട്ടാത്തതുകൊണ്ട് പലരും ദോഷം പ്രവർത്തിക്കുവാൻ ധൈര്യപ്പെടുന്നു. എങ്കിലും ശിക്ഷാവിധി ഉണ്ട് എന്ന് തിരുവചനം വ്യക്തമായി ഓർമ്മപ്പെടുത്തുന്നു.

"ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ട് മനുഷ്യൻ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു."

സഭാപ്രസംഗി. 8:11

"യൗവ്വനക്കാരാ, നിന്റെ യൗവ്വനത്തിൽ സന്തോഷിക്ക; യൗവ്വനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക;

> എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നറിക."
>
> സഭാപ്രസംഗി 11:9–10

> "മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ നിന്ന് തെറ്റി ഒഴിയും എന്ന് നിനയ്ക്കുന്നുവോ? അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപ ദിവസത്തേക്ക് നിനക്കുതന്നെ കോപം ചരതിച്ചു വെക്കുന്നു."
>
> റോമർ 2:3–4

ചരതിച്ചുവെക്കുക എന്നത് ഇംഗ്ലീഷ് ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രയോഗം Invest, Treasuring up, Storing up എന്നെല്ലാമാണ്. നിക്ഷേപിക്കുക, സ്വരൂപിച്ചുവെക്കുക, സംഗ്രഹിച്ചുവെക്കുക എന്നെല്ലാം അർത്ഥം. ശിക്ഷാവിധി സംഗ്രഹിച്ചുവെക്കുന്നു എന്നത്രേ തിരുവചനം അനുശാസിക്കുന്നത്.

ന്യായവിധിയെക്കുറിച്ച് നമ്മുടെ കർത്താവ് അരുളിചെയ്തിട്ടുള്ള ഭാഗം വളരെ ശ്രദ്ധേയമാണ്.

> "ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ."
>
> യോഹ. 3:19

> "കാണാത്തവർ കാൺമാനും കാണുന്നവർ കുരുടൻ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു."
>
> യോഹ. 9:39

> "ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല. ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവനിൽ വിശ്വസിക്കുന്നവന്ന് ന്യായവിധിയില്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു."
>
> യോഹ. 3:17–18

> "എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വിക്കുന്നവനു നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു."
>
> യോഹ. 5:24

അപ്പോസ്തലനായ പൗലോസ് പറഞ്ഞു:

> "ദൈപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്കുപാത്രമാകും എന്ന് വിചാരിപ്പിൻ."
>
> എബ്രായർ. 10:29

അപ്പോസ്തലനായ പത്രോസ് പറഞ്ഞു:

"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കുതക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."

1 പത്രോസ് 1:17

നമ്മുടെ ശിക്ഷാവിധി ക്രിസ്തു ക്രൂശിൽ ഏറ്റടുത്തു. കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്നു നീതികരിപ്പാൻ കുറ്റമില്ലാത്ത ക്രിസ്തു കുറ്റവാളിയെപ്പോലെ ശിക്ഷയേറ്റു. ഇതു വിശ്വസിക്കുന്ന മനുഷ്യൻ മേലിൽ പാപം വരാതെ തന്നത്താൻ സൂക്ഷിക്കും. ഇതു വിശ്വസിക്കുന്ന മനുഷ്യൻ ക്രിസ്തുവിനെ ഹൃദയത്തിലേക്കു സ്വീകരിക്കുകരയും ക്രിസ്തുവിനെ നന്ദിയോടെ സ്തുതിക്കുകയും ചെയ്യും.

ഒരു സംഭവകഥ കേട്ടിട്ടുണ്ട്.

ചൂതുകളിയിൽ രസിച്ചിരുന്ന ഒരു യുവാവ്. അവന്റെ കൂടെ കളിച്ചിരുന്ന അവന്റെ സ്നേഹിതന്മാർ കള്ളക്കളി കളിച്ച് അവന്റെ പണമെല്ലാം സ്വന്തമാക്കി. ദേഷ്യവും അമർഷവും പൂണ്ട യുവാവ് കള്ളക്കളി കളിച്ച അവന്റെ സ്നേഹിതനെ കുത്തിക്കൊന്നു.

അവൻ കൊലപാതകം കഴിഞ്ഞ് ഓടിഒളിച്ചെങ്കിലും പോലീസുകാർ അവനെ പിടികൂടി നീതിന്യായ പിഠത്തിലെത്തിച്ചു. അവന്റെ കുറ്റം തെളിഞ്ഞു. അവനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു.

കൊല ദിവസം എണ്ണയെണ്ണി, നിരാശയിലാണ്ട് അവൻ ജയിലിൽ കിടക്കുമ്പോൾ അവന്റെ നാട്ടുകാരും ചാർച്ചക്കാരും അവനുവേണ്ടി പ്രസിഡന്റിനു ദയാഹർജി നൽകി. അവനു തീരെ പ്രായംകുറവാണ്. അവന്റെ വിധവയായ അമ്മയ്ക്ക് വേറെ

ആരുമില്ല. ഒരു ബലഹീനനിമിഷത്തിൽ അവൻ പെട്ടെന്ന് അങ്ങനെ ചെയ്തുപോയതാണ്. അതുകൊണ്ടെല്ലാം അവനു മാപ്പുനൽകണം എന്നാണ് ദയാഹർജിയുടെ ഉള്ളടക്കം.

പ്രസിഡന്റ് മനസ്സലിഞ്ഞു. അവനു മാപ്പ് നൽകുന്ന ഉത്തരവുമായി അവനെ നേരിൽകണ്ട് അവനോട് സംസാരിക്കുന്നതിന് അവിടത്തെ ഗവർണ്ണറെ പ്രസിഡന്റ് ചുമതലപ്പെടുത്തി. അവനോട് സംസാരിക്കുമ്പോൾ അവന് കുറ്റബോധം വന്നാൽ അവന് നിരുപാധികം മോചനം നൽകുന്നതിന് അധികാരപ്പെടുത്തിയാണ് ഗവർണറെ അങ്ങോട്ടയച്ചത്.

ഗവർണർ ഒരു ദിവസം പ്രഭാതത്തിൽ ഒരു പുരോഹിതന്റെ വേഷത്തിൽ ജയിലിലെത്തി. അദ്ദേഹം ഇരുമ്പഴിക്കു പുറത്തു നിന്ന് അവനെ വിളിച്ചു: "ജയിലഴിയോട് ചേർന്നു വരൂ. നിന്നോടു ചില കാര്യങ്ങൾ പറയാനുണ്ട്."

"വേണ്ട, എനിക്കൊന്നും കേൾക്കേണ്ട; വേഗം പോയാൽ മതി."

അദ്ദേഹം പറഞ്ഞു: "നീ അടുത്ത് വരൂ. നിനക്ക് ലഭിക്കാൻ പോകുന്ന മഹാഭാഗ്യത്തെക്കുറിച്ച് നിന്നോടു സംസാരിക്കാനാണ് ഞാൻ വന്നത്. വരൂ. നിന്റെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്."

"വേണ്ട, വേണ്ട നിങ്ങൾ തരുന്ന നന്മയൊന്നും എനിക്കു വേണ്ട. നിങ്ങളെപ്പോലെ പലരും ഇതിനുമുമ്പ് ഇവിടെവന്ന് എന്നോട് സംസാരിച്ചിട്ടുണ്ട്; രക്ഷപ്പെടാനുള്ള കാര്യമെല്ലാമാണ് പറയുന്നത് എന്ന് അവരെല്ലം പറഞ്ഞിട്ടുണ്ട്. നിങ്ങൾ പോകൂ. നിങ്ങൾ പറയുന്ന മഹാഭാഗ്യമൊന്നും എനിക്കുവേണ്ട."

അദ്ദേഹം ഏറെനേരം അവിടെനിന്ന് കെഞ്ചി. പക്ഷെ അവൻ

വഴങ്ങിയില്ല. അടുക്കൽ വരികയോ അദ്ദേഹം പറയുന്നത് കേൾക്കുകയോ ചെയ്തില്ല. ജെയിൽ ചാപ്ലയിനോ ഏതോ സുവി ശേഷകനോ ആയിരിക്കും എന്നാണ് അവൻ കരുതിയത്.

കുറെനേരം കഴിഞ്ഞ് ജയിൽ സൂപ്രണ്ട് അവനെ വന്ന് കണ്ടു; ചോദിച്ചു:

“ഗവർണർ വന്ന് എന്താണ് നിന്നോട് പറഞ്ഞത്?”

“ഗവർണറോ? ഇവിടെ ഗവർണർ വന്നില്ലല്ലോ.”

അല്പം മുമ്പ് വന്നത് ആരാണ് എന്നാണ് നീ വിചാരിച്ചത്? ഗവർണർ ആയിരുന്നു.”

അയ്യോ, അത് ഗവർണറാണെന്ന് ഞാനറിഞ്ഞില്ലല്ലോ. ഏതോ ഒരുപദേശി സുവിശേഷം പറയാൻ വന്നതാണെന്നാണ് ഞാൻ വിചാരിച്ചത്.

“അല്ലല്ല, ഗവർണർ നിന്നോട് സംസാരിക്കാനും നിനക്ക് നിരു പാധികം മോചനം തരാനും പ്രസിഡന്റ് ഭരമേൽപ്പിച്ചതുകൊണ്ട് വന്നതാണ്. നീ അദ്ദേഹം പറയുന്നത് ഒന്നുകേട്ടെങ്കിൽ ! എങ്കിൽ നിനക്കിപ്പോൾ സ്വതന്ത്രനായി പോകാമായിരുന്നു.”

ആ കുറ്റവാളി നാരാശയോടെ അലറി അലറി കരഞ്ഞു. “ഞാൻ ഒരു കൊലപാതകനായതിന്റെ ഫലമായിട്ടായിരുന്നു ഇന്നു വരെ ഞാൻ ശിക്ഷായോഗ്യനായിരുന്നത്. ഇന്നുമുതൽ ഞാൻ വധശിക്ഷ ഏറ്റുവാങ്ങേണ്ടി വരുന്നത് എനിക്ക് നീട്ടിത്തന്ന മോച നത്തെ ഞാൻ കൈക്കൊള്ളാതിരുന്നതുകൊണ്ടാണല്ലോ?”

പ്രിയസ്നേഹിതരേ, നമ്മുടെ രക്ഷയ്ക്കുവേണ്ടിയെല്ലാം ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ചു. നരകശിക്ഷ നമുക്ക് മാറ്റുവാൻ ക്രിസ്തു എല്ലാ ദണ്ഡനവും സഹിച്ചു. നിത്യയാതന നമുക്കൊ

ഴിവാക്കിത്തരുവാൻ ക്രിസ്തു ക്രൂശിൽ പീഡയും നിന്ദയുമേറ്റു നമുക്കുവേണ്ടി പിടഞ്ഞുമരിച്ചു. ഇത് നാം വിശ്വസിക്കുകയും അംഗീകരിക്കുകയും ക്രിസ്തുവിനെ ജീവിതത്തിന്റെ ഉടമസ്ഥനും രക്ഷകർത്താവുമായി സ്വീകരിക്കുകയും ചെയ്യുമെങ്കിൽ നമുക്ക് നിത്യരക്ഷ അവകാശമാക്കാം.

നമുക്കുവേണ്ടി ക്രൂശിൽ എല്ലാം നിവർത്തിച്ച ക്രിസ്തുവിനെ കൈക്കൊള്ളാത്തതാണ് നമ്മുടെ ശിക്ഷാവിധിയുടെ അടിസ്ഥാനം. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്:

> "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു."
>
> യോഹ. 1:12

> "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു."
>
> യോഹ. 3:16

ഈ കാര്യം വ്യക്തമായി അറിയുകയും അനുഭവിക്കുകയും ചെയ്തുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറഞ്ഞത്:

> "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല."
>
> റോമർ.8:1

ദരിദ്രനായ ഒരു ബാലൻ പട്ടിണിപ്പാവമായി റോഡരികിൽ തളർന്ന് നാളുകളായി ആഹാരമൊന്നും കഴിക്കാതെയും വസ്ത്രമെല്ലാം കീറിമുഷിഞ്ഞ് നാറിയും കിടന്നിരുന്നു. ആ ബാലനോട്

ആർക്കോ കരുണ തോന്നി  അവനെ ഒരു ആശുപത്രിയിലാക്കി. അവിടെയുള്ള സിസ്റ്റേഴ്സ് അവനെ കുളിപ്പിച്ച്, നല്ല വസ്ത്രം ധരിപ്പിച്ചതിനുശേഷം  അവന് നല്ല ആഹാനം കൊടുത്തു.  അവന് കിടക്കാൻ നല്ല കിടക്ക കൊടുത്തു.  കിടക്കുന്നതിനുമുമ്പ് അവന് ഒരു ഗ്ലാസ് പാൽ കൊടുത്തു.  അവൻ ആ വലിയ ഗ്ലാസ് എടുത്തുപൊക്കി; പക്ഷെ കുടിച്ചില്ല.  അവൻ ചോദിച്ചു:  ഇതിനകത്തുള്ളതെല്ലാം എനിക്ക് കുടിക്കാമോ?

ആ ചോദ്യം ആ നല്ല ശുശ്രൂഷകരുടെ ഹൃദയം തകർത്തു. ഒരു ഗ്ലാസ് പാൽ നിറയെ കുടിക്കാൻ കിട്ടിയിട്ടില്ലാത്ത ആ ബാലന്റെ ദയനീയമായ ചോദ്യം കേട്ടിട്ട് അവർ പറഞ്ഞു:

“മോനെ, മുഴുവൻ നിനക്ക് കുടക്കാം,  സംശയിക്കേണ്ട.”

ഇന്നും അനേകർ ക്രിസ്തു തങ്ങൾക്കുവേണ്ടി ചെയ്തതെന്തെന്നറിയാതെ നിരാശയിലും ദുഃഖത്തിലും കഴിയുന്നു.  ക്രിസ്തു തന്നെത്തന്നെ നമുക്ക് വേണ്ടി തന്നു.  നമ്മുടെ ശിക്ഷയെല്ലാം ക്രിസ്തു ഏറ്റുവാങ്ങി നമ്മെ ശിക്ഷാവിമുക്തരാക്കി.  നിത്യനരകശിക്ഷ നമുക്കൊഴിവാക്കി.  നിത്യസ്വർഗ്ഗസസൗഭാഗ്യം നമുക്ക് സൗജന്യമായി നൽകി.

മകനേ, പ്രിയമകളേ, നീ ഇത് വിശ്വസിക്കുന്നുവോ?  ക്രിസ്തുയേശുവിലായാൽ സകലശിക്ഷയും ഒഴിവാകും എന്ന് നീ വിശ്വസിക്കുന്നുവോ?  എങ്കിൽ ഇപ്പോൾത്തന്നെ ക്രിസ്തുവിനോട് പറയൂ:  നാഥാ, ഇപ്പോൾ മുതൽ ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.  നാഥാ, നിന്നിൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും.  ഇന്നുമുതൽ, നാഥാ ഞാൻ നിന്റെ വക.  ഞാൻ നിന്റെ അടിമ.

# ഏഴ്

“എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും.”

യോഹ. 15:4

ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല.”

റോമർ 8:1

വളരെ മനോഹരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒരാൾ തനിയെ ഒരു വനത്തിൽ കൂടെ യാത്ര ചെയ്യുകയായിരുന്നു. കുറെ ദൂരം വനത്തിലൂടെ ഉള്ളിലേക്ക് നടന്നപ്പോൾ അങ്ങ് ദൂരെ നിന്ന് കാട്ടുതീ ആളിക്കത്തിവരുന്നതുകണ്ടു. അയാൾ തിരിഞ്ഞോടി. അപ്പോഴിതാ പിറകിലും ഭീകരമായ കാട്ടുതീ. അയാൾ നാലു പാടും ഓടി. നാലുവശത്തും കാട്ടുതീ. രക്ഷപ്പെടാനൊരു മാർഗ്ഗവുമില്ല.

വലിയ മരങ്ങൾ കത്തിമറിയുന്നു. കാടുകൾ കത്തിയമരുന്നു. പക്ഷികൾ ചിറകുകരിഞ്ഞ് ചത്തുവീഴുന്നു. മൃഗങ്ങളെല്ലാം

തീയിൽ കിടന്നു വെന്തെരിയുന്നു. എന്താണ് മാർഗം രക്ഷപ്പെടാൻ?

പെട്ടെന്ന് ഒരു ബുദ്ധി തോന്നി. കൈയിൽ ഒരു തീപ്പെട്ടിയുണ്ട്. അവിടെ കുറെയേറെ സ്ഥലം മുഴുവൻ ഉണങ്ങിയ പുൽപ്പൊന്തക്കാടാണ്. നല്ല ഉണങ്ങിനിൽക്കുന്ന പുൽപ്പൊന്തകൾ. അയാൾ അതിന് തീ കൊടുത്തു. അത് ആളിക്കത്തി. പുല്ലായതുകൊണ്ട് കത്തിക്കഴിഞ്ഞ് ശേഷിക്കാൻ കനലുണ്ടായിരുന്നില്ല. ആ കത്തിക്കഴിഞ്ഞ സ്ഥലത്തേക്ക് അയാൾ കടന്നു നിന്നു.

നാലുഭാഗത്തുനിന്നും ഭീകരമായ കാട്ടുതീ ആളിക്കത്തി അടുക്കുകയാണ്. പക്ഷെ അയാൾ നിൽക്കുന്നിടത്തു തീ വരുന്നില്ല. എന്താണ് കാരണം? അവിടെ കത്തിക്കഴിഞ്ഞു. ഇനി അവിടെ കത്തുപിടിക്കാനൊന്നുമില്ല. അയാൾ സുരക്ഷിതനായി അവിടെ നിന്നു.

ഇതൊരു കഥയാണ്. ഇതിന്റെ ആശയം നിങ്ങൾക്ക് വ്യക്തമായില്ലേ? യേശു ഒരിക്കലായി പാപത്തിന്റെ ശിക്ഷയേറ്റ് ദൈവക്രോധാഗ്നിയിൽ എരിഞ്ഞു. ക്രിസ്തുവിൽ ഒരാൾ വസിച്ചാൽ അയാൾ ഇനി ദൈവ ക്രോധാഗ്നിയിൽ കത്തണ്ട. ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല.

തിരുവചനം വായിക്കുമ്പോൾ ഏഴുവിധം ന്യായവിധികൾ ഉണ്ടെന്ന് കാണാം.

| | | |
|---|---|---|
| ഒന്ന്, | ലോകത്തിന്റെ ന്യായവിധി | യോഹ.12:31 |
| രണ്ട്, | തന്നത്താനുള്ള ന്യായവിധി | 1 കൊരി. 11:31 |
| മൂന്ന്, | വിശ്വാസികൾക്കുള്ള ന്യായവിധി | 2 കൊരി. 5:10 |

| | | |
|---|---|---|
| നാല്, | ജാതികളുടെ ന്യായവിധി | മത്തായി. 25:31–46 |
| അഞ്ച്, | യിസ്രായേലിന്റെ ന്യായവിധി | യെഹ. 20:35–38 |
| ആറ്, | ദൂതന്മാരുടെ ന്യായവിധി | യൂദാ. 6 |
| ഏഴ്, | വെള്ളസിംഹാസനത്തിലെ ന്യായവിധി | വെളി. 20:11–15 |

ഇവയിൽ ഒന്നാമത്തേത് ലോകത്തിന്റെ ന്യായവിധിയാണ്. അത് പാപത്തിന്റെ മേലുള്ള ദൈവികന്യായവിധിയാണ്. ആ ന്യായവിധിയിൽ ശിക്ഷിക്കപ്പെട്ടത് നിത്യസ്നേഹമായ കർത്താവായ യേശുക്രിസ്തുതന്നെയാണ്.

ദൈവത്തിന് പാപത്തോട് അല്പംപോലും ചേർച്ചയില്ല. പാപി ശിക്ഷിക്കപ്പെടണം. പാപിയെ ശിക്ഷിക്കാതിരിപ്പാൻ സാദ്ധ്യമല്ല. എന്നാൽ മനുഷ്യനെ, പാപിയായ മനുഷ്യനെ ദൈവം സ്നേഹിക്കുന്നു. മനുഷ്യൻ ദണ്ഡിക്കപ്പെടുന്നതുകാണാൻ ദൈവത്തിന്റെ അനന്തസ്നേഹത്തിന് കഴിവില്ല. അതുകൊണ്ട് ദൈവം തന്റെ ഏകജാതനായ പുത്രനെ പാപിയുടെ പാപം ഏറ്റെടുത്ത് പാപത്തിന്റെ ശിക്ഷയേൽക്കാൻ വിട്ടുകൊടുത്തു. ഇതാണ് കാൽവരി ക്രൂശിൽ വെളിപ്പെടുത്തിയ സ്നേഹം.

റഷ്യയിൽ സാർ ചക്രവർത്തിമാർ ഭരിച്ചിരുന്ന കാലം, നാട്ടിൽ അഴിമതിയും കൈക്കൂലിയും പാടില്ല എന്ന് രാജാവ് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അഴിമതിയോ, കൈക്കൂലിയോ കണ്ടുപിടിച്ചാൽ മുക്കാലിൽ കെട്ടി നൂറു അടി.

രാജാവിന്റെ അമ്മയെ ഒരാൾ സേവപിടിച്ചു. അമ്മയ്ക്കു കൈക്കൂലികൊടുത്തു ഒരു കാര്യം സാധിച്ചെടുത്തു. അരമന രഹസ്യം അങ്ങാടിയിൽ പാട്ടല്ലേ? ജനമെല്ലാം അറിഞ്ഞു. അമ്മ

നൂറടികൊണ്ടേ പറ്റൂ. പരസ്യമായിട്ടാണ് ശിക്ഷ.

സമയവും സ്ഥലവും നിശ്ചയിച്ചു. ജനമെല്ലാം വന്നുകൂടി രാജാവിന്റെ അമ്മയെ മുക്കാലിയുടെ അരികിൽ കൊണ്ടുവന്നു നിറുത്തി. അപ്പോഴിതാ രാജാവുതന്നെ സിംഹാസനത്തിൽ നിന്ന് അങ്ങോട്ടിറങ്ങിച്ചെന്നു. നൂറടിയും രാജാവു ഏറ്റുവാങ്ങി. അമ്മ അടിയൊന്നും കൊണ്ടില്ല. അമ്മയെ അങ്ങനെ രാജാവ് ശിക്ഷ യിൽ നിന്ന് ഒഴിവാക്കി.

പാപി ഏൽക്കേണ്ട ശിക്ഷ ക്രിസ്തു സ്വന്തം ശരീരത്തിൽ വഹിച്ചു.

യേശുക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പത് വർഷം മുമ്പ് യെശയ്യാ പ്രവാചകൻ പറഞ്ഞു:

> "അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസ നപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചു കളയത്തക്ക വണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല, സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാ രിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാ നത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം

> വന്നുമിരിക്കുന്നു..... യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി..... അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്നു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു..... അവനെ തകർത്തുകളവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി. അവൻ അവനു കഷ്ടം വരുത്തി..... അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴിക്കിക്കളയുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നും കൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽത്തന്നെ."
>
> യെശയ്യാവ്. 53:2–11

പ്രിയ ദൈവപൈതലേ, ക്രിസ്തു നിന്റെ പാപമെല്ലാം ഏറ്റെടുത്ത് നിത്യശിക്ഷ നിനക്ക് ഒഴിവാക്കിത്തന്നു എന്ന് നീ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ, മകനേ, പ്രിയമകളേ, നീ ഇപ്പോൾ മുതൽ ഒരു പുതിയ ജീവിതം നയിക്കും. ക്രൂശിലെ ആ ത്യാഗോജ്ജ്വല സ്നേഹം നീ കണ്ടാൽ ഇനിയും ആ സ്നേഹത്തെ ഞാൻ മുറിവേൽപ്പിക്കുകയില്ല എന്ന് നീ തീരുമാനിക്കും.

രണ്ടാമത്തെ ന്യായവിധി തന്നത്താനുള്ള ന്യായവിധിയാണ്. പൗലോസ് പറയുന്നു:

> "നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല, വിധിക്കപ്പെടുന്നുവെങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു."
>
> 1 കൊരി. 11:31–32

New international version -ൽ ഈ വാക്യം കുറെക്കൂടി സുഗ്രഹമാണ്.

"If we judge ourselves, we would not come under judgement, When we are judged by the Lord, we are being disciplined so that we will not be condemned with the WORLD.''

“നാം നമ്മെത്തന്നെ വിധിക്കുമെങ്കിൽ ന്യായവിധിയിൻകീഴ് വരികയില്ല. കർത്താവു നമ്മെ വിധിക്കുമ്പോൾ ലോകത്തോടുകൂടെ ശിക്ഷ വിധിക്കപ്പെടാതിരിക്കേണ്ടതിന് നമ്മെ അച്ചടക്കം അഭ്യസിപ്പിക്കുകയാണ്.”

Living Bible പറയുന്നു.

"If you carefully examine yourselves you will not need to be judged and pinished yet. When we are judged and punished by the Lord, it is so that we will not be condemned with the rest of the world.''

“നിങ്ങൾ സൂക്ഷ്മതയോടെ സ്വയം ശോധന ചെയ്യുമെങ്കിൽ, നിങ്ങളെ വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യേണ്ടി വരികയില്ല. ദൈവം നമ്മെ വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ, അത് ലോകത്തിലെ മറ്റാളുകളൊടൊപ്പം ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കാൻ ഉതകുന്നതാണ്.”

കൊരിന്തിലെ വിശ്വാസികളോട് വീണ്ടും പൗലോസ് പറഞ്ഞു:

> “നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന്
> നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ
> ശോധന ചെയ്വിൻ.”
>
> 2 കൊരി. 13:5

നാം എപ്പോഴും നമ്മെത്തന്നെ ശോധന ചെയ്യേണ്ടതാണ്.

സങ്കീർത്തനക്കാരനായ ദാവീദ് കൂടെക്കൂടെ സ്വയം ശോധന ചെയ്യുമായിരുന്നു.

“ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ, വ്യസനത്തിനുള്ള മാർഗ്ഗം എന്നിലുണ്ടോ എന്നു നോക്കി ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ.

സങ്കീ. 139:23–24

N.I.V. ൽ നാം ഇങ്ങനെ വായിക്കുന്നു:

"Search me, O God, and know my heart. Test me and know my anxious thoughts. See if there is nay offensive way in me and lead me in the way everlasting.''

Living Bible –ൽ ഈ വാക്യം കുറെക്കൂടി വിശദവും ലളിതവുമാണ്.

"Search me, O God, and know my heart, test my thoughts, point out anything you find in me that makes you sad, and lead me along the path of everlasting life.''

“ദൈവമേ, എന്നെ ശോധന ചെയ്യേണമേ. എന്റെ ഹൃദയത്തെ അറിയണമേ; എന്റെ ചിന്തകളെ പരിശോധിക്കണമേ, നിന്നെ ദുഃഖിപ്പിക്കുന്ന എന്തെങ്കിലും എന്നിൽ ഉണ്ടെങ്കിൽ അതിന്റെ നേരെ വിരൽ ചൂണ്ടേണമേ. നിത്യജീവന്റെ പാതയിൽ എന്നെ നയിക്കേണമേ.”

പത്തൊമ്പതാം സങ്കീർത്തനത്തിൽ നാം കാണുന്നു:

> “തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആര്? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ; സ്വമേധാ പാപങ്ങളെ അകറ്റി അടിയനെ

> കാക്കേണമേ; അവ എന്റെ മേൽ വാഴരുതേ. എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും."
>
> സങ്കീ. 19:12–13

രഹസ്യപാപങ്ങളെ എന്നോടു ക്ഷമിക്കണമേ എന്നാണ് സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നത്.

"How can I ever know what sins are lurking in my heart? Cleanse me from these hidden faults, and keep me from deliberate wrongs; help me to stop doing them. Only then can I be free of guilt and innocent of some great crime.'' Living Bible.

തന്നത്താൻ ശോധന ചെയ്ത് പാപങ്ങളെ ഒന്നൊന്നായി കണ്ടിപിടിച്ച് അനുതപിച്ചാൽ, മേലിൽ ആവർത്തിക്കുകയില്ലെന്ന് തീരുമാനിച്ചാൽ, ദൈവം എല്ലാം ക്ഷമിച്ചുതരും.

യിരമ്യാവു പറയുന്നു.

> "ഒരുത്തൻ വീണാൽ എഴുന്നേൽക്കുകയില്ലയോ? ഒരുത്തൻ വഴിതെറ്റിപോയാൽ മടങ്ങിവരികയില്ലയോ?"
>
> യിരമ്യാവ് 8:4

മീഖാപ്രവാചകൻ പറയുന്നു:

> "ഞാനോ യഹോവയിങ്കലേക്ക് നോക്കും; എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. എന്റെ ശത്രുവായവളെ, എന്നെ ചൊല്ലി സന്തോഷിക്കരുത്. വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും. ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക്

വെളിച്ചമായിരിക്കുന്നു."

മീഖ. 7:7–8

"യെരുശലേമിലെ ഈ ജനമോ ഇടവിടാത്ത പിന്മാറ്റമായി പിന്മാറിയിരിക്കുന്നതും വഞ്ചന മുറുകെ പിടിച്ചുകൊണ്ട് മടങ്ങിവരുവാൻ മനസ്സില്ലാതിരിക്കുന്നതും എന്ത്? ഞാൻ ശ്രദ്ധവെച്ചു കേട്ടു. അവർ നേരു സംസാരിച്ചില്ല. അയ്യോ ഞാൻ എന്തു ചെയ്തുപോയി എന്നു പറഞ്ഞ് ആരും തന്റെ ദുഷ്ടതയെ കുറിച്ച് അനുതപിച്ചില്ല."

യിരമ്യ. 8:5–6

അനുതാപത്തോടെ ദൈവസന്നിധിയിലേക്ക് മടങ്ങിവരുവാൻ ഹോശേയാ പ്രവാചകനും ആഹ്വാനം ചെയ്യുന്നുണ്ട്.

"യിസ്രായേലേ, നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് മടങ്ങി ചെല്ലുക; നിന്റെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നത്; നിങ്ങൾ അനുതാപവാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്ന് അവനോട്: സകല അകൃത്യത്തെയും ക്ഷമിച്ചു, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ..... എന്നു പറവിൻ."

ഹോശേയ 14:1–2

യോവേൽ പ്രവാചകൻ പറയുന്നു:

"ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്ക് തിരിവിൻ എന്ന് യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ

ത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവ
യുടെ അടുക്കലേക്ക് തിരിവിൻ."

യോവേൽ 2:12–13

ദൈവവചനത്തിന്റെ വെളിച്ചത്തിൽ തന്നത്താൻ ശോധന ചെയ്യണം. അപ്പോഴാണ് സ്വന്തം അവസ്ഥ വ്യക്തമായി കാണാൻ സാധിക്കുന്നത്.

ചൈനയിലെ ധനികനായ ഒരു മനുഷ്യൻ ഇംഗ്ലണ്ട് സന്ദർശിക്കാൻ പോയി. വളരെ ശക്തിയുള്ള ഒരു സൂക്ഷ്മദർശിനി (Microscope) ഇംഗ്ലണ്ടിൽ നിന്നും അദ്ദേഹം കൊണ്ടുവന്നു. ഒരു ദിവസം അദ്ദേഹം ഊണ് കഴിച്ചുകൊണ്ടിരുന്നപ്പോൾ ആ സൂക്ഷ്മദർശിനിയിലൂടെ ചോറിലേക്ക് നോക്കി. "അയ്യോ, ഭയങ്കരം" അദ്ദേഹം വിളിച്ചുകൂകി. ചോറിൽ മുഴുവൻ വളരെ ചെറിയ ചില ജീവികൾ സഞ്ചരിക്കുന്നു.! അദ്ദേഹം ബുദ്ധമതവിശ്വാസിയായിരുന്നു. അഹിംസാ സിദ്ധാന്തം അനുസരിച്ച് ഒരു ജീവിയേയും കൊല്ലരുത്. എന്തുചെയ്യും? അദ്ദേഹത്തിന് ചോറു വളരെ ഇഷ്ടമാണ്. അദ്ദേഹം എന്തു ചെയ്തെന്നോ? ആ മൈക്രോസ്കോപ്പ് പൊട്ടിച്ചുതകർത്തു.

"എന്തൊരു വിഡ്ഢിത്തം" നമുക്ക് തോന്നാം. എന്നാൽ ഇത് അത്രയ്ക്ക് മണ്ടത്തരമൊന്നുമല്ല. വചനത്തെ കൊക്കൊള്ളാതെ വചനത്തെ നിന്ദിക്കുന്നവരെ ഓർക്കുമ്പോൾ ബൈബിൾ വായിക്കുകയോ തിരുവചനം കേൾക്കുകയോ ചെയ്യുമ്പോൾ സ്വന്തം ഹൃദയം വെളിപ്പെടുന്നതുകൊണ്ട് അനേകം ആളുകൾ തിരുവചനം നിഷേധിക്കുന്നു. തിരുവചനത്തെ എതിർക്കുന്നു.

പ്രിയദൈവപൈതലേ, നീ തിരുവചനവെളിച്ചത്തിൽ നിന്റെ ജീവിതം ശോധന ചെയ്യുന്നുണ്ടോ? നിന്റെ ജീവിതത്തിലെ തെറ്റുകളെ നീ കാണുന്നുണ്ടോ? ഒരു ന്യായീകരണവും കൂടാതെ നിന്റെ

തെറ്റുകളെ തെറ്റായിതന്നെ കാണാൻ നിനക്ക് കഴിയുന്നുണ്ടോ? നിന്റെ പാപങ്ങളെ എണ്ണിയെണ്ണി ഓർത്ത് അനുതപിക്കാൻ നിനക്ക് സാധിക്കുന്നുണ്ടോ? തകർന്നതും നുറുങ്ങിയതുമായ ഒരു ഹൃദയം നിനക്ക് ലഭിക്കുന്നുണ്ടോ? പാപങ്ങളെ വേദനയോടെ ഏറ്റുപറയാനും മേലിൽ അവ ജീവിതത്തിൽ വരികയില്ല എന്ന് ഉറച്ച് അവയെ ഉപേക്ഷിക്കാനും കഴിയുന്നുണ്ടോ? നിന്നെത്തന്നെ ന്യായം വിധിപ്പാൻ നിനക്ക് സാധിക്കുന്നുണ്ടോ?

ദാവീദ് പാപത്തെ ഓർത്ത് അനുതപിച്ചു. ദൈവം ദാവീദിനു പാപക്ഷമ നൽകി.

പത്രോസ് പാപത്തെ ഓർത്ത് പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു. പത്രോസിനെ കർത്താവ് യഥാ സ്ഥാനപ്പെടുത്തി.

മകനെ, നിനക്കും അനുഗ്രഹം പ്രാപിക്കാം. നിനക്കും വിശുദ്ധന്മാരുടെ നിരയിലെത്താം. ദൈവം നിങ്ങളെ അനുഗ്ര ഹിക്കട്ടെ.

# എട്ട്

"എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും."

യോഹ. 15:4

ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."

റോമർ 8:1

ഏഴു ന്യായവിധികൾ ഉണ്ട്.

1. പാപത്തിന്റെ മേലുള്ള ദൈവികന്യായവിധി.
2. തന്നത്താനുള്ള ന്യായവിധി.
3. വിശ്വാസികൾക്കുള്ള ന്യായവിധി.

''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ

വെളിപ്പെടേണ്ടതാകുന്നു."

2 കൊരി. 5:10

ഈ ന്യായവിധി പ്രവൃത്തിക്കുള്ള ന്യായവിധിയാണ്. വിശ്വാസി ഭൂമിയിൽ ആയിരിക്കുമ്പോൾ ചെയ്ത പ്രവൃത്തികൾക്കനുസരിച്ച് ന്യായം വിധിക്കപ്പെടുകയാണ്.

"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നും ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. ആ ദവിസം അതിനെ തെളിവാക്കും: അതു തീയോടെ വെളിപ്പെട്ടുവരും ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തിനിലനില്ക്കും എങ്കിൽ അവന്നു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവന്നു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപോലെ അത്രേ."

1 കൊരി. 3:11–15

രണ്ടുതരത്തിലുള്ള പ്രവൃത്തികൾ ഉണ്ട്. ഒന്ന്, തീയിലിട്ടാൽ കത്തിനശിക്കാത്തത്. രണ്ട്, തീയിൽ സമ്പൂർണ്ണമായി കത്തിപ്പോകുന്നത്. പൊന്ന്, വെള്ളി, വിലയേറിയ രത്നം എന്നിവ തീയിലിട്ടാൽ കത്തിപ്പോകയില്ല. എന്നാൽ മരം, പുല്ല്, വൈക്കോൽ എന്നിവ തീയിലിട്ടാൽ കത്തി ചാമ്പലാകും. നിലനിൽക്കയില്ല.

തീയിൽ കത്തിപ്പോകാത്തവിധത്തിലുള്ള പ്രവൃത്തി ചെയ്യു

ന്നവർക്ക് പ്രതിഫലം നൽകും. അത് കർത്താവിന്റെ മേഘപ്രത്യ ക്ഷതയിൽ നടക്കുന്ന കാര്യമാണ്.

പൊന്ന്, വെള്ളി, രത്നം എന്നിവയ്ക്ക് നാല് പ്രത്യേകതക ളുണ്ട്:

ഒന്ന് : അവ നിലനിൽക്കുന്നവയാണ്

രണ്ട് : അവ മനോഹാരിതയുള്ളവയാണ്

മൂന്ന് : അവ വിലയേറിയവയാണ്.

നാല് : അവ ലഭിക്കാൻ പ്രയാസമുള്ളവയാണ്.

മരം, പുല്ല്, വൈക്കോൽ എന്നിവയുടെ പ്രത്യേകതകൾ:

ഒന്ന് : അവ താൽക്കാലികമാണ്.

രണ്ട് : അവ സാധാരണവസ്തുക്കളാണ്; കാണാൻ ചന്ത മുള്ളവയല്ല.

മൂന്ന് : അവ വില കുറഞ്ഞവയാണ്.

നാല് : അവ ലഭിക്കാൻ എളുപ്പമാണ്.

Cheap grace എന്ന് ജോൺ വെസ്ലി പറയുന്ന തരത്തിലുള്ള ഗൗരവവും ആഴവുമില്ലാത്ത ക്രിസ്തീയ ജീവിതം നയിക്കുന്ന ആളുകളുടെ ജീവിതത്തെയാണ് മരം, പുല്ല്, വൈക്കോൽ എന്നി വകൊണ്ട് സൂചിപ്പിക്കുന്നത്. ലോകജ്ഞാനത്തിലും ലോക ത്തിന്റെ മാന്യത, പ്രതാപം, പദവി, സ്ഥാനമാനങ്ങൾ, ലോക ത്തിന്റെ അംഗീകരണം എന്നിവയിലൂന്നിയും ചെയ്യുന്ന സുവി ശേഷവേലകൾ മരം, പുല്ല്, വൈക്കോൽ എന്നിവയോട് സാദൃ ശ്യപ്പെടുത്താവുന്നതാണ്. എന്നാൽ ദൈവത്തിന്റെ വചനം ദിവ്യ ജ്ഞാനമാണ്. അത് ലോകനീതിക്ക് വിരുദ്ധമാണ്. ലോകത്തിന് അത് ഭോഷത്വമായിരിക്കും. ദൈവത്തിന്റെ വചനം കുടുംബ

ത്തിന് ഭക്ഷണമാണ്; വയലിന് വിത്താണ്, ആലയത്തിന് അതിലെ വസ്തുവകയാണ്. (Materials)

സദൃശ്യവാക്യങ്ങൾ ദൈവവചനമാകുന്ന ജ്ഞാനത്തെ ദൈനംദിനജീവിതത്തിൽ വിനിമയം ചെയ്യേണ്ടതും സംരക്ഷിക്കേണ്ടതും എത്തിപ്പിടിക്കേണ്ടതുമായ ഒരു നിധിയായി സാദൃശ്യവൽക്കരിച്ചിട്ടുണ്ട്.

> "ജ്ഞാനം പ്രാപിക്കുന്ന മനുഷ്യനും വിവേകം ലഭിക്കുന്ന നരനും ഭാഗ്യവാൻ. അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്. അത് മുത്തുകളിലും വിലയേറിയത്."
>
> സദൃശ്യവാക്യങ്ങൾ 3:13–15

> "മകനേ, ജ്ഞാനത്തിന് ചെവി കൊടുക്കുകയും ബോധത്തിന് നിന്റെ ഹൃദയം ചായിക്കുകയും ചെയ്യേണ്ടതിനും എന്റെ വചനങ്ങളെ കൈയ്ക്കൊണ്ട് എന്റെ കൽപ്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചാൽ നീ ബോധത്തിനായി വിളിച്ചു, വിവേകത്തിനായി ശബ്ദം ഉയർത്തുന്നുവെങ്കിൽ അതിനെ വെള്ളിയെപ്പോലെ അന്വേഷിച്ച് നിക്ഷേപങ്ങളെപ്പോലെ തിരയുന്നുവെങ്കിൽ നീ യഹോവ ഭക്തി ഗ്രഹിക്കുകയും ദൈവപരിജ്ഞാനം കണ്ടെത്തുകയും ചെയ്യും."
>
> സദൃ. 2:1–5

> "വെള്ളിയേക്കാൾ എന്റെ പ്രബോധനവും മേത്തരമായ പൊന്നിനേക്കാൾ പരിജ്ഞാനവും കൈക്കൊൾവിൻ. ജ്ഞാനം മുത്തുകളേക്കാൾ

> നല്ലതാകുന്നു; മനേഹരമായതൊന്നും അതിന്നു തു
> ല്ല്യമാകയില്ല."
>
> സദൃ. 8:10–11

പൊന്ന്, വെള്ളി, മുത്ത് എന്ന് ഈ ഭാഗങ്ങളിലൊക്കെയും പറഞ്ഞിരിക്കുന്നത് ദൈവത്തിന്റെ വചനത്തെയാണ്. വചനത്തിന്റെ ആഴത്തിലേക്ക് നാം പോകേണ്ടതാണ്.

യുവമിഷണറിമാർ, ഡോ. ക്യാപ്ബൽ മോർഗനോട് അദ്ദേഹത്തിന്റെ പ്രസംഗവിജയത്തിന്റെ രഹസ്യമെന്തെന്ന് ചോദിച്ചു. മോർഗന്റെ മറുപടി:

"ഞാൻ എല്ലായിപ്പോഴും ജനത്തോട് പറയുന്നത്: ജോലി ചെയ്യുക; കഠിന ജോലി ചെയ്യുക; വീണ്ടും വിശ്രമിക്കാതെ അദ്ധ്വാനിക്കുക."

മോർഗൻ എന്നും രാവിലെ ആറു മണിക്ക് പ്രാർത്ഥനാ മുറിയിൽ കയറും വേദപുസ്തകത്തിലെ നിധികൾ ഖനനം ചെയ്യാൻ തുടങ്ങും.

സ്നേഹിതരേ, നിങ്ങൾക്ക് മരവും, പുല്ലും, വൈക്കോലും മതിയെങ്കിൽ അത് സുലഭമായി നിങ്ങളുടെ മുറ്റത്തോ വീടിന്റെ പരിസരങ്ങളിലോ ലഭിക്കും. അതിന് വലിയ കഠിനാദ്ധ്വാനമൊന്നും ആവശ്യമില്ല. നിങ്ങൾക്കുവേണ്ടത് പൊന്നോ, വെള്ളിയോ, മുത്തോ ആണെങ്കിൽ അതിന് ആഴത്തിൽ കുഴിക്കണം. കഠിനാദ്ധ്വാനം ചെയ്യണം.

ഒടുവിലത്തെ ന്യായവിധിയിൽ നമ്മുടെ പ്രവൃത്തികൾ തീയിൽ കൂടി ശോധന ചെയ്യുമ്പോൾ കത്തി നശിക്കാതെ തിളക്കത്തോടെ നിലനിർത്തമെങ്കിൽ ഇന്ന് പ്രവർത്തികളെ ക്രിസ്തുവിന്റെ ഹിതാനുസരണമായും തിരുമഹത്വത്തിനായും ക്രമപ്പെടു

ത്തേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവ് അരുളിച്ചെയ്തു:

"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വ പ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവ രുടെ മുമ്പിൽ പ്രകാശിക്കട്ടെ."

മത്തായി 5:16

പൗലോസ് പറഞ്ഞു:

"വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചു കൂടാ; മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും. നന്മ ചെയ്കയിൽ നാം മടുത്തു പോകരുത്; തളർന്നു പോകാഞ്ഞാൽ തക്ക സമയത്ത് നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാ വർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക."

ഗലാത്യർ 6:7–10

"ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽനിന്ന് പ്രതിഫലം പ്രാപി ക്കും എന്നു നിങ്ങൾ അറിയുന്നുവല്ലോ."

എഫെ. 6:8

"അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യാ യത്തിനു ഒത്തതു പ്രാപിക്കും; മുഖപക്ഷമില്ല."

കൊലൊസ്യർ 3:25

ഒന്ന്, നമ്മുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടാകും.

രണ്ട്, നമ്മുടെ വാക്കുകൾക്ക് ചേർന്നതായ ന്യായവിധി ഉണ്ടാകും.

> "മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോട് പറയുന്നു."
>
> മത്തായി. 12:36

മൂന്ന്, നമ്മുടെ വിചാരങ്ങൾക്ക് ന്യായവിധി ദിവസത്തിൽ കണക്കുബോധിപ്പിക്കേണ്ടിവരും.

> "ആകയാൽ കർത്താവ് വരുവോളം സമയത്തിനുമുമ്പേ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. അന്നു ഓരോരുത്തനു ദൈവത്തിങ്കൽ നിന്നും പുകഴ്ച ഉണ്ടാകും."
>
> 1 കൊരി. 4:5

> "ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകലസഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്കു തക്കവണ്ണം ഞാൻ നിങ്ങൾക്കു ഏവർക്കും പകരം ചെയ്യും."
>
> വെളിപ്പാട് 2:23

> "യഹോവ സർവ്വ ഹൃദയങ്ങളേയും പരിശോധിക്കുകയും വിചാരങ്ങളും നിരൂപണങ്ങളും എല്ലാം

ഗ്രഹിക്കുകയും ചെയ്യുന്നു."

1 ദിന. 28:9

"നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരി ന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ..... ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു."

സങ്കീ. 7:9–11

ദൈവം നമ്മുടെ പ്രവൃത്തികളെയും വാക്കുകളെയും വിചാ രങ്ങളെയും ന്യായം വിധിക്കുവാനായി വീണ്ടും വരും. നിഖ്യാ വിശ്വാസപ്രമാണത്തിൽ മുന്നൂറ്റിപ്പതിനെട്ട് ബാവമാർ പ്രഖ്യാപിച്ച വിശ്വാസപ്രമാണം അങ്ങനെയാണല്ലോ പറയുന്നത്.

"ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ കർത്താവായ യേശുക്രിസ്തു."

"നമ്മിൽ ഓരോരുത്തൻ ദൈവത്തോടുകണക്കു ബോധിപ്പി ക്കേണ്ടി വരും" എന്ന് പൗലോസ് റോമർക്കെഴുതിയ ലേഖന ത്തിൽ പറയുന്നു. 14:12

ജീവികളേയും മരിച്ചവരേയും ന്യായം വിധിപ്പാൻ ഒരുങ്ങി യിരിക്കുന്നവനു അവർ കണക്കുബോധിപ്പിക്കേണ്ടിവരും. 1 പത്രോസ് 4:5

"അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തി ക്കുതക്ക പകരം ചെയ്യും."

റോമർ 2:6

താലന്തുകളുടെ ഉപമയിൽ നമ്മുടെ കർത്താവ് പറയുന്നു:

"വളരെ കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ
യജമാനൻ വന്നു അവരുമായി കണക്കുതീർത്തു."

മത്തായി 25:19

"ദൈവം നല്ലതും തീയതുമായ സകല പ്രവർത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ.'' എന്ന് ജ്ഞാനിയായ ശലോമോൻ പറയുന്നു. സഭാപ്രസംഗി 12:14

നീതിയോടുകൂടിയ ഒരു ന്യായവിധി ഉണ്ടെന്ന് പുണ്യവാന്മാരായ പിതാക്കന്മാർ അറിഞ്ഞിരുന്നു. അവർ പാടി:

"നീതിയിൽ വിധി ചെയ്യും
ന്യായാധിപതേ നീ
ഏറ്ററുതേ വിധിയിൽ
കടമോർത്തീടരുതേ
ന്യായാധിപ ന്യായാധിപതേ അങ്ങേയ്ക്കരിശം
ചേർത്ത കടത്താലെൻ തലതാഴ്ത്തരുതേ വിധിഗേഹേ
മോചനയോഗ്യതയില്ലെങ്കിലുമെന്നിലിരിക്കും
നിൻ തിരുമെയ്യും രക്തവുമോർത്തെന്മേൽ കൃപചെയ്ക
നിൻ സ്നേഹാൽ സ്ളീബാ ഞാൻ കൂപ്പി
പിഴപോക്കി നിൻമെയ് രുധിരങ്ങൾ
ഹിതമൊടുകരുണാമയനീശോ മമ നൽകുക മുക്തി."

ന്യായവിസ്താരത്തിൽ പൊന്ന്, വെള്ളി, വിലയേറിയ രത്നം എന്നിവയ്ക്ക് തുല്യമായി നിലനിൽക്കുന്നതും വിലയേറിയതുമായ പ്രവർത്തികൾ ചെയ്യുന്ന ആൾക്ക് കർത്താവ് പ്രതിഫലം നൽകും. അവയെക്കുറിച്ച് തിരുവചനം പറയുന്നു:

> "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കുതക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്."
>
> വെളിപ്പാട് 22:12

യെശയ്യാവ് പറയുന്നു:

> "ഇതാ, നിന്റെ രക്ഷ വരുന്നു; കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലുമുണ്ട്."
>
> യെശ. 62:11

ഈ പ്രതിഫലത്തെയാണ് കിരീടങ്ങൾ എന്ന് വചനത്തിൽ പറഞ്ഞിരിക്കുന്നത്.

അവ –

| | | |
|---|---|---|
| ഒന്ന്, | നീതിയുടെ കിരീടം | 2 തിമോ. 4:8 |
| രണ്ട്, | പ്രശംസാ കിരീടം | 1 തെസ്സ 2:19 |
| മൂന്ന്, | തേജസ്സിന്റെ കിരീടം | 1 പത്രോസ് 5:4 |
| നാല്, | ജീവന്റെ കിരീടം | വെളി. 2:10 |
| അഞ്ച്, | വാടാത്ത കിരീടം | 1 കൊരി 9:25 |

പരിശുദ്ധ പിതാക്കന്മാർ ഈ കിരീടങ്ങളാകുന്ന പ്രതിഫലത്തെക്കുറിച്ച് ആത്മാവിൽ കാണുകയും വിശ്വസിക്കുകയും പിൽക്കാല തലമുറയ്ക്കായി പകർന്നുതരികയും ചെയ്തു.

മനോഹരമായ ആ ഗീതത്തിന്റെ ആശയം ഏതാണ്ടിതുപോലെയാണ്:

"യജമാനനും കർത്താവുമായ യേശുക്രിസ്തു വീണ്ടും വ

രും. ആ സമയത്ത് ഉണർവുള്ളവരായി തന്റെ സഭയാകുന്ന മുന്തിരിത്തോപ്പിൽ വേലയിൽ നിരതരായി കാണുന്ന ദാസന്മാർ അത്രെ ധന്യന്മാർ. പകലെല്ലാം തന്റെകൂടെ അദ്ധ്വാനിച്ചവരായ ആ ദാസന്മാരെ കർത്താവ് അരകെട്ടി ശുശ്രൂഷ ചെയ്യും. പിതാവായ ദൈവം അവരെ വിരുന്നുമേശയിലിരുത്തും. പുത്രനാം ദൈവം അവരെ ശുശ്രൂഷിക്കും, ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് കിരീടം മെടഞ്ഞ് അവരുടെ ശിരസ്സിൽ അണിയിക്കും."

യജമാനൻ വരുമന്നേരത്തുണർവ്വുള്ളോരായി

മുന്തിരിത്തോപ്പിൽപ്പണിയായി കാൺമോരേ ധന്യാരാം;

പകലെല്ലാംതൻ – കൂടെപണിതോ–

രവർക്കവനരകെട്ടി – പ്പരികർമ്മിച്ചീടും

താതനിരുത്തും മേശയ്ക്കായ് പരികർമ്മിക്കും സുതൻ

റൂഹ്ക്കുദിശാ പാറക്കലീത്താ മുടയുന്നോരോ മുടി

ഹാല്ലേലുയ്യാ – ചൂടും മകുടത്തിൽ.

മാന്യസഹോദരാ, പ്രിയസഹോദരി, ഒരു ന്യായവിസ്താര ദിവസമുണ്ടെന്ന് നീ വിശ്വസിക്കുന്നുവോ? നിന്റെ പ്രവൃത്തികൾ വാക്കുകൾ, വിചാരങ്ങൾ എന്നിവയ്ക്കൊത്ത് ഒരു ന്യായവിധിയുണ്ടാകും എന്ന് നീ വിശ്വസിക്കുന്നുവോ? നിന്റെ ഐഹികജീവിതത്തിലെ പ്രവൃത്തികൾ നിത്യതയിലേക്ക് മുതൽക്കൂട്ടായിട്ടുണ്ട് എന്ന് നിനക്ക് സന്തോഷത്തോടെ കാണാനും ദൈവത്തെ സ്തുതിപ്പാനും നിനക്കുവകയുണ്ടോ? പ്രതിഫലങ്ങൾ പങ്കിടുന്ന ആ ന്യായവിസ്താരത്തിൽ കിരീടം പ്രാപിപ്പാൻ നീ ഒരുങ്ങിയോ?

അപ്പോസ്തലനായ പൗലോസ് റോമൻ കാരാഗൃഹത്തിൽ കിടക്കുമ്പോൾ അറിഞ്ഞു, തന്നെ വധിക്കാനുള്ള ദിവസം അടുത്തു എന്ന്. പൗലോസ് തന്റെ ഒടുവിലത്തെ ലേഖനത്തിൽ എഴുതി.

> "ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ."
>
> 2 തിമൊഥെ 4:6–8

സ്നേഹിതാ, ഈ വാക്കുകളുടെ പിന്നിലുള്ള പ്രാഗത്ഭ്യവും ആത്മധൈര്യവും നിനക്കും പ്രാപിക്കണമോ? എങ്കിൽ ഇപ്പോൾത്തന്നെ നിന്റെ ഭാവി ജീവിതം ക്രിസ്തുവിന്റെ കൈകളിലേക്ക് കൊടുക്കുക. ഇന്നുമുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കുക.

## ഒമ്പത്

"എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും."

യോഹ. 15:4

ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല."

റോമർ 8:1

ഏഴു ന്യായവിധികൾ ഉണ്ട്.

1. പാപത്തിന്റെ മേലുള്ള ദൈവികന്യായവിധി.
2. തന്നത്താനുള്ള ന്യായവിധി.
3. വിശ്വാസികൾക്കുള്ള ന്യായവിധി.
4. ജാതികളുടെ ന്യായവിധി.

ജാതികളുടെ ന്യായവിധി തിരുവചനത്തിൽ തേജസ്സിന്റെ സിംഹാസനത്തിലെ ന്യായവിധി എന്ന പേരിൽ നമുക്ക് കാണാം.

"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശു

ദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജ
സ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാ
തികളേയും അവന്റെ മുമ്പിൽ കൂട്ടും; അവൻ
അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാ
ടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ
വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും
കോലാടുകളെ ഇടത്തും നിർത്തും. രാജാവു
തന്റെ വലത്തുള്ളവരോടു അരുളി ചെയ്യും. എന്റെ
പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ;
ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കി
യിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ.....
പിന്നെ അവൻ ഇടത്തുള്ളവരോടു : ശപിക്കപ്പെട്ട
വരേ, എന്നെ വിട്ട് പിശാചിന്നും അവന്റെ ദൂത
ന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു
പോകുവിൻ..... ഇവർ നിത്യദണ്ഡനത്തിലേക്കും
നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും."

മത്തായി 25:31–46

ഈ ന്യായവിധിയെക്കുറിച്ച് യോവേൽ പ്രവാചകൻ മുൻകൂട്ടിപറഞ്ഞിട്ടുണ്ട്:

"ഞാൻ സകല ജാതികളെയും കൂട്ടി യഹോശാ
ഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ
ജനം നിമിത്തവും എന്റെ അവകാശമായ ഇസ്രാ
യേൽ നിമിത്തവും അവരോടു വ്യവഹരിക്കയും
ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ
ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞു
വല്ലൊ."

യോവേൽ 3:1–2

ജാതികൾ ഉണർന്നു യഹോശാഫാത്ത് താഴ്‌വരയിലേക്ക് പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകല ജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും..... വിധിയുടെ താഴ്‌വരയിൽ അസംഖ്യസമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്‌വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. യോവേൽ 3:12–14

തേജസ്സിന്റെ സിംഹാസനത്തിലെ ന്യായവിധിയിൽ രാജാവ് മൂന്നുകൂട്ടം ആളുകളെക്കുറിച്ച് പരാമർശിക്കുന്നു.

ഒന്ന്, വലത്തുള്ളവർ (സഹായിച്ചവർ)

രണ്ട്, ഇടത്തുള്ളവർ (സഹായിക്കാത്തവർ)

മൂന്ന്, എന്റെ ഈ ഏറ്റവും ചെറിയവർ.

എന്റെ ഈ ഏറ്റവും ചെറിയവർ എന്നുപറയുന്നത് കർത്താവിന്റെ പ്രിയരാണ്. കർത്താവിന്റെ സ്വന്തജനമാണ്.

കർത്താവു അരുളി ചെയ്തിട്ടുണ്ട്.

> “എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു, തിരിക്കല്ലുകെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തികളയുന്നത് അവന്നു നന്ന്.”
>
> മത്തായി 18:6

> “ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻസൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു.”
>
> മത്തായി 18:10–11

> "ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നത് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല."
>
> മത്തായി 18:14

ജീവനുള്ള ദൈവത്തിനു പ്രിയപ്പെട്ടവരെ എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചുള്ള ന്യായവിധിയാണ്, തേജസ്സിന്റെ സിംഹാസനത്തിലെ ന്യായവിധി. എന്റെ ഈ ഏറ്റവും ചെറിയ സഹോദന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളമെല്ലാം എനിക്കു ചെയ്തു എന്ന് സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നാണ് (മത്തായി 25:40) കർത്താവ് വലതുഭാഗത്തുള്ളവരോടു അരുളിച്ചെയ്യുന്നത്.

> "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."
>
> മത്തായി 25:45

ദൈവത്തിന്റെ പ്രിയ ജനത്തോടുള്ള നമ്മുടെ മനോഭാവമെന്താണ്? ദൈവജനമായ ഇസ്രായേലിനോട് ശത്രുതാഭാവം പുലർത്തിയ ജാതികൾ വലഞ്ഞിട്ടുള്ളത് ചരിത്ര സത്യങ്ങളാണല്ലോ.

അഞ്ചാമത്തെ ന്യായവിധി ഇസ്രായേലിനുള്ള ന്യായവിധിയാണ്.

> "ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിലേക്ക് കൊണ്ടുചെന്നു അവിടെ വെച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും."
>
> യെഹ. 20:35

മഹാപീഡനകാലത്ത് എതിർ ക്രിസ്തുവിന്റെ നിഷ്ഠൂര ഭരണം ഹേതുവായി യഹൂദജാതി മൂന്നരവർഷം മരുഭൂമിയിൽ ഒളിച്ചിരിക്കും. വെളിപ്പാട് പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന "സൂര്യനെ അണിഞ്ഞൊരു സ്ത്രീ യഹൂദ ജാതി യാണ്." "സകലജാതികളേയും ഇരുമ്പുകോൽ കൊണ്ട് മേൽപ്പാ നുള്ളോരു ആൺകുട്ടി" കർത്താവായ യേശുക്രിസ്തുവാണ്."

> മഹോപദ്രവകാലത്ത് "സ്ത്രീ മരുഭൂമയിലേക്ക് ഓടി പ്പോയി. അവിടെ അവളെ ആയിരത്തിരുന്നൂറ്ററു പതുദിവസം പോറ്റേണ്ടതിന് ദൈവം ഒരുക്കി യൊരു സ്ഥലം അവൾക്കുണ്ട്."
>
> വെളി. 12:6

ആയിരത്തിരുന്നൂറ്ററുപതു ദിവസം മൂന്നരവർഷമാണ്. അ തിന് "ഒരു കാലവും ഇരുകാലവും അരക്കാലവും" എന്ന് ബൈബി ളിൽ പറഞ്ഞിട്ടുണ്ട്. എതിർ ക്രിസ്തു വാഴുന്ന ഏഴുവർഷത്തിന്റെ ഒടുവിലത്തെ പകുതിയായ മൂന്നര വർഷമാണത്.

> "സ്ത്രീയ്ക്ക് മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നുപോകേണ്ടതിന് വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു. അവിടെ അവളെ സർപ്പത്തോട് അകലെ ഒരു കാലവും ഇരുകാലവും അര ക്കാലവും പോറ്റി രക്ഷിച്ചു."
>
> വെളി. 12:14

ഈ മൂന്നരവർഷത്തെ "കാലവും, കാലങ്ങളും, കാലാം ശവും" എന്നു ദാനിയേൽ പ്രവചനത്തിൽ കാണുന്നു. ദാനി യേൽ 7:25

ജാതികൾ "വിശുദ്ധ നഗരത്തെ നാല്പ്പത്തിരണ്ടുമാസം ചവി

ട്ടും." എന്ന് വെളിപ്പാട് 11:2–ൽ കാണുന്നതും എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ ഒടുവിലത്തെ പകുതിയായ മൂന്നരവർഷത്തെക്കുറിക്കുന്നു.

എതിർക്രിസ്തുവിനെ സമുദ്രത്തിൽ നിന്ന് കയറുന്ന മൃഗമായി വെളിപ്പാട് പതിമൂന്നാം അദ്ധ്യായത്തിൽ കാണുന്നു. അവനെക്കുറിച്ച് അവിടെ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

> "വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു; നാൽപ്പത്തിരണ്ടു മാസം പ്രവത്തിപ്പാൻ അധികാരവും ലഭിച്ചു."
>
> വെളി. 13:5

ആ കാലത്ത് മോശയും ഏലിയാവും വരുകയും പ്രവചിക്കുകയും ചെയ്യും. "അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കും വരം നൽകും. അവർ രട്ടു ഉടുത്തുംകൊണ്ട് ആയിരത്തിയിരുന്നൂറ്റിഅറുപത് ദിവസം പ്രവചിക്കും." വെളി 11:3

> "വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധം ഉണ്ടാകും; ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ച വട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും."
>
> ദാനിയേൽ 9:26–27

എതിർക്രിസ്തുവിന്റെ ഈ ഭരണത്തെക്കുറിച്ചാണ് നമ്മുടെ കർത്താവ് അരുളി ചെയ്തത്.

> "എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തിൽ നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ."
>
> മത്തായി 24:15

യിസ്രായേൽ ജാതിക്കുനേരിടുന്ന ഈ ഭയാനകമായ ന്യായവിധിയെക്കുറിച്ച് സെഖര്യാവ് പറഞ്ഞിട്ടുണ്ട്. വലിയൊരു ബാധ അന്നുണ്ടാകുമെന്നും മൂന്നിൽ രണ്ടുഭാഗം യഹൂദന്മാർ മരിക്കുമെന്നും സെഖര്യാവ് പ്രവചിച്ചു.

> "സർവ്വദേശത്തിലും മൂന്നിൽ രണ്ടംശം ഛേദിക്കപ്പെട്ടു പ്രാണനെവിടും; മൂന്നിലൊരംശം ശേഷിച്ചിരിക്കും എന്ന് യഹോവയുടെ അരുളപ്പാട്."
>
> സെഖര്യാവ് 13:8

ഇതിനെക്കുറിച്ചാണ് യെശയ്യാവു പറയുന്നത്:

> "കർത്താവു ന്യായവിധിയുടെ കാറ്റുകൊണ്ടും ദഹനത്തിന്റെ കാറ്റുകൊണ്ടും സീയോൻപുത്രിമാരുടെ മലിനത കഴുകിക്കളയുകയും യുരുശലേമിന്റെ രക്തപാതകം അതിന്റെ നടുവിൽ നിന്ന് നീക്കി വെടിപ്പാക്കുകയും" ചെയ്യും.
>
> യെശയ്യാവു 4:3

ആറാമത്തെ ന്യായവിധി ദൂതന്മാരുടെ ന്യായവിധിയാണ്. യൂദായുടെ പുസ്തകത്തിൽ അതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു:

> “തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു.”
>
> യൂദാ. 6

> “പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്തതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായ് കാപ്പാൻ ഏൽപ്പിച്ചു.”
>
> 2 പത്രോസ് 2:4

> “നാം ദൂതന്മാരെ വിധിക്കും എന്ന് നിങ്ങൾ അറിയുന്നില്ലയോ?”
>
> 1 കൊരി 6:3

വീണുപോയ ദൂതന്മാരെക്കുറിച്ച് യെശ്ശ്യാവു പറയുന്നത് ശ്രദ്ധിക്കുക.

> “അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്ന് വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനെ നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും. ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമന പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃയദത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നേവീഴും.”
>
> യെശ. 14:12–15

വീണുപോയ ദൂതന്മാരെപ്പറ്റി യെഹെസ്കേൽ പറയുന്നു:

"നിന്റെ ഹൃദയം നിഗളിച്ചുപോയി. നീ ദൈവമല്ല, മനുഷ്യൻ മാത്രമായിരിക്കെ: ഞാൻ ദൈവമാകുന്നു; ഞാൻ സമുദ്രമദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു."

യെഹെ. 28:2

വീണപോയ ദൂതന്മാരെ വിധിക്കുന്ന ഒരു ദിവസമുണ്ട്. അതാണ് ദൂതന്മാരുടെ ന്യായവിധി.

ഏഴാമതായി, വെള്ളസിംഹാസനത്തിലെ ന്യായവിധി.

"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു. അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു, പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏൽപ്പിച്ചുകൊടുത്തു, മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏൽപ്പിച്ചുകൊടുത്തു; ഓരോരുത്തന് അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി, മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു, ഈ തീ പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും

തീപ്പൊയ്കയിൽ തള്ളിയിടും.”

വെളി. 20:11–15

അന്തമ ന്യായവിധിയാണിത്. നിത്യമരണവും നിത്യ ദണ്ഡനവുമായ തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്ന ഭയാനകമായ അനുഭവം. മരിച്ചവർ ആബാലവൃദ്ധം വിധിക്കപ്പെടുന്ന ന്യായാസനം.

സ്നേഹിതാ, താങ്കളുടെ പേര് ജീവന്റെ പുസ്കത്തിൽ എഴുതി എന്ന ഉറപ്പ് താങ്കൾക്കുണ്ടോ? പള്ളിയിലെ മാമോദീസാ രജിസ്റ്ററിലും വിവാഹരജിസ്റ്ററിലും താങ്കളുടെ പേരുണ്ട്. ജനനമരണ രജിസ്റ്റട്രാറുടെ ഓഫീസിലെ ജനനരജിസ്റ്ററിൽ താങ്കളുടെ പേരുണ്ട്. വോട്ടേഴ്സ് ലിസ്റ്റിൽ താങ്കളുടെ പേരുണ്ട്. കോളേജിലെയോ സ്കൂളിലെയോ അഡ്മിഷൻ രജിസ്റ്ററിൽ താങ്കളുടെ പേരുണ്ട്. താങ്കൾ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ഓഫീസിൽ ഹാജർ പുസ്തകത്തിൽ താങ്കളുടെ പേരുണ്ട്. പള്ളി മാനേജിംഗ് കമ്മിറ്റിയിലും സണ്ടേ സ്കൂൾ അദ്ധ്യാപക ലിസ്റ്റിലും താങ്കളുടെ പേരുണ്ടായിരിക്കാം. എന്നാൽ ജീവന്റെ പുസ്തകത്തിൽ താങ്കളുടെ പേരുണ്ടോ?

ഇല്ലെങ്കിൽ അത് തീരാനഷ്മാണ്. നികത്താനാവാത്ത നഷ്ടമാണ്. ജീവപുസ്തകത്തിൽ പേരു ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്? ക്രിസ്തുവിലാകുക. “ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.” ശിക്ഷയിൽ നിന്ന് മോചനം; പാപത്തിൽ നിന്ന് മോചനം; പൈശാചികനിൽ നിന്ന് മോചനം; ശാപങ്ങളിൽ നിന്ന് മോചനം, പഴയ പ്രകൃതിയിൽ നിന്നും സ്വഭാവത്തിൽ നിന്നും മോചനം. ക്രിസ്തുദാനമായി തരുന്ന പാപമോചനം. ക്രിസ്തു ദാനമായി തരുന്ന രക്ഷ. അത്ര വലിയ ശിക്ഷ ഒഴിവാക്കിതരുന്ന ഇത്ര വലിയ രക്ഷ.

ഒരു ഭാവന ശ്രദ്ധിക്കൂ. നിങ്ങൾ രാത്രി ഉറങ്ങാൻ കിടക്കുന്നു. എന്നും ഉണരാറുള്ള സമയത്ത് ഉണർന്നു. നേരം വെളുത്തില്ല. കുറച്ചുനേരം കൂടി കിടക്കാം. നല്ല ഉഷ്ണസഞ്ചാരം. വീണ്ടുംഎഴുന്നേറ്റു. ഇല്ല, നേരം വെളുത്തില്ല. വീണ്ടും കിടന്നു. കുറെനേരം കഴിഞ്ഞു. ആവി കൂടിവരുന്നു. നല്ലതുപോലെ വിയർക്കുന്നു.

എഴുന്നേറ്റു. നല്ല ഇരുട്ട്. ഇതെന്താ ഇന്നുനേരം വെളുക്കാത്തത്? പുറത്തുകടന്നുനോക്കാം. ലൈറ്റിന്റെ സ്വിച്ചെവിടെ? വാതിൽ തപ്പി നടന്നു. ഇല്ല വാതിലില്ല. ഞാൻ എവിടെയാണ് കിടക്കുന്നത്? ഈ മുറിയിലല്ലെ ഞാൻ ഉറങ്ങാൻ കിടന്നത്? ഞാൻ കിടന്ന കട്ടിലെവിടെ? അയ്യോ ഞാൻ എവിടെയാണ്?

പ്രിയപ്പെട്ടവരെ വിളിക്കാം. വിളിച്ചു. ആരും മിണ്ടുന്നില്ല. ഇവരെല്ലാം എവിടെപ്പോയി. കുടുകുടെക്കൊട്ടി വിയർക്കുന്നു. ഫാനുമില്ല, സ്വിച്ചുമില്ല. ഈ രാത്രി എന്താണ് സംഭവിച്ചത്?

അപ്പോൾ കേൾക്കാം ദീനരോദനം, ഞരക്കങ്ങൾ, ഏങ്ങലടികൾ, വിതുമ്പലുകൾ, നിരാശയുടെ ശാപങ്ങൾ, ആക്രോശങ്ങൾ. ആരാണ് കരയുന്നത്? ഞാൻ എവിടെയാണ്?

എന്തോ കാലിലൂടെ അരിച്ചു കയറുന്നല്ലോ. തപ്പിനോക്കി. പുഴുവാണ്. അതിനെ തിരുമ്മി താഴോട്ടിട്ടു. അപ്പോഴിതാ ഒന്നിന്റെ സ്ഥാനത്ത് പത്തെണ്ണം. എണ്ണ കൂടുന്നല്ലോ. പുഴുകടിക്കുകയാണ്. കടിക്കുന്നിടത്ത് നല്ല വേദനയുണ്ട്; നല്ല ചൊറിച്ചിലുമുണ്ട്. ആസകലം മാന്തുകയും പറിക്കുകയും ചെയ്തുനോക്കി.

അപ്പോഴിതാ ഭയങ്കരമായി ചൂടുകൂടുന്നു. അടുത്ത് തീജ്വാലയുണ്ട്. ആളുന്നില്ല. വെളിച്ചമില്ലല്ലോ. കുറ്റാക്കൂരിരുട്ട്. തീയുടെ ആവി അടിച്ച് ശരീരം ആസകലം പൊള്ളുന്നല്ലോ.

ഇവിടെ നിന്ന് പുറത്തു കടന്നെങ്കിൽ ! ഇല്ല, ഇവിടെ വാതിലില്ല. എപ്പോഴാണ് പുറത്തു ഒന്നു കടക്കുന്നത്. ഇതായിരിക്കുമോ നിത്യദണ്ഡനം. അയ്യോ, ഈ ദണ്ഡനം ഒരിക്കലും തീരില്ലേ? ഞാനിതെങ്ങനെ വഹിക്കും? ഞാനിതെങ്ങനെ സഹിക്കും? നീറിപ്പുകയുന്നു. എന്നന്നേക്കുമോ?

അതേ, സ്നേഹിതാ, എന്നന്നേക്കും തീരാത്ത വേദന. ഒടുങ്ങാത്ത യാതന. നിത്യദണ്ഡനം – Eternal Torture ! ഇത് നിനക്കൊഴിവാക്കി കിട്ടണമോ? ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. നിനക്ക് ഒളിവിടം തരാൻ ക്രിസ്തുവിന്റെ തിരുമാറ് തുറന്നിട്ടുണ്ട്. നിനക്ക് അഭയം തരാൻ ക്രിസ്തുവിന്റെ പാദം മുറിഞ്ഞിട്ടുണ്ട്. നിന്റെ വേദന തുടച്ചുമാറ്റാൻ ക്രിസ്തുവിന്റെ കൈകൾ മുറിവേറ്റിട്ടുണ്ട്. നിനക്ക് ചുടുചുംബനം തരാൻ ക്രിസ്തുവിന്റെ തിരുമുഖത്ത് തുപ്പലും അടിയും ഏറ്റിട്ടുണ്ട്. മകനേ, നിന്നെ ആലിംഗനം ചെയ്ത് സ്വീകരിപ്പാൻ ക്രിസ്തുവിന്റെ തിരുശരീരം ഉഴവുചാൽ പോലെ കീറിയിട്ടുണ്ട്. നിനക്ക് സ്വർഗ്ഗം തരാൻ ക്രിസ്തു ക്രൂശിൽ നരകദേവന അനുഭവിച്ചിട്ടുണ്ട്. നിന്റെ ശിക്ഷ ഒഴിവാക്കുവാൻ ക്രിസ്തു ശിക്ഷ വഹിച്ചിട്ടുണ്ട്. “യേശുക്രിസ്തുവിന്റെ രക്തം സകല പാപവുംപോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.

യേശുക്രിസ്തുവിലാകാൻ ഇനിയും താമസിക്കണമോ? അടുത്തനിമിഷം നിനക്കുണ്ടെന്ന് ഉറപ്പില്ലല്ലോ. ഇപ്പോൾ തന്നെ മനം തിരിയുക. പാപം വിട്ടുള്ള ജീവിതം തുടങ്ങുക. ക്രിസ്തുവിൽ പുതിയ ജീവിതം ആരംഭിക്കുക. ഭാഗ്യവാനും വിശുദ്ധനുമായിത്തീരുക.

## പത്ത്

"എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും."

യോഹ. 15:4

"ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞത്: എഴുതുക. ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."

വെളി. 14:13

ഒന്ന്, ക്രിസ്തുവിൽ പുതിയസൃഷ്ടി.

രണ്ട്, ക്രിസ്തുവിൽ ദൈവത്തിന്ന് ജീവിക്കുന്നു.

മൂന്ന്, ക്രിസ്തുവിൽ സ്വാതന്ത്ര്യം.

നാല്, ക്രിസ്തുവിൽ വസിക്കുന്നവർക്ക് ഉപദ്രവം.

അഞ്ച്, ക്രിസ്തുവിൽ ഉള്ളവർക്ക് ശിക്ഷാവിധിയില്ല ഏഴു ന്യായവിധികൾ.

ആറ്, ക്രിസ്തുവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ.

ഒരു പ്രസിദ്ധ തത്വജ്ഞാനിയായിരുന്ന ഹെർബർട്ട് സ്പെൻസർ ദൈവത്തെയും ബൈബിളിനെയും പരിഹസിക്കാറുള്ള വ്യക്തിയായിരുന്നു. ഒരു വലിയ ബുദ്ധിജീവിയെന്ന് അദ്ദേഹം സ്വയം അഭിമാനിച്ചിരുന്നു.

അദ്ദേഹം മരണാസന്നനായി കിടക്കുമ്പോൾ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾ അദ്ദേഹത്തോടു ചോദിച്ചു: അങ്ങയുടെ അന്ത്യാഭിലാഷമെന്താണ്? അങ്ങയുടെ ശവകുടീരത്തിൽ ഞങ്ങൾ എന്താണ് എഴുതി വയ്ക്കേണ്ടത്? അല്പനേരം കണ്ണടച്ചുകിടന്നു സ്പെൻസർ. കണ്ണിൽ കണ്ണുനീർ ഉരുണ്ടുകൂടി. അദ്ദേഹം പറഞ്ഞു: "Most Unhappy'' (ഏറ്റവും അസന്തുഷ്ൻ) എന്നെഴുതുക.

ഭാഗ്യകരമായ മരണം വിലപ്പെട്ടതാണ്. പ്രശാന്തമോഹനമായവിടവാങ്ങൽ അത്യപൂർവ്വഭാഗ്യമത്രെ.

വോൾട്ടയർ സുപ്രസിദ്ധ ബുദ്ധിജീവിയും ദാർശനികനും ഗ്രന്ഥ കർത്താവുമായിരുന്നു. സ്വന്തം തൂലികയുടെ കരുത്തുകൊണ്ട് "പേനക്ക് ഖഡ്ഗത്തേക്കാൾ കരുത്തേറും" (Pen is mightier than the sword) എന്നു തെളിയിച്ച വിശ്രുത തത്ത്വചിന്തകനായിരുന്നു അദ്ദേഹം. പക്ഷെ, അദ്ദേഹം നിരീശ്വരനായിരുന്നു. ദൈവത്തെയും തിരുവചനത്തെയും പരിഹസിച്ച വ്യക്തി.

അദ്ദേഹം രോഗിയായി മരണത്തോടടുത്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതന്മാരോട് പറഞ്ഞു:

"എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു ക്രിസ്തു വിശ്വാസിയെ വിളിച്ചുകൊണ്ടുവരുമോ?"

അവർ അത്ഭുതപ്പെട്ടു. "അങ്ങെന്താണ് പറയുന്നത്? പ്രാർത്ഥിക്കാനോ? ക്രിസ്തു വിശ്വാസിയോ? ഇതുവരെ പറഞ്ഞ

തിനെല്ലാം എതിരല്ലെ അത്?"

വോൾട്ടയർ പറഞ്ഞു: "ദൈവം എന്നെ ഉപേക്ഷിച്ചു. നിങ്ങളും എന്നെ ഉപേക്ഷിച്ചുവോ?"

ഇടയ്ക്കിടയ്ക്ക് ബോധം കെടും. പിന്നെയും ബോധം തെളിയും. ബോധമുള്ളപ്പോൾ അക്രോശിക്കുകയും ഞരങ്ങുകയും നിരാശയോടും അമർഷത്തോടും ചുറ്റുമുള്ളവരോട് ദേഷ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.

ഒരു സമയം അദ്ദേഹം വിതുമ്പിക്കരഞ്ഞുകൊണ്ടുപറഞ്ഞു: "അയ്യോ, ഞാൻ താണുതാണു പോകുന്നല്ലോ. നരകത്തിന്റെ ഭീകരാഗ്നിയിലേക്ക് ഞാൻ താണുപോകുന്നുവല്ലോ."

അദ്ദേഹത്തെ ശുശ്രൂഷിച്ച നഴ്സ് പറഞ്ഞു.

"ഫ്രാൻസിലെ സർവ്വ സമ്പത്തും എനിക്കു തന്നാലും, ഇനി ദൈവമില്ലാത്ത ഒരാളുടെ മരണക്കിടക്കയിൽ ശുശ്രൂഷിക്കാൻ ഞാനില്ല. ആ നിരാശയും വേദനയും നിലവിളിയും എനിക്ക് കണ്ടുനിൽക്കുവാൻ സാദ്ധ്യമല്ല."

എന്നാൽ പ്രസിദ്ധ സുവിശേഷകനായിരുന്ന ഡി.എൽ. മൂഡിയുടെ അന്ത്യം വളരെ പ്രത്യാശാ നിർഭരമായിരുന്നു.

1899 ആഗസ്റ്റിൽ ന്യൂയോർക്കിലെ ഒരു ആരാധനാ യോഗത്തിൽ മൂഡി പറഞ്ഞു:

ഒരു ദിവസം നിങ്ങൾ കേൾക്കും ഡി.എൽ. മൂഡി മരിച്ചു. വിശ്വസിക്കരുത്. ആ നിമിഷത്തിൽ തന്നെ ഞാൻ ഇന്നുള്ളതിനേക്കാൾ വലിയ ജീവനിലേക്ക് പ്രവേശിക്കുകയാണ്. 1837–ൽ ആണ് ഞാൻ ജഡത്തിൽ ജനിച്ചത്. എന്നാൽ 1855–ൽ ഞാൻ ആത്മാവിൽ ജനിച്ചു. ജഡത്താൽ ജനിച്ചത് മരിച്ചേക്കാം.

എന്നാൽ ആത്മാവിൽ ജനിച്ചത് എന്നേക്കും ജീവിക്കും.

1899 ഡിസംബർ 21. കിടക്കയിൽ കിടന്നുകൊണ്ട് മൂഡി പെൻസിൽ കൊണ്ട് കുറിച്ചു. “അവന്റെ നക്ഷത്രങ്ങൾ കാണുന്നത് നല്ലതാണ്. എന്നാൽ അവന്റെ മുഖം കാണുന്നത് ഏറെ നല്ലതാണ്.”

ഡിസംബർ 22, പ്രഭാതം. മകൻ വില്ലി, മൂഡിയുടെ അടുത്തുണ്ടായിരുന്നു. മൂഡി തന്നത്താൻ പറഞ്ഞു:

“ഭൂമി മാറി പോകുന്നു. സ്വർഗ്ഗം എനിക്കായ് തുറക്കുന്നു. വില്ലി, ഇതു സ്വപ്നമല്ല, മനോഹരമായിരിക്കുന്നു. ഇന്ന് എന്റെ കിരീടധാരണ ദിവസമാണ്. ഇതാണ് മരണമെങ്കിൽ ഇതെത്ര മധുരം! ദൈവം എന്നെ വിളിക്കുന്നു; ഞാൻ പോയെ മതിയാകൂ. എന്നെ തിരികെ വിളിക്കരുത്.”

വീണ്ടും പറഞ്ഞു:

വേദനകളില്ല, താഴ്വരകളില്ല; ഇത് പരമാനന്ദം.” മൂഡി പുഞ്ചിരിച്ചുകൊണ്ട് കണ്ണുകളടച്ചു.

മൂഡി ക്രിസ്തുവിൽ മരിച്ചു. കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ.

നവീകരണ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ മാർട്ടിൻ ലൂഥറോട് ഡോ. ജോൺസ് ചോദിച്ചു:

“നിങ്ങൾ പഠിപ്പിച്ച ഉപദേശത്തിൽ നല്ല ഉറപ്പോടുകൂടിയാണോ നിങ്ങൾ മരിക്കുന്നത്?”

“അതേ.” ദൃഢസ്വരത്തിൽ ലൂഥർ പറഞ്ഞു. ദൈവമേ, എന്റെ ആത്മാവിനെ അങ്ങയുടെ കരത്തിൽ തരുന്നു. എന്റെ ആത്മാ

വിനെ സ്വീകരിച്ചുകൊള്ളേണമേ" എന്നു പാതി അടഞ്ഞ കണ്ണുകളോടെ ലൂഥർ പ്രാർത്ഥിച്ചു. പെട്ടെന്ന് മുഖം പ്രകാശിച്ചു. പിന്നീട് ആ കണ്ണുകൾ അടഞ്ഞു.

ഹിറ്റ്ലർക്കെതിരായി പ്രസംഗിച്ച ബോൺ ഹോഫറെ വെടിവെച്ചു കൊല്ലുവാൻ നാസി പടയാളികൾ നടത്തിക്കൊണ്ടുപോകുകയായിരുന്നു. അപ്പോൾ ബോൺ ഹോഫർ പറഞ്ഞു:

"നിങ്ങളുടെ കാഴ്ചയിൽ ഇതൊരന്ത്യം. എനിക്കാകട്ടെ ഈ മരണം അതിമഹത്തായ ഒരാരംഭമാണ്."

മരണത്തിന്റെ അതിരിങ്കൽ നിന്നുകൊണ്ട് സാധു കൊച്ചുകുഞ്ഞുപദേശി പറഞ്ഞു:

"ഇതാണോ മരണം? ഞാൻ മരിക്കുന്നില്ല. ഞാൻ വിശ്രമിക്കുകയാണ്. നിങ്ങൾ കരഞ്ഞ് എന്നെ അസഹ്യപ്പെടുത്തരുത്."

"എഴുതുക. ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."

ക്രിസ്തുവിൽ മരിക്കണമെങ്കിൽ ക്രിസ്തുവിൽ ജീവിക്കണം. ക്രിസ്തുവിൽ ജീവിക്കണമെങ്കിൽ ക്രിസ്തുവിൽ വസിക്കണം. ക്രിസ്തുവിൽ വസിക്കണമെങ്കിൽ പുതിയ സൃഷ്ടിയായിരിക്കും. ക്രിസ്തുവിൽ വസിക്കുന്നവർ ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവരായിരിക്കും. ക്രിസ്തുവിൽ വസിക്കുന്നവർ ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യമുള്ളവരായിരിക്കും. ക്രിസ്തുവിൽ വസിക്കുന്നവർ പൈശാചിക സ്വീധീനത്തിൽ നിന്നും സ്വാതന്ത്ര്യം ഉള്ളവരായിരിക്കും. ക്രിസ്തുവിൽ വസിക്കുന്നവർ ക്രിസ്തുവിന്റെ നാമത്തിൽ ഉപദ്രവങ്ങൾ സന്തോഷത്തോടെ ഏൽക്കുന്നവരായിരിക്കും. ക്രിസ്തുവിൽ വസിക്കുന്നവർ നിത്യശിക്ഷാവിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരായിരിക്കും.

ഏഴാമതായി, ക്രിസ്തുവിൽ വസിക്കുന്നവർ ക്രിസ്തുവിൽ മരിക്കുകയും ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.

> "ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രെ: ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ."
>
> 1 കൊരി. 15:20–23

കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിങ്കൽ വിശുദ്ധന്മാർ ഉയിർത്തെഴുന്നേക്കും.

പൗലോസ് പറയുന്നു:

> "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും."
>
> 1 തെസ്സ. 4:16–17

ഇക്കാര്യം അപ്പോസ്തലൻ കൊരിന്ത്യ ലേഖനത്തിൽ പറയുന്നുണ്ട്:

"ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം: നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യ കാഹള നാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം. ഈ ദ്രവ്യത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു എഴുതിയ വചനം നിവൃത്തിയാകും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമെ നിന്റെ വിഷമുള്ള് എവിടെ?"

1 കൊരി. 15:51–55

ഈ കാര്യമാണ് നമ്മുടെ കർത്താവ് അരുളചെയ്തത്:

"മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു,"

യോഹ. 5:25

കർത്താവു കൽപ്പിച്ചു:

"നീ വിരുന്ന് കഴിക്കുമ്പോൾ ദരിദ്രന്മാർ അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ

> ക്ഷണിക്ക; എന്നാൽ നീ ഭാഗ്യവാനാകും; നിനക്കു പ്രത്യുപകാരം ചെയ്‌വാൻ അവർക്കു വകയില്ലല്ലോ; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രത്യുപകാരം ഉണ്ടാകും."
>
> ലൂക്കോ. 14:13–14

പുണ്യവാന്മാരായ വിശുദ്ധ പിതാക്കന്മാർ ഇതു തന്നെയാണ് പാടിയത്.

മൃതരേ ജീവിപ്പിപ്പാൻ എഴുന്നെള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായിടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേൽപ്പാനായ് പോയീടുന്നു.

മരിച്ചവരെ ഉയർത്തെഴുന്നേൽപിപ്പാൻ എഴുന്നെള്ളുന്ന രാജാവായ യേശുക്രിസ്തു മേഘങ്ങളുടെ ശോഭയിന്മേൽ ആഘോഷത്തോടെ പ്രത്യക്ഷനാകും. അപ്പോൾ നീതിമാന്മാർ – പരിശുദ്ധന്മാർ മാത്രം – തന്റെ വരവിന്റെ മുമ്പുള്ള കാഹളനാദം കേട്ടിട്ട് കല്ല്യാണവസ്ത്രം ധരിച്ച്, നീതിയിൻ വസ്ത്രം ധരിച്ച് അവനെ എതിരേൽപ്പാനായ് ഉയിർത്തെഴുന്നേറ്റു പോകുന്നു.

ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കുമെന്ന് പരിശുദ്ധ പിതാക്കന്മാർ പാടിയിട്ടുള്ളത് വീണ്ടും നമുക്ക് ശ്രദ്ധിക്കാം.

ഖേദം വേണ്ടാ, മിശിഹായിൽ മൃതിപൂണ്ടോരേ,
ആസന്നം പ്രതിഫലമേകും പുനരുത്ഥാന ദിനേ
കേടെന്യേ കബറുകളീന്നും നിങ്ങളെഴുന്നേ–
റ്റതിവേഗം രാജാത്മജനേയെതിരേൽപ്പാനെത്തും
മഹിമാവിൻ നീരാളം ചാർത്തി

തിരുമുമ്പിൽ സ്തുതിപാടും നിങ്ങൾ.

കനിവാലാദാംസുതജീവപ്രദനേ കൃപ ചെയ്ക.

ആദാമിന്റെ മക്കൾക്ക് ജീവൻ പ്രദാനം ചെയ്യുന്ന കർത്ത വായ യേശുവേ, നീ ഞങ്ങളോടു കൃപ ചെയ്യേണമേ. ഇന്നു നിങ്ങൾ മരിക്കുന്നതു കൊണ്ട് ദുഃഖിക്കേണ്ട കാര്യമില്ല. നിങ്ങൾ മിശിഹായിലാണ് മരിക്കുന്നത്. ഉയിർത്തെഴുന്നേൽപ്പിൻ നാളിൽ നിങ്ങൾക്കു പ്രതിഫലം ലഭിക്കും. നിങ്ങളൊരുകേടുംകൂടാതെ കല്ലറകളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് രാജാധിരാജനെ എതി രേൽപ്പാനെത്തിച്ചേരും. അന്നു നിങ്ങൾ തേജസ്സിന്റെ പട്ടുവസ്ത്രം ധരിച്ച്, നീതിയുടെ വസ്ത്രം ധരിച്ച് രാജകുമാരനെ സ്തുതിച്ചു കൊണ്ട് നിൽക്കും. എത്ര അർത്ഥവത്തായ ഗാനം! ആശയ സമ്പുഷ്ടമായ ധ്യാനം!

ക്രിസ്തുയേശുവിൽ മരിക്കുന്ന മൃതന്മാർ ക്രിസ്തുയേശു വിൽ ഉയിർത്തെഴുന്നേൽക്കും.

എന്നാൽ നീതീകരണം ലഭിക്കാതെ കടന്നുപോയവരോ? അവരും ഉയിർക്കും. പക്ഷേ നീതിമാന്മാർ ഉയിർക്കുമ്പോഴല്ല. അത് രണ്ടാമത്തെ പുനരുത്ഥാനമാണ്.

ഒന്നാമത്തെ പുനരുത്ഥാനമാണ് നീതിമാന്മാരുടെ ഉയിർത്തെ ഴുന്നേൽപ്പ്. രണ്ടാമത്തെ പുനരുത്ഥാനം നീതീകരണം ലഭിക്കാ ത്തവരുടെ പുനരുത്ഥാനമാണ്.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവനാണ് വിശു ദ്ധൻ. അവൻ ഭാഗ്യവാനുമാണ്.

> "മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടുക
> ഴിവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരു

ത്ഥാനമാണ്. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."

വെളി. 20:5–6

കർത്താവരുളി ചെയ്യുന്നു:

"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു."

യോഹ. 5:28–29

ഇക്കാര്യമത്രെ ദാനിയേൽ പ്രവാചകൻ പറയുന്നത്:

"നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യ നിന്ദയ്ക്കുമായും ഉണരും."

ദാനിയേൽ 12:2

നീതിമാന്മാർ ഉയർത്തെഴുന്നേക്കുമ്പോളല്ല പാപികൾ ഉയിർക്കുന്നത്.

സങ്കീർത്തനക്കാരൻ പറയുന്നു:

"ആകയാൽ ദുഷ്ടന്മാർ ന്യായ വിസ്താരത്തിലും പാപികൾ നീതിമാന്മാരുടെ സഭയിലും നിവർന്നു നിൽക്കയില്ല."

സങ്കീ. 1:5

Living Bible –ൽ ഈ വാക്യം കാണുക:

"But for sinners..... they are not safe on judgement day; they

shall not stand among the Godly!

നീതിമാന്മാരുടെ സഭയിൽ നിവർന്നുനിൽക്കയില്ല എന്നു തർജ്ജമ ചെയ്തിരിക്കുന്ന ഭാഗം മൂലഭാഷയിൽ നിന്ന് നേരെ മൊഴിമാറ്റം നടത്തിയാൽ ദുഷ്ടന്മാർ നീതിമാന്മാർ ഉയിർത്തെഴുന്നേൽക്കുന്ന നിരയിൽ ഉയിർത്തെഴുന്നേൽക്കുകയില്ല എന്നാണ്.

ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു.

ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽപ്പ് അനുഭവിക്കുന്നവരുടെ അഞ്ചു സവിശേഷതകൾ തിരുവചനത്തിൽ പറയുന്നു:

| | | |
|---|---|---|
| ഒന്ന്, | ക്രിസ്തുവിനുള്ളവർ | 1 കൊരി. 15:23 |
| രണ്ട്, | ക്രിസ്തുവിലുള്ളവർ | 1 തെസ്സ. 4:16–18 |
| മൂന്ന്, | വിശുദ്ധന്മാർ | വെളി 20:6 |
| നാല്, | കാത്തിരിക്കുന്നവർ | എബ്രായർ 9:28 |
| അഞ്ച്, | ഒരുങ്ങിയിരിക്കുന്നവർ | മത്തായി 25:10 |

പ്രിയ ദൈവപൈതലേ, ക്രിസ്തുവിൽ നിദ്രകൊണ്ട വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുമ്പോൾ ആ കൂട്ടത്തിൽ നീയും ഉയിർത്ത് നാഥനായ യേശുവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ പറന്നുയരണ്ടേ? അതിനായി സ്നേഹിതാ, നീ ക്രിസ്തുവിന്റെ ഒരു വിശുദ്ധനായോ? നിന്റെ പാപക്കറകളെല്ലാം കഴുകപ്പെട്ടുവോ? നീ ഇന്ന് സൗജന്യമായി കല്ല്യാണ വസ്ത്രം സമ്പാദിച്ചുവോ? നിന്റെ വിളക്കിൽ എണ്ണയുണ്ടോ? നിന്റെ വിളക്ക് കത്തിയും അരകെട്ടി യാത്രയ്ക്കൊരുങ്ങിയുമാണോ നിൽക്കുന്നത്?

പ്രിയനേ, നിന്റെ ഹൃദയത്തിൽ യേശു വസിക്കുന്നു എന്ന ഉറപ്പ് നിനക്കുണ്ടോ? ഇല്ലെങ്കിൽ നഷ്ടമല്ലേ? തീരാനഷ്ടമല്ലേ? നിത്യജീവൻ ഉറപ്പാക്കുവാനുള്ള കാലം നീ നഷ്ടമാക്കുക യാണോ? വ്യർത്ഥമായ ലോക ഇമ്പങ്ങളുടേയും പാപമോഹ ങ്ങളുടെയും പിറികെ ഇനിയും നീ ഓടുകയാണോ? സ്നേഹിതാ തിരിഞ്ഞു വരൂ. ക്രൂശിലെ നിത്യസ്നേഹം നിന്നെ മാടിവിളിക്കുന്നു. ഏദൻതോട്ടത്തിൽ ആദാമിനെ വിളിച്ച സ്നേഹം നിന്നെ വിളിക്കുന്നു. പാപം ചെയ്ത് ആത്മാവ് മരിച്ച് പോയവനെ വിളിച്ച ആർദ്രസ്നേഹം നിന്നെ വിളിക്കുന്നു. ഓടി വരിക. തിരിഞ്ഞുവരിക. ക്രിസ്തുവിൽ വസിക്കുക; ക്രിസ്തു നിന്നിൽ വസിക്കും.

## പതിനൊന്ന്

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.

യോഹ. 15:4

ഒന്ന്, ക്രിസ്തുവിൽ പുതിയസൃഷ്ടി.

രണ്ട്, ക്രിസ്തുവിൽ ദൈവത്തിന്ന് ജീവിക്കുന്നു.

മൂന്ന്, ക്രിസ്തുവിൽ സ്വാതന്ത്ര്യം.

നാല്, ക്രിസ്തുവിൽ വസിക്കുന്നവർക്ക് ഉപദ്രവം.

അഞ്ച്, ക്രിസ്തുവിൽ ഉള്ളവർക്ക് ശിക്ഷാവിധിയില്ല ഏഴു ന്യായവിധികൾ.

ആറ്, ക്രിസ്തുവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ.

ഏഴ്, ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കും.

എട്ട്, ക്രിസ്തുവിൽ വസിച്ചാൽ ഫലസമൃദ്ധി.

ക്രിസ്തീയജീവിതം വരങ്ങളും ഫലങ്ങളും നിറഞ്ഞതാണ്. ആത്മാവിന്റെ വരങ്ങളുണ്ട്, ആത്മാവിന്റെ ഫലങ്ങളുണ്ട്. അപ്പോസ്തലനായ പൗലോസ് കൊരിന്ത്യ ലേഖനത്തിൽ പറഞ്ഞു.

> "അവ്വണ്ണം നിങ്ങളും ആത്മവരങ്ങളെക്കുറിച്ച് വാഞ്ചഛയുള്ള വരാകയാൽ സഭയുടെ ആത്മിക വർദ്ധനക്കായി സഫലന്മാർ ആകുവാൻ ശ്രമിപ്പിൻ."
>
> 1 കൊരി 14:12

ആത്മാവിന്റെ വരങ്ങൾ നൽകപ്പെടുന്നത് പൊതുപ്രയോജനത്തിനാണ്.

> "സഹോദരന്മാരെ, ആത്മികവരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുത് എന്നു ഞാൻ ആഗ്രിഹിക്കുന്നു..... കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രെ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ."
>
> 1 കൊരി. 12:1–7

ആത്മാവിന്റെ വരങ്ങൾ നൽകപ്പെടുന്നത് പൊതുപ്രയോജനത്തിനാണ്. വീണുപോയവരെ എഴുന്നേൽപ്പിക്കുവാനും വഴിതെറ്റിപ്പോയവരെ നേർവഴിക്ക് ആക്കുവാനും ഇടറിപ്പോയവരെ യഥാസ്ഥാനത്താക്കുവാനും ബലഹീനരെ താങ്ങുവാനും ചഞ്ചലഹൃദയരെ ഉറപ്പിക്കുവാനും അഹങ്കാരികളെ ഭർത്സിക്കുവാനും പൈശാചിക ബാധയിൽപ്പെട്ടുപോയവരെ വിടുവിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും കൃപാവരങ്ങൾ പ്രയോജനപ്പെടുന്നു. എന്നാൽ കൃപാവരങ്ങൾ ഒന്നുമില്ലെങ്കിലും ആത്മീയ

നായി ജീവിക്കാൻ ആർക്കും സാധിക്കും. ആത്മാവിന്റെ ഫലങ്ങൾ വേണം; അത് നിർബ്ബന്ധമാണ്.

> "ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവും ഇല്ല."
>
> ഗലാത്യലേഖനം 5:22–23

ഇങ്ങനെ ആത്മാവിന്റെ ഫലം ഒമ്പതാണ്. കൃപാവരങ്ങൾ: ജ്ഞാനത്തിന്റെ വചനം, പരിജ്ഞാനത്തിന്റെ വചനം, വിശ്വാസം രോഗശാന്തിയുടെ വരം, വീര്യപ്രവൃത്തികൾ, പ്രവചനം, ആത്മാക്കളുടെ വിവേചനം, പലവിധ ഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം, സഹായം ചെയ്യുവാനുള്ള വരം, പരിപാലനവരം, അതിശ്രേഷ്ഠവരമായ സ്നേഹം എന്ന് പന്ത്രണ്ടാണ്. 1 കൊരി 12

ആത്മാവിന്റെ വരങ്ങളിലും ഫലങ്ങളിലും പൊതുവായി കാണുന്നതാണ് സ്നേഹം. ഫലങ്ങളുടെയും വരങ്ങളുടെയും മണിമകുടമാണ് സ്നേഹം. സ്നേഹത്തിന്റെ മധുരം കിനിയുന്ന തിരുവചനഭാഗമാണ് 1 കൊരിന്ത്യർ പതിമൂന്നാം അദ്ധ്യായം.

> "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാടെ സ്വയമായി കായ്പ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല."
>
> യോഹ. 15:4

കൊമ്പിൽ ഫലം കായ്ക്കണമെങ്കിൽ അത് തായ്ത്തണ്ടിനോട് ചേർന്നുനിൽക്കണം. വേര് വലിച്ചെടുക്കുന്ന വെള്ളവും വളവും തായ്ത്തണ്ടിൽക്കൂടി ചില്ലിക്കൊമ്പിലെത്തുന്നില്ലെങ്കിൽ ആ ചില്ലിയിൽ ഫലമുണ്ടാവുകയില്ല. തന്നെയുമല്ല, അത് ഉണങ്ങിപ്പോകു

കയും ചെയ്യും.

നാം ആത്മാവിന്റെ ഫലം കായ്ക്കണമെങ്കിൽ സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിൽ വസിക്കണം; ക്രിസ്തുവിനോട് ബന്ധമുള്ളവരായിരിക്കണം. ക്രിസ്തുവിനെ വിട്ട് ഒരിക്കലും നമുക്ക് ആത്മാവിൽ ഫലം കായ്പ്പാൻ കഴിയുകയില്ല. മാത്രമല്ല, നാം ഉണങ്ങിപ്പോകുകയും ചെയ്യും.

> "എന്നിൽ വസിക്കാത്തവനെ ഒരുകൊമ്പുപോലെ പുറത്ത് കളഞ്ഞിട്ട് അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്ത് തീയിലിടുന്നു; അതു വെന്തു പോകും."
>
> യോഹ.15:6

മുന്തിരിവള്ളിയിൽ ഫലം കായ്ക്കുന്നതിനോടുള്ള ബന്ധത്തിൽ അഞ്ചുകാര്യങ്ങൾ ചിന്തിക്കാം.

ഒന്ന്, ഫലം കായ്ക്കാത്ത അവസ്ഥ.

രണ്ട്, ചീത്തഫലം – ആകാത്ത ഫലം – കായ്ക്കുന്ന അവസ്ഥ.

മൂന്ന്, നല്ല ഫലം കായ്ക്കുന്ന അവസ്ഥ.

നാല്, അധികം ഫലം കായ്ക്കുന്ന അവസ്ഥ.

അഞ്ച്, വളരെ ഫലം കായ്ക്കുന്ന അവസ്ഥ

ഒന്നാമത്തേത് ഫലം കായ്ക്കാത്ത സ്ഥിതിയാണ്.

> "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും അവൻ നീക്കി കളയുന്നു."
>
> യോഹ. 15:11

ഫലം കായ്ക്കാത്ത ഒരവസ്ഥയുണ്ട്. കൃഷി ചെയ്യുന്നത് ഫലം ലഭിക്കാനാണ്. ഫലം കായ്ക്കുന്നില്ലെങ്കിൽ അതിനുവേണ്ടിയുള്ള അദ്ധ്വാനവും ചെലവും എല്ലാം വ്യർത്ഥമായി തീരുകയാണ്.

അതുതന്നെയാണ് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചത്:

> ''മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പ്പിൻ..... ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിലിട്ടുകളയുന്നു.''
>
> ലൂക്കോസ്. 3:8–9

കർത്താവു പറഞ്ഞ ഒരുപമ ഇത്തരുണത്തിൽ വളരെ ശ്രദ്ധേയമാണ്.

> "ഒരുത്തന്നു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നൊരു അത്തിവൃക്ഷം ഉണ്ടായിരുന്നു; അവൻ അതിൽ ഫലം തിരഞ്ഞുവന്നു, കണ്ടില്ലതാനും. അവൻ തോട്ടക്കാരനോട്: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞു വരുന്നു കാണുന്നില്ലതാനും; അതിനെ വെട്ടിക്കളക; അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്നു എന്നുപറഞ്ഞു. അതിന്നു അവൻ; കർത്താവേ, ഞാൻ അതിനു ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടുംകൂടി നിൽക്കട്ടെ. മേലാൽ കായിച്ചെങ്കിലോ – ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നു ഉത്തരം പറഞ്ഞു.''
>
> ലൂക്കോസ് 13:6–9

ഫലം കായ്ക്കുന്നില്ലെങ്കിൽ വെട്ടിക്കളയും എന്ന വസ്തുത ഗൗരവമുള്ള കാര്യമാണ്. "അധികം ലഭിച്ചവനോട് അധികം ചോദിക്കും" എന്ന് കർത്താവ് പറഞ്ഞിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്. ദൈവത്തിൽ നിന്ന് എത്രയെത്ര അനുഗ്രഹങ്ങൾ ലഭിച്ചു! എത്രയെത്ര പരിഗണനങ്ങളും പരിചരണങ്ങളും ലഭിച്ചു! ഇതെല്ലാമായിട്ടും നാം ഫലം കായ്ക്കുന്നില്ലെങ്കിൽ ദൈവകോപത്തിനിരയാകും എന്ന് ഭയത്തോടെ കാണേണ്ടതല്ലേ?

> "വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോട് അധികം ചോദിക്കും."
>
> ലൂക്കോസ് 12:48

പ്രിയ സ്നേഹിതാ, നീ ഫലം കായ്ക്കുന്നവനായിട്ടാണോ ദൈവത്തിന്റെ തോട്ടത്തിൽ നിൽക്കുന്നത്? നിന്നെക്കൊണ്ട് നിന്റെ നാഥന് നാളിതുവരെ എന്തുപ്രയോജനം ലഭിച്ചു?

ഫലം കായ്ക്കാത്ത അത്തിയെ കർത്താവ് ശപിച്ചു.

രാവിലെ അവൻ നഗരത്തിലേക്ക് മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു, അടുത്തു ചെന്നു, അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ: "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്ന് അതിനോട് പറഞ്ഞു; ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി." മത്തായി 21:18–20

ഫലം കായ്ക്കുന്നില്ലെങ്കിൽ ശാപകരമാണ്. പ്രിയസ്നേഹിതരേ, ഇതുവരെയും കർത്താവിന്റെ തോട്ടത്തിൽ നിന്നിട്ടും ഫലം കായ്ച്ചില്ലെങ്കിൽ ഇപ്പോൾ ദൈവത്തോടു വാക്കുപറയുക: "കർത്തവേ ഞാൻ എത്രയോ വർഷങ്ങൾ ഫലം കായ്ക്കാതെ അവിടുത്തെ തോട്ടത്തിൽ നിന്നു പോയി. ഫലം കായ്ക്കുന്നില്ല

എന്നുപോലും അറിയാതെ സുബോധമില്ലാത്തതുപോലെ ഞാൻ ജീവിച്ചുപോയി; ദൈവമേ, എന്നോടു ക്ഷമിക്കേണമേ. ഇന്നു മുതൽ സ്നേഹം, സന്തോഷം, സാമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ ആത്മാവിന്റെ ഫലങ്ങൾ കായിച്ച് ഞാൻ ജീവിക്കുമെന്ന് തിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ഈ സമർപ്പണത്തെ അവിടുന്ന് സ്വീകരിക്കേണമേ. ഈ സമർപ്പണത്തെ അവിടുന്ന് പൂർത്തീകരിക്കേണമേ. ഈ സമർപ്പണത്തെ സത്യമായ അനുഭവമാക്കേണമേ."

ആത്മാവിന്റെ ഫലം കായ്ക്കുന്നില്ല എന്നുമാത്രമല്ല പൈശാചികഫലങ്ങൾ കായ്ക്കുന്ന അനേകമനേകം ആളുകളുണ്ട്; അതാണ് രണ്ടാമത്തെ അനുഭവം. ഒന്ന്, ഫലം കായ്ക്കാത്ത അവസ്ഥ. രണ്ട്, തിന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന അവസ്ഥ.

യിരമ്യാ പ്രവാചകനിൽകൂടെ നിത്യനായ ദൈവം മനുഷ്യരോട് ചോദിക്കുന്നു:

> "ഞാൻ നിന്നെ വിശിഷ്ടമുന്തിരിവള്ളിയായി, നല്ല തൈയ്യായി തന്നെ നട്ടിരിക്കെ നീ എനിക്കു കാട്ടുമുന്തിരിവള്ളിയുടെ തൈയ്യായിത്തീർന്നത് എങ്ങനെ?"
>
> യിരമ്യാവ്. 2:21

ദൈവം നട്ടത് വിശിഷ്ട മുന്തിരി വള്ളിയായിട്ടാണ്. എന്നാൽ ആ തൈ തന്നെ മാറ്റപ്പെട്ടു. തൽസ്ഥാനത്ത് കാട്ടുമുന്തിരിവള്ളിയുടെ തൈയ്യാണ് കാണുന്നത്. അത്യന്തം വേദനാകരമായ ഒരു സ്ഥിതിയാണിത്.

"അവൻ അതിന് വേലികെട്ടി, അതിലെ കല്ലുപെറ ക്കിക്കളഞ്ഞു. അതിൽ നല്ലവക മുന്തിരിവള്ളി നട്ടു. നടുവിൽ ഒരു ഗോപുരവും പണിതു, ഒരു ചക്കും ഇട്ടു. മുന്തിരിങ്ങ കായ്ക്കും എന്നവൻ കാത്തിരുന്നു; കായ്ച്ചതോ കാട്ടുമുന്തിരിങ്ങ യത്രെ..... ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തു ചെയ്‌വാൻ ഉള്ളൂ.? മുന്തിരിങ്ങ കായ്ക്കുമെന്ന് ഞാൻ കാത്തിരുന്നാറെ അതു കാട്ടുമുന്തിരിങ്ങ കായ്ച്ചതെന്ത്?"

യെശ. 5:2–4

ആത്മാവിന്റെ ഫലം കായ്ക്കുമെന്ന് വലിയ പ്രതീക്ഷയോ ടിരുന്നപ്പോൾ ജഡത്തിന്റെ ഫലമാണ് കായ്ച്ചത്. ജഡത്തിന്റെ ഫലങ്ങൾ എന്തെല്ലാമാണ്.?

"ജഡത്തിന്റെ പ്രവൃത്തികളോ, ദുർനടപ്പ്, അശു ദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലാ യവ എന്നു വെളിവാകുന്നു."

ഗലാത്യർ. 5:19–21

പ്രിയസ്നേഹിതാ, നല്ല ഫലം കായ്ക്കുമെന്ന് പ്രതീക്ഷിച്ചി രിക്കുമ്പോൾ നീ തിന്മയുടെ ഫലമാണോ ഉളവാക്കിയിരിക്കു ന്നത്? ഇന്നും നിന്നിൽ പൈശാചികൻ അവകാശം പറയുന്ന സ്വഭാവങ്ങൾ എന്തെങ്കിലുമുണ്ടോ?

നമ്മുടെ കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിൽ പറയു കയുണ്ടായി:

> “കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ലഫലം കായിക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ലഫലവും കായ്പ്പാൻ കഴിയുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിലിടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും.”
>
> മത്തായി 7:15–20

ജഡത്തിന്റെ ഫലം പുറപ്പെടുവിക്കുന്നവരും ദൈവത്തിന്റെ വേലക്കാരായി പ്രവർത്തിക്കുമെന്നുള്ള മുന്നറിയിപ്പാണ് കർത്താവ് ഇവിടെ നൽകുന്നത്. പിശാചിന്റെ ഫലവും പ്രവൃത്തികളും ഉളവാക്കുകയും ചെയ്യും. ദൈവത്തിന്റെ വേല നിർവ്വഹിക്കുകയും ചെയ്യും. അതാണ് കള്ള പ്രവാചകന്മാരുടെ ലക്ഷണം.

അവരെക്കുറിച്ച് വളരെ വ്യക്തമായും കൃത്യമായും കർത്താവരുളി ചെയ്തു:

> “എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ

> നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തുപറയും."
>
> മത്തായി 7:21–23

ജീവിതത്തിൽ നിന്ന് അധർമ്മം മാറിയിട്ടില്ല; പാപം വിട്ടിട്ടില്ല. എന്നിട്ടും യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രവചിക്കുന്നു; യേശുക്രിസ്തുവിന്റെ നാമത്തിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നു. ആകാത്ത ഫലം കായ്ക്കുന്നവർ, അവരെ കുറിച്ചാണ് പൗലോസ് പറഞ്ഞത്:

> "ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ."
>
> 2 തിമോത്തി 3:5

എബ്രായ ലേഖനത്തിൽ വേദനയോടെ ദൈവത്തിന്റെ ആത്മാവ് ഇപ്രകാരമുള്ളവരെക്കുറിച്ച് പറയുന്നു:

> "പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നുവെങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന് അടുത്തതും ആകുന്നു. ചുട്ടുകളക അത്രെ അതിന്റെ അവസാനം."
>
> എബ്രായർ 6:7–8

സങ്കീർത്തനക്കാരൻ പറയുന്നു:

> "നീ മിസ്രയീമിൽ നിന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്നു; ജാതികളെ നീക്കിക്കളഞ്ഞ് അതിനെ നട്ടു. നീ അതിന് തടം എടുത്തു. അത് വേരൂന്നി ദേശത്ത് പടർന്നു. അതിന്റെ നിഴൽ കൊണ്ട് പർവ്വതങ്ങൾ മൂടിയിരുന്നു; അതിന്റെ കൊമ്പുകൾ ദിവ്യദേവദാരുക്കൾ പോലെയും ആയിരുന്നു. അത് കൊമ്പുകളെ സമുദ്രം വരെയും ചില്ലികളെ നദിവരെയും നീട്ടിയിരുന്നു. വഴിപോകുന്നവരൊക്കെയും അതിനെ പറിപ്പാൻ തക്കവണ്ണം നീ അതിന്റെ വേലികളെ പൊളിച്ചു കളഞ്ഞതെന്ത്? കാട്ടുപന്നി അതിനെ മാന്തിക്കളയുന്നു; വയലിലെ മൃഗങ്ങൾ അത് തിന്നുകളയുന്നു. സൈന്യങ്ങളുടെ ദൈവമേ, തിരിഞ്ഞു വരേണമേ; സ്വർഗ്ഗത്തിൽ നിന്ന് നോക്കി കടാക്ഷിച്ച് ഈ മുന്തിരിവള്ളിയെ സന്ദർശിക്കേണമേ. നിന്റെ വലംകൈ നട്ടിട്ടുള്ളതിനെയും നീ നിനക്കായ് വളർത്തിയ തൈയ്യേയും പാലിക്കേണമേ. അതിനെ തീ വെച്ച് ചുടുകയും വെട്ടിക്കളയുകയും ചെയ്തിരിക്കുന്നു."
>
> സങ്കീ. 80:8–16

പ്രിയദൈവപൈതലേ, നീ ക്രിസ്തുവിൽ വസിക്കുന്നുണ്ടോ? നീ ഉടയവന്റെ തോട്ടത്തിൽ ഫലം കായ്ക്കാതെയാണോ ഇത്രയും കാലം നിന്നത്? നീ കായ്ച ഫലം തിന്മയുടെ ഫലങ്ങളാണോ? ആത്മാവിന്റെ ഫലം കായ്ക്കുമെന്ന് ഉടയവൻ കാത്തിരുന്നപ്പോൾ നീ കായ്ച്ചഫലം ജഡത്തിന്റെ പ്രവൃത്തികളാണോ? ജഡമോഹങ്ങൾ, വെറിക്കൂത്തുകൾ, മദ്യപാനം, കലഹം, പിണക്കം, ഭിന്ന

ത, വൈരാഗ്യം, പക, പ്രതികാരചിന്ത, കപടഭക്തി, വഞ്ചന, അസത്യം, മോഷണം, അത്യാഗ്രഹം, അഹങ്കാരം, അലസത, അവിവേകം, അശുദ്ധി എന്നിവയാണോ നിന്നിൽ നിന്ന് പുറപ്പെട്ടത്? നിന്റെ അവയവങ്ങൾ വിശുദ്ധമോ? നിന്റെ വാക്കും പ്രവൃത്തിയും സ്നേഹത്താൽ മാധുര്യമാർന്നതോ? നീ മറ്റുള്ളവരെ കരുതിയോ? അതോ, തൻകാര്യം മാത്രം ലാക്കാക്കി, മറ്റുള്ളവരുടെ നന്മയെ ആഗ്രഹിക്കാതെ സ്വാർത്ഥമതിയായി ജീവിച്ചുവോ? അസൂയ നിന്റെ സ്വഭാവത്തിലിന്നും ഉണ്ടോ? മുഖപക്ഷവും മുഖസ്തുതിയും സ്വയപ്രശംസയും നിന്റെ സ്വഭാവത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നുവോ? നീ മറ്റുള്ളവരെ വിധിക്കുകയും ദുഷിക്കുകയും ചെയ്തുവോ?

മകനേ, മനം തിരിയുക. നിന്റെ ചിന്തകൾ വിശുദ്ധമാകുവാൻ നീ ക്രിസ്തുവിൽ വസിക്കുക. ക്രിസ്തു നിന്നിൽ വസിക്കട്ടെ. നിനക്കു നല്ല ഫലം കായ്ക്കാൻ കഴിയും. ക്രിസ്തുവിന്റെ തിരുരക്തത്തിന് നിന്നെ രൂപാന്തരപ്പെടുത്താൻ കഴിയും. വിശ്വസക്കൂ. ക്രിസ്തുവിൽ ആശ്രയിക്കൂ. ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കൂ.

## പന്ത്രണ്ട്

> "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല."
>
> യോഹ. 15:4

ക്രിസ്തുവിൽ വസിച്ചാൽ ഫലം കായ്ക്കാം; ഫലസമൃദ്ധമായ ജീവിതം നയിക്കാം.

ഫലം കായ്ക്കുന്നതിനോടുള്ള ബന്ധത്തിൽ അഞ്ചുതരം അനുഭവങ്ങൾ ഉണ്ട്.

ഒന്ന്, ഫലം കായ്ക്കാത്ത അവസ്ഥ.

രണ്ട്, ആകാത്ത (ചീത്ത) ഫലം കായ്ക്കുന്ന അവസ്ഥ.

മൂന്ന്, ഫലം കായ്ക്കുന്ന അവസ്ഥ.

നാല്, അധികം ഫലം കായ്ക്കുന്ന അവസ്ഥ.

അഞ്ച്, വളരെ ഫലം കായ്ക്കുന്ന അവസ്ഥ.

ആത്മാവിന്റെ ഫലം കായ്ക്കണമെങ്കിൽ ആത്മാവു ഉള്ളിൽ വസിക്കണം. പരിശുദ്ധാത്മാവ് ആവസിച്ചിരിക്കുന്നേടത്തു നിന്ന് ആത്മാവിന്റെ ഫലം കായ്ക്കും.

> "ആത്മാവിന്റെ ഫലം സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവയത്രെ."
> ഗലാത്യർ 5:22

ഒരു കുട്ടി ഇരുന്ന് വായിക്കുകയും എഴുതുകയും ചെയ്യുന്ന മേശയുടെ അരികത്ത് ചുമരിൽ ഒരു എട്ടുകാലി വല കെട്ടിയിരിക്കുന്നതുകണ്ടു. അവനത് തൂത്തുകളഞ്ഞു. പിറ്റേദിവസവും രാവിലെ അവൻ വായിക്കുവാൻ വന്നിരുന്നപ്പോൾ പിന്നെയുമുണ്ട് ഒരു പുതിയ എട്ടുകാലിവല. അന്നും അവനത് തൂത്തുകളഞ്ഞു. അടുത്ത ദിവസവും അങ്ങനെതന്നെ. അന്നും അവൻ അത് തൂത്തുകളഞ്ഞു.

അവൻ അമ്മയോടു പറഞ്ഞു: "എന്നും ഈ എട്ടുകാലി വല ഞാൻ തൂത്തുകളഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷെ അത് പിന്നെയും പിന്നെയും ഉണ്ടാകുന്നല്ലോ."

അമ്മ പറഞ്ഞു: "മോനെ, നീ ആ മേശയുടെ കീഴെ മൂലയിൽ മേശക്കിലിന്റെ മറവിലേക്കൊന്നു നോക്കൂ. അവിടെ ഒളിഞ്ഞിരിക്കുന്ന എന്തെങ്കിലും കാണുന്നുണ്ടോ?"

"ഉണ്ട്, ഒരു എട്ടുകാലി അവിടെ ഒളിച്ചിരിക്കുന്നുണ്ട്."

"മോനെ, നീ എന്നും എട്ടുകാലി വല തൂത്തുകളഞ്ഞാലും ഫലപ്രദമാവുകയില്ല. എട്ടുകാലിയെത്തന്നെ കൊല്ലണം."

അമ്മ ഒരു ചൂലെടുത്തുകൊണ്ടുവന്നു. എട്ടുകാലിയെ

അടിച്ചുകൊന്നു. പിന്നെ ആ എട്ടുകാലി വല തൂത്തുകള യേണ്ടി വന്നില്ല.

ആ വീട്ടിലെ മോള് നല്ല മിടുക്കിപെൺകുട്ടിയാണ്. പഠിത്തം ഉഴപ്പാതെതന്നെ വീട്ടുജോലികളെല്ലാം ചെയ്യാൻ നല്ല ഉത്സാഹ മാണ്. മുറി തൂക്കും, മേശ തുടയ്ക്കും, കിടക്കയിൽ ഷീറ്റ് കുട ഞ്ഞുവിരിക്കും, അടുക്കളയിൽ അമ്മയെ സഹായിക്കും.

ഒരു ദിവസം രാവിലെ അവൾ നോക്കുമ്പോൾ മുറിയിലാകെ ധാരാളം കടലാസ്സുകഷണങ്ങൾ ചിന്നിത്തൂകിക്കിടക്കുന്നു. കുറെ യേറെ പൊടിപടലങ്ങൾ. മറ്റെന്തെല്ലാമോ ചെറിയസാധനങ്ങൾ, ശകലങ്ങൾ എല്ലാം ചിതറിക്കിടക്കുന്നു. അവൾ ഒട്ടും താമസി ച്ചില്ല. എല്ലാം അടിച്ചുതൂത്ത് മുറിയുടെ ഒരു മൂലയിൽ കൂട്ടി. മുറിയാകെ വൃത്തിയാക്കി. അവൾ നല്ല സംതൃപ്തിയോടെ മുറി യിൽ നിന്ന് പോയി.

സ്കൂളിൽ നിന്ന് അവൾ വൈകുന്നേരം വന്നു. മുറിയി ലേക്ക് കടന്നപാടെ അറച്ച്, തരിച്ചുനിന്നുപോയി. രാവിലെ തൂത്തു കൂട്ടിയതെല്ലാം പിന്നെയും ചിതറിത്തൂകിക്കിടക്കുകയാണ്. ഇതെ ന്തൊരുപാട്! അവൾ ഉടനെ ചൂലെടുത്തുകൊണ്ടുവന്ന് എല്ലാം അടിച്ചുതൂത്ത് മൂലയിൽ കൂട്ടി. കൊള്ളാം, മുറി വൃത്തിയായി.

പിറ്റേദിവസവും സ്കൂൾ വിട്ടുവന്നപ്പോൾ ഇന്നലത്തേതിലും കഷ്ടം! എല്ലാം ചിതറിക്കിടക്കുകയാണ്. കടലാസ്സുകഷണങ്ങൾ ആകെ മുറിയിലെല്ലാം തൂകിക്കിടക്കുന്നു. പൊടിയെല്ലം പറന്ന് കിടക്കയിലും മേശയിലുമെല്ലാം പരന്നുകിടക്കുന്നു.

അവൾ അമ്മയെ വിളിച്ചു. “അമ്മേ, ഞാൻ എന്നും മുറി തൂത്തു വൃത്തിയാക്കും. അതെല്ലാം പിന്നെയും ഇവിടമാകെ ചിതറിക്കിടക്കുന്നു. ഇതെന്താണ്? ഇതിന്റെ കാരണമെന്താണ്?

ഞാൻ എന്നും ഇങ്ങനെ കഷ്ടപ്പെടുകയാണല്ലോ.”

അമ്മ പറഞ്ഞു: “മോളെ, നിനക്കത് മനസ്സിലായില്ലേ? നീ അടിച്ചുതൂത്തുകൂട്ടുന്നേയുള്ളൂ. നീ അത് വാരിക്കളയുന്നില്ല. അടിച്ചുകൂട്ടി ഇടാതെ അപ്പോൾത്തന്നെ ഒരു Dust pan –ൽ നീ അത് എടുത്ത് നമ്മുടെ കുപ്പക്കുഴിയിൽ കൊണ്ടുപോയി ഇടൂ. അങ്ങനെ ചെയ്താൽ ഇങ്ങനെയൊന്നും കഷ്ടപ്പെടേണ്ട.

സ്നേഹിതരേ, ഈ ഉദാഹരണങ്ങൾ രണ്ടും നിങ്ങൾക്ക് മനസ്സിലായില്ലേ? ആകാത്ത ഫലം കായിക്കുകയില്ലെന്ന് തീരുമാനമെടുത്തു. പക്ഷെ പിന്നേയും അതുതന്നെ വരുന്നു. വന്ന തിന്മകളെല്ലാം ഏറ്റുപറഞ്ഞു. പക്ഷേ പിന്നേയും തിന്മകൾ വരുന്നു. നല്ല ഫലം കായ്ക്കാൻ സാധിക്കുന്നില്ല.

എന്താണ് ചെയ്യേണ്ടത്? നീ എട്ടുകാലി വല തൂത്തുകളയാതെ വലയുണ്ടാക്കുന്ന എട്ടുകാലിയെക്കൊല്ലുക. നീ മുറിയെല്ലാം തൂത്തുവെടിപ്പാക്കി മൂലയിൽ കൂട്ടിവെയ്ക്കാതെ അപ്പോൾത്തന്നെ അതുവാരി ദൂരെക്കൊണ്ടുപോയി കളയുക.

അതാണ് ‘‘എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും;” എന്നു പറയുന്നത്. ക്രിസ്തു നമ്മിൽ അതിവസിച്ചാൽ അവൻ നമ്മിൽ വസിച്ചുകൊണ്ട് ശത്രുവിനെ നിഹനിച്ചുകൊള്ളും. സാത്താൻ മൂന്നുവഴികളിലൂടെയാണ് ദൈവമക്കളെ പാപത്തിലേക്ക് നയിക്കുന്നത്. ജഡമോഹം, കൺമോഹം, പ്രതാപമോഹം (ജീവനത്തിന്റെ പ്രതാപം).

ആദിമമനുഷ്യനെ സാത്താൻ പരീക്ഷിച്ചത് ഇവയിൽ കൂടിയാണ്. വിലക്കപ്പെട്ട കനി തിന്മാൻ നല്ലതെന്ന് കണ്ടു – ജഡമോഹം. കാൺമാൻ ഭംഗിയുള്ളത് – കൺമോഹം ജ്ഞാനം പ്രാപിപ്പാൻ കാമ്യം – പ്രതാപമോഹം – സ്വയപ്രതാപം.

രണ്ടാം ആദമായ ക്രിസ്തുവിനെയും സാത്താൻ ഇവയിൽ കൂടിയാണ് പരീക്ഷിച്ചത്.

"കല്ല് അപ്പമായി തീരുവാൻ കല്പ്പിക്ക" – ജഡമോഹം. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് എന്നു എഴുതിയിരിക്കുന്നു എന്ന തിരുവെഴുത്ത് കാണിച്ചു ശത്രുവിന്റെ പ്രലോഭനത്തെ കർത്താവ് ജയിച്ചു.

രണ്ടാമത്തെ പരീക്ഷ കൺമോഹം.

> "മേലോട്ട് കൂട്ടിക്കൊണ്ടുപോയി. ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ അവന്നു കാണിച്ചു. ഈ അധികാരമൊക്കെയും അതിന്റെ മഹത്വവും നിനക്കുതരാം. നീ എന്നെ നമസ്ക്കരിച്ചാൽ അതെല്ലാം നിന്റേതാകും."
>
> ലൂക്കോസ് 4:5–7

നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നു." തിരുവചനം കൊണ്ടുതന്നെ സാത്താനെ തോല്പ്പിച്ചു.

മൂന്നാമത്തെ പരീക്ഷ – ജീവനത്തിന്റെ പ്രതാപം – പ്രതാപമോഹം – Self importance –സ്വയമഹത്ത്വം

> "പിന്നെ പിശാച്, യേശുവിനെ യെരുശലേമിലേക്ക് കൂട്ടിക്കൊണ്ടുപോയി. ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോട്, നീ ദൈവപുത്രൻ എങ്കിൽ താഴോട്ടുചാടുക. നിന്നെ കാപ്പാൻ അവൻ തന്റെ ദൂതന്മാരോട് നിന്നെക്കുറിച്ച് കൽപ്പിക്കുകയും നിന്റെ കാൽ കല്ലിനോട് തട്ടാതവണ്ണം അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളുകയും

ചെയ്യും എന്ന് എഴുതിയിരിക്കുന്നുവല്ലോ."

ലൂക്കോസ് 4:9–11

"നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നു അരുളി ചെയ്തിരിക്കുന്നു." എന്നത്രേ യേശു പറഞ്ഞത്.

പിശാചും തിരുവചനം ഉദ്ധരിക്കും. ചില വേദവാക്യങ്ങൾ ഉദ്ധരിച്ച് നിന്നെ വഴിതെറ്റിക്കുവാൻ വരും. ഇങ്ങനെയും കൂടെ എഴുതിയിരിക്കുന്നു എന്നു തിരുവചനം കൊണ്ടുതന്നെ പിശാചിന്റെ വാദമുഖങ്ങളെ ഖണ്ഡിക്കാൻ നിനക്കു കഴിയണമെങ്കിൽ യേശു നിന്റെ ഉള്ളിൽ വസിക്കണം.

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും."

മറ്റൊരുദാഹരണം കേൾക്കൂ: ഒരു കാഞ്ഞിരം. അതിന്റെ കായ് പഴുത്ത്, ചുവന്ന്, തുടുത്തു. കണ്ടാൽ ആകർഷണമാണ്. പക്ഷേ, അത് എന്ത് കയ്പ്പാണ്. നാവിൽ ഒന്ന് തൊടാൻ പറ്റുമോ? ഒട്ടും സാദ്ധ്യമല്ല.

ഈ കയ്പുള്ള കായ്കൾ വളർത്തുന്നത് നല്ലതല്ല എന്ന് നിനക്ക് തോന്നി. എല്ലാ കായും പറിച്ചുകളഞ്ഞു. പക്ഷേ പ്രശ്നം തീർന്നില്ല. പിറ്റേ വർഷം വീണ്ടും കായുണ്ടായി.

കാഞ്ഞിരത്തിന്റെ കൊമ്പുകൾ വെട്ടിക്കളയാം. വെട്ടി കാഞ്ഞിരക്കായുണ്ടായില്ല. ഭാഗ്യം. പക്ഷേ പിന്നെയും പുതിയ കൊമ്പുകൾ. അവയിൽ കാഞ്ഞിരക്കായ്കൾ. മരം തന്നെ വെട്ടിക്കളയാം. വെട്ടിക്കളഞ്ഞു. ചുവടോടെ വെട്ടിക്കളഞ്ഞു.

കുറെ വർഷത്തേക്ക് കുഴപ്പമൊന്നുമില്ല. കാഞ്ഞിരക്കായുണ്ടാകുന്നില്ലല്ലോ. പക്ഷെ ഒരുദിവസം ആ കുറ്റിച്ചുവട്ടിൽ നിന്ന് കുറെദൂരെ കാഞ്ഞിരത്തിന്റെ ഒരു തൈ മുളച്ചുവരുന്നു. എന്താണ്

കാരണം? കാഞ്ഞിരത്തിന്റെ വേര് പോയിരിക്കുന്ന ഭാഗങ്ങളി ലെല്ലാം പച്ചയായി വേരുള്ളിടത്ത് പുതിയ ചെനപ്പുകൾ പൊടി ച്ചുവരാം.

ഇനി ഇതിനെന്തു പ്രതിവിധിയാണ് ചെയ്യേണ്ടത്? പറമ്പിലു ണ്ടാകുന്ന കരിയിലയെല്ലാം കൊട്ടകൊട്ടയായി ആ കാഞ്ഞിര ത്തിന്റെ കുറ്റിനിൽക്കുന്നിടത്തിട്ട് കത്തിക്കുക. പിന്നേയും പിന്നേയും കത്തിക്കുക. കുറ്റിക്കകത്ത് പിടിക്കും. അതിന്റെ വേര് പോകുന്നിടത്തെല്ലാം കത്തിക്കത്തിപ്പൊയ്ക്കൊണ്ടിരിക്കും. വർഷങ്ങൾ കഴിഞ്ഞ് അവിടെയെല്ലാം കിളയ്ക്കുമ്പോൾ കുറെ കരിക്കട്ടകൾ മണ്ണിനടിയിൽ കിടക്കുന്നതുകാണാം.

ദൈവപൈതലേ, മനസ്സിലായോ ? പരിശുദ്ധാത്മാവാകുന്ന അഗ്നി നിന്റെ മേൽ നിരന്തരം ഇറങ്ങികത്തിക്കൊണ്ടിരിക്കണം. നിന്റെ ഓരോ കോശത്തിലും പരിശുദ്ധാത്മാവിന്റെ കനൽപൊ രികൾ ജ്വലിച്ചുകൊണ്ടിരിക്കണം. നിന്റെ രക്തധമനികളിൽ കൂടെ പരിശുദ്ധാത്മാവാകുന്ന അഗ്നി ഒഴുകിക്കൊണ്ടിരിക്കണം. നിന്റെ ചിന്താമണ്ഡലത്തിൽ പരിശുദ്ധാത്മാവിന്റെ തീക്കട്ട എരിഞ്ഞു കൊണ്ടിരിക്കണം. നിന്റെ ബോധമനസ്സും ഉപബോധമനസ്സും മാത്രമല്ല, അബോധതലങ്ങളിലും പരിശുദ്ധാത്മാവിന്റെ തേജസ് പ്രസരിച്ചുകൊണ്ടിരിക്കണം. പെന്തിക്കോസ്തിപ്പെരുന്നാളിൽ സെഹിയോൻ മാളികയിൽ കാത്തിരുന്നവരുടെമേൽ ഇടിച്ചിറ ങ്ങിയ പരിശുദ്ധാത്മാവിന്റെ അഗ്നി നിന്റെ ആളത്വമാകമാനം ത്രസിച്ചുകൊണ്ടിരിക്കണം. തീജ്വാല നിന്നിൽ നിന്ന് നിന്നോടടു ക്കുന്നവരുടെമേൽ ആളിപ്പടർന്നുകൊണ്ടിരിക്കണം.

അപ്പോൾ ജയജീവിതത്തിന്റെ പ്രാഗത്ഭ്യവും ധൈര്യവും നിന്റെ കൈമുതലാകും. അപ്പോൾ ഫലസമൃദ്ധിയുടെ സന്തോ ഷത്തിൽ സ്തുതിയും സ്തോത്രവും ഇടവിടാതെ കരേറ്റുവാൻ നീ യോഗ്യനായിത്തീരും. അപ്പോഴാണ് സ്തുതിയുടെ മുമ്പിൽ

ഭോഷ്ക്കിന്റെ യരീഹോ കോട്ടകൾ തകർന്നുവീഴുന്നത്. അപ്പോഴാണ് അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പരിശുദ്ധപിതാക്കന്മാരുടെ ദൈവം, ജീവിക്കുന്നു എന്നു ചുറ്റുപാടുമുള്ളവർ അറിയുന്നത്. അപ്പോഴാണ് ഒടുവിലത്തെ പന്തിയിൽ മേൽത്തരം വീഞ്ഞ് വിളമ്പുന്നത്. അപ്പോഴാണ് ഇവർ പുതുവീഞ്ഞ് കുടിച്ച് മദിച്ചിരിക്കുന്നു എന്നു പരിഹാസികൾ നിന്ദിക്കുമ്പോഴും മൂവായിരങ്ങൾ മാനസാന്തരപ്പെടുന്നത്.

അതാണ് മൂന്നാമത്തെ അവസ്ഥ – ഫലം കായ്ക്കുന്ന അവസ്ഥ. "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല." യോഹ. 15:4

ഒരു നല്ല മാവ് : ധാരാളം മാങ്ങയുണ്ടായി, പതിവിലേറെ കായ്ച്ചു. ഉണ്ണിമാങ്ങ വലുതായിവരികയാണ്, നല്ലതുപോലെ വളർന്നു. പഴുക്കാറായി. പ്രതീക്ഷയോടെ പറിച്ച് പഴുക്കാൻവെച്ചു. നല്ലതുപോലെ പഴുത്തു. പൂളിത്തിന്നാമെന്നുവിചാരിച്ചു. നല്ല മൂർച്ചയുള്ള കത്തികൊണ്ടുവന്നു ചെത്തി. നല്ല നിറവുമുണ്ട്; മണവുമുണ്ട്. ചെത്തിവരുമ്പോഴേ അതിന്റെ രുചിയോർത്ത് നാവിൽ നനവൂറുന്നുണ്ട്.

പൂളിയപ്പോഴല്ലേ കാണുന്നത് – മുഴുവൻ പുഴുക്കേട്! അകത്ത് ചീഞ്ഞിരിക്കുന്നു. പുഴുക്കൾ നുഴയ്ക്കുന്നു! അടുത്തമാങ്ങയെടുത്തു. അതും ചീത്ത. അടുത്തത്, അതും ചീത്ത തന്നെ. എല്ലാ മാമ്പഴവും ചീത്ത. പുറമെ നോക്കിയാൽ ഒരു കുഴപ്പവുമില്ല. പുറമെ കേടുതോന്നുകയുമില്ല. അകത്താണ് മുഴുവൻ പുഴുക്കൾ. അല്പംപോലും തിന്നാൻ കിട്ടിയില്ല.

ഈ പുഴു എങ്ങനെ കയറി ഇതിനുള്ളിൽ ? പൂവായിരിക്കുമ്പോൾ തന്നെ പുഴു അകത്ത് കയറിയതാണ്. അത് അകത്ത് വളരുകയായിരുന്നു. പുറമെ അറിഞ്ഞില്ല. ക്ഷുദ്രപ്രാണിപൂവിനുള്ളിൽ മുട്ടയിട്ട് പറന്നുപോയിരുന്നു. മുട്ടവിരിഞ്ഞു പുഴുവായി അകത്തുവളരുന്നു. പൂവായിരിക്കുമ്പോൾ പ്രത്യേകം സൂക്ഷ്മതയോടെ ശ്രദ്ധിച്ചാൽ മതിയായിരുന്നു.

ദുഷ്ടശക്തിയുടെ വ്യാപാരം തുടങ്ങുന്ന സമയത്തുതന്നെ അതിനെ നശിപ്പിക്കണം. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിക്കണം. അതിൽ വിട്ടുവീഴ്ചയോ അലംഭാവമോ ഉണ്ടാകാൻ പാടില്ല. പാപത്തിന് കത്തിവെയ്ക്കുന്നതിൽ ഏറ്റവും കർശനമായിരിക്കണം. അതുവേറെ ആരെയും കാണിക്കാനോ ബോദ്ധ്യപ്പെടുത്താനോ അല്ല. സ്വന്തം ആവശ്യമായിത്തീരണം. അവനവൻ അത്യാവശ്യക്കാരനായിത്തീരണം. അപ്പോൾ നല്ല ഫലം കായ്ക്കാൻ സാധിക്കും. അപ്പോൾ ഉടമസ്ഥന് പ്രസാദമാകും.

സ്നേഹിതരേ, നമ്മുടെ ദൈനംദിനജീവിതം സ്നേഹത്താൽ ഊഷ്മളമായിത്തീരണം. നമ്മോടടുക്കുന്നവർക്ക് സ്നേഹം മാത്രമാണ് നമ്മിൽനിന്ന് കിട്ടേണ്ടത്. കൊടിയ വെയിലത്ത് ചുട്ടുപഴുത്ത മണലിൽ കൂടിനടന്ന് കാൽ പൊള്ളി, ദാഹിച്ചു വലഞ്ഞു ഒരു തണൽതേടി ഒരു മരത്തിന്റെ ചുവട്ടിൽ ഇരിക്കുന്ന യാത്രക്കാരന് കുളിർക്കാറ്റും തണലും മൂലം ആശ്വാസം ലഭിക്കുന്നതുപോലെ ജീവിതത്തിന്റെ കൊടിയ പ്രശ്നങ്ങളിൽ മനമുരുകിയും അകമുലഞ്ഞും ഉള്ളുപൊള്ളിയും വരുന്നവർക്ക് നമ്മുടെ സമീപത്തെത്തുമ്പോൾ ക്രിസ്തുവിന്റെ സ്നേഹവും സന്തോഷവും സമാധാനവും പ്രദാനം ചെയ്യാൻ നമുക്ക് കഴിഞ്ഞാൽ എന്ത് ഭാഗ്യമാണ് ! എന്ത് ചാരിതാർത്ഥ്യമാണ് ! എന്തു സംതൃപ്തിയാണ് !

അവരുടെ ഉള്ളു തണുക്കുമ്പോൾ അപ്പന്റെ ഉള്ളിൽ ആശ്വാസവും തണുപ്പേകിയ നമ്മുടെ നേരെ ആശിസ്സും ഉണ്ടാകും.

നല്ല ഫലം കായ്ക്കേണ്ടതിന് നമുക്ക് എപ്പോഴും കർത്താവിനോട് ചേർന്ന് വസിക്കാം. കർത്താവിൽ എപ്പോഴും വസിക്കാം. കർത്താവിൽ മുഴുവൻ ലയിച്ചിരിക്കാം. കർത്താവിന്റെ സ്നേഹത്തിൽ നമുക്ക് വസിക്കാം.

കർത്താവ് അരുളി ചെയ്തു:

> “ഞാൻ എന്റെ പിതാവിന്റെ കല്പ്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കൽപ്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.”
>
> യോഹ. 15:10

അവന്റെ കൽപ്പനകൾ ഭാരമുള്ളവയല്ല. അവന്റെ നുകം മൃദുവാണ്. അവന്റെ ചുമട് ലഘുവുമാകുന്നു. ആ നുകത്തിൻ കീഴിൽ അവന്റെ വരുതിയ്ക്കും നമുക്ക് നടക്കാം. അങ്ങനെ ഇഹത്തിലും പരത്തിലും നാം ഭാഗ്യശാലികളായിത്തീരും.

## പതിമൂന്ന്

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും"

യോഹ. 15:4

"എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു..... ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും..... നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു."

യോഹ. 15:2–8

ഒന്ന്, ഫലം കായ്ക്കാത്ത അവസ്ഥ.

രണ്ട്, ആകാത്ത ഫലം കായ്ക്കുന്ന അവസ്ഥ.

മൂന്ന്, നല്ല ഫലം കായ്ക്കുന്ന അവസ്ഥ.

നാല്, അധികം ഫലം കായ്ക്കുന്ന അവസ്ഥ.

അഞ്ച്, വളരെ ഫലം കായ്ക്കുന്ന അവസ്ഥ.

> "കായ്ക്കുന്നതൊക്കെയും അധികം ഫലം കായ
> ക്കേണ്ടതിന്നുചെത്തിവെടിപ്പാക്കുന്നു."
>
> യോഹ 15:2

നല്ല ഫലം കായ്ക്കുന്നത് അധികം ഫലം കായ്ക്കേണ്ട താണ്.

"He prunes those branches that bear fruit for even larger crops'' എന്ന് Living Bible –ൽ കാണുന്നു.

"Every branch that does bear fruit, he prunes so that it will be even more fruit ful" എന്ന് New International Version –ൽ കാണുന്നു.

Larger Crops എന്നും Even more fruitful എന്നും പറഞ്ഞിരിക്കു ന്നതാണ് അധികം ഫലം എന്ന് മലയാളം വേദപുസ്തകത്തിൽ കാണുന്നത്.

വിവിധങ്ങളായ ആത്മീയഫലങ്ങളെക്കിറിച്ച് തിരുവചന ത്തിൽ പറഞ്ഞിട്ടുണ്ട്. നാം ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നത് ഫലം കായ്ക്കുന്നതാണ്.

> "എന്നാൽ സഹോദരന്മാരെ, എനിക്കുശേഷം ജാതി
> കളിലെന്നപോലെ നിങ്ങളിലും വല്ലഫലവും ഉണ്ടാ
> കേണ്ടതിന് നിങ്ങളുടെ അടുക്കൽ വരുവാൻ പല
> പ്പോഴും ഭാവിച്ചു."
>
> റോമർ 1:13

വല്ലഫലവും എന്നതിന് "I must have a harvest'' എന്നാണ് N.I.V. യിൽ കാണുന്നത്.

നാം തന്നെ ക്രിസ്തുവിന്റെ വിളവെടുപ്പിന്റെ ഒരു ഭാഗമാണ്. ആത്മാക്കളെ നേടുന്നത് ഒരു സ്വർഗ്ഗീയ വിളവെടുപ്പാണ്.

> "ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്ന് നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നത് കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലിവാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെക്കുന്നു."
>
> യോഹ. 4:35–38

നാം അനുസരണത്തിലും വിശുദ്ധിയിലും വളരുന്നത് ഫലം കായ്ക്കുന്നതാണ്.

"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു."

ആത്മീയ പ്രവർത്തനങ്ങൾക്കുവേണ്ടിയും ദൈവവേലക്കാർക്കുവേണ്ടിയും സഹായം ചെയ്യുന്നത് ഒരു നല്ല സമർപ്പണമുള്ള ജീവിതത്തിന്റെ ഫലസമൃദ്ധിയത്രേ.

> "ഇപ്പോഴോ ഞാൻ വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്‌വാൻ യെരുശലേമിലേക്കു യാത്രയാകുന്നു. യെരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ഏതാനും ധർമ്മോപകാരം ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി. അവർക്ക് ഇഷ്ടം തോന്നി എന്നു മാത്ര

> മല്ല, അത് അവർക്ക് കടവും ആകുന്നു; ജാതികൾ അവരുടെ ആത്മീക നന്മകളിൽ കൂട്ടാളികൾ ആയെങ്കിൽ ഐഹിക നന്മകളിൽ അവർക്കു ശുശ്രൂഷ ചെയ്‌വാൻ കടമ്പെട്ടിരിക്കുന്നുവല്ലോ. ഞാൻ അതു നിവർത്തിച്ചു. ഈ ഫലം അവർക്കു ഏല്പിച്ചു ബോധ്യം വരുത്തിയശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്കു പോകും."
>
> റോമർ 15:25–28

ക്രിസ്തുവിനെ മറ്റുള്ളവർ നമ്മുടെ ജീവിതത്തിൽ കൂടെ കാണുന്ന ക്രിസ്തീയ സ്വഭാവ മഹിമ ആത്മാവിന്റെ ഫലങ്ങളാണ് എന്ന് പൗലോസ് പറയുന്നു.

> "ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം."
>
> ഗലാത്യർ 5:22

നമ്മുടെ സദ്ഗുണപ്രവൃത്തികൾ, സേവനപരത മുതലായവ നാം ക്രിസ്തുവിൽ വസിക്കുന്നതുമൂലം നമ്മിലുണ്ടാകുന്ന ഫലങ്ങളാണ്.

> "നിങ്ങൾ പൂർണ്ണപ്രസാദത്തിന്നായി കർത്താവിനു യോഗ്യമാകുംവണ്ണം നടന്നു, ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും."
>
> കൊലൊസ്സ്യർ 1:10

നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും നമ്മുടെ അധര ങ്ങളിൽ നിന്നും ഉളവാകുന്ന സ്തുതി ദൈവനാമ മഹത്വത്തിനു വേണ്ടിയുള്ള സാക്ഷാത്തായ ഫലങ്ങളത്രേ.

> "അവർ മുഖാന്തിരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക."
>
> എബ്രായർ 13:15

ക്രിസ്തുവിനോടുകൂടി വസിക്കുക അഥവാ ക്രിസ്തുവിൽ വസിക്കുക എന്നത് ഒരു ഭാഗ്യപദവിയാണ്. ആ ഭാഗ്യത്തിന്റെ മറുവശമാണ് ആ പദവിയുടെ ഉത്തരവാദിത്വം. ആ ഉത്തരവാദി ത്തമാണ് നാം ഫലം കായ്ക്കണമെന്നുള്ളത്.

ഫലം കായ്ച്ചാൽ മാത്രം പോരാ, നാം അധികം ഫലം കായ്ക്കണം. അധികം ഫലം കായ്ക്കുവാനാണ് ചെത്തിവെടി പ്പാക്കുന്നത്. അനേകം വിശ്വാസികളും അധികം ഫലം കായ്ക്കു വാൻ ആഗ്രഹിക്കുന്നവരാണ്; പക്ഷെ അവർ ചെത്തിവെടിപ്പാ ക്കപ്പെടുവാൻ മനസ്സുള്ളവരല്ല. മനസ്സുള്ളവരായാലും പോരാ; അതിൽ ആനന്ദിക്കുവാനും ചെത്തിവെടിപ്പാക്കുന്നതിൽ കൃത ജ്ഞരായിരിക്കാനും സാധിക്കേണ്ടതാണ്.

രണ്ടുവിധത്തിലാണ് ചെത്തിവെടിപ്പാക്കുന്നത്. ഒന്ന്, ഉണ ങ്ങിയ കമ്പുകൾ മുറിച്ചുകളയുന്നു. അവ നിന്നാൽ പച്ചയായ തണ്ടിന് പുഴുക്കേടോ രോഗമോ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. രണ്ട്, ചില പച്ചയായ ഭാഗങ്ങൾ മുറിച്ചുകളഞ്ഞാൽ പുതുതായി പൊടിച്ചു വരുന്ന ചില്ലകളിൽ മേൽത്തരം വിളവുണ്ടാകും."

ചെത്തിവെടിപ്പാക്കാൻ നല്ല പരിശീലനം ആവശ്യമാണ്. പരി ശീലനവും പക്വതയും ഇല്ലാതെ ചെത്തിവെടിപ്പക്കിയാൽ തോട്ടം

മുഴുവനും നശിച്ചുപോകുകയും ഒട്ടും വിളവു ലഭിക്കാതെ പോകുകയും ചെയ്യാനിടയുണ്ട്. എവിടെ മുറിക്കണം, എങ്ങനെ മുറിക്കണം, എത്രമാത്രം മുറിക്കണം, ഏതു ദിശയിൽ മുറിക്കണം മുതലായ അനേകം കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നേടിയവരാണ് ചെത്തിവെടിപ്പാക്കേണ്ടത്.

ചെത്തുന്നത് എപ്പോഴും വേദനാകരമാണ്. പക്ഷെ ആ വേദന മറക്കും, അധികം ഫലം കായ്ക്കുമ്പോൾ. അപ്പോൾ അത്യന്തം സന്തോഷിക്കുകയും ചെയ്യും.

നിത്യനായ സ്വർഗ്ഗീയപിതാവ് നമ്മെ ചെത്തുമ്പോഴാണ് അവിടുന്ന് നമ്മോട് ഏറ്റവും അടുത്തു നിൽക്കുന്നത്. അതെത്ര ആശ്വാസപ്രദമാണ്. കർത്താവേ, അവിടത്തെ ആണിപ്പാടുള്ള കരം എന്നെ ചെത്തിവെടിപ്പാക്കണമേ എന്നു പ്രാർത്ഥിക്കാം.

നമ്മുടെ നല്ല ഭാഗങ്ങൾ, ഫലം കായ്ക്കുന്ന ഭാഗങ്ങളും മുറിച്ചു മാറ്റേണ്ടത് ആവശ്യം. കുറേക്കൂടി നല്ലതാകാൻ, പോരാ, ഏറ്റവും നല്ലതാകാൻ വേണ്ടിയുള്ള ദൈവിക അദ്ധ്വാനമാണ് നാമിതിൽ കാണേണ്ടത്.

അടിക്കടി ആപത്തുകൾ, വിട്ടുമാറാതെയുള്ള രോഗങ്ങൾ, കഷ്ടനഷ്ടങ്ങൾ, അപ്രതീക്ഷിതമായ അത്യാഹിതങ്ങൾ, അവിചാരിതമായ എതിർപ്പുകൾ, പ്രശ്നങ്ങൾ, ക്ലേശങ്ങൾ, വളരെ അടുപ്പമുണ്ടായിരുന്നവരുടെ അകൽച്ചകൾ, മക്കളുടെ ദുസ്വഭാവങ്ങൾ, ഭർത്താവിന്റെ സ്നേഹശൂന്യമായ പെരുമാറ്റങ്ങൾ, ഭാര്യയുടെ അവിശ്വസ്തതകൾ, കൂടെ നടന്നവർ കുതികാൽ ചവിട്ടിയ സംഭവങ്ങൾ, ഉപകാരത്തിനുപകരം ഉപദ്രവം നേരിട്ട അനുഭവങ്ങൾ – ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾ. ഇവ പലതും പിശാച് വരുത്തിവച്ച കെണികളും ദുരിതങ്ങളുമാകാം. പക്ഷെ, അവയിൽകൂടിയെല്ലാം ദൈവകരം പ്രവർത്തിച്ച് എല്ലാം നമ്മെ അധികഫലം

കായ്ക്കുന്നതിലേക്ക് നയിക്കും എന്നത് എത്രയോ ആശ്വാസകരമാണ്; പ്രത്യാശാഹേതുകമാണ്!

ദൈവത്തിന്റെ വചനത്താൽ നമ്മെ ദൈവം ചെത്തിവെടിപ്പാക്കാം. നമുക്കു തരുന്ന ശാസനകൾ, ശിക്ഷണങ്ങൾ, കർശനമായ താക്കീതുകൾ, വ്യക്തമായ കുറ്റാരോപണങ്ങൾ എന്നിവയിൽക്കൂടി കർത്താവ് നമ്മെ ചെത്തിവെടിപ്പാക്കും. നമുക്കു പാപബോധം തരാനും, തദ്വാരാ, നമ്മെ വിശുദ്ധീകരിക്കാനുമുള്ള ദൈവീകാദ്ധ്വാനമാണ് നാമവയിൽ കാണേണ്ടത്. നമ്മെ വിശുദ്ധരും തേജസ്സുള്ളവരും കറയില്ലാത്തവരുമാക്കാനുള്ള ദൈവസ്നേഹത്തിന്റെ പരിശ്രമം.

എബ്രായലേഖനം പന്ത്രണ്ടാമദ്ധ്യായം ആദ്യഭാഗത്ത് കാണുന്ന ശിക്ഷകളെ കുറിച്ചുള്ള പ്രസ്താവം ചെത്തിവെടിപ്പാക്കുന്ന പ്രക്രിയയുടെ വ്യക്തമായ തെളിവാണ്.

> "മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതുമകനേയും തല്ലുന്നു എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ കഴിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല, കൗലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണ

ങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചത് കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രെ. അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നത്. ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല. ദുഃഖകരമത്രേ എന്നുതോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും."

എബ്രയാർ 12:5–11

ക്രിസ്തീയജീവിതം ഫലസമൃദ്ധമാകണമെന്ന് ആഗ്രഹിക്കുന്ന ആരും, എത്ര ഉന്നതനായാലും, സ്വയവിമർശനത്തിനും ശാസനത്തിനും സന്തോഷപൂർവ്വം വിധേയനാകണം. വിശുദ്ധീകരണമാണ് ലക്ഷ്യമെങ്കിൽ ശാസനവും ശിക്ഷണവും കൂടിയേ കഴിയൂ.

അഞ്ചാമത്തെ അനുഭവമാണ് വളരെ ഫലം കായ്ക്കുന്നത്.

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം കായ്ക്കും."

യോഹ. 15:5

"നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാരാകും."

യോഹ. 15:8

ക്രിസ്തുവിന്റെ ശിഷ്യനാകണമെങ്കിൽ വളരെ ഫലം കായ്ക്കണം. അപ്പോൾ മാത്രമേ പിതാവിന്റെ നാമം മഹത്വപ്പെടുകയുള്ളൂ. "A lage crope of fruit'' എന്നാണ് Living Bible –ൽ വളരെ ഫലം എന്നതിനുപറഞ്ഞിട്ടുള്ളത്.

"My true disciples produce bountiful harvest s" എന്നാണ് "എന്റെ ശിഷ്യന്മാർ വളരെ ഫലം കായ്ക്കുന്നു." എന്നവാക്യത്തിന് LB –യിൽ പറഞ്ഞിരിക്കുന്നത്. സമൃദ്ധമായ വിളവെടുപ്പ് എന്നർത്ഥം.

"Bear much fruit'' എന്നാണ് New International Version –ൽ കാണുന്നത്. വളരെ ഫലം കായ്ക്കുന്നവരായിത്തീരണം. എന്നതാണ് നമ്മെക്കുറിച്ചുള്ള ദൈവഹിതം. എങ്കിൽ മാത്രമേ പിതാവാം ദൈവം മഹത്വപ്പെടുകയുള്ളൂ. സ്നേഹം, സന്തോഷം, സമാധാനം എന്നു തുടങ്ങുന്ന ആത്മാവിന്റെ ഫലത്തിന്റെ സമൃദ്ധി നമ്മിലുണ്ടാകുമ്പോൾ കർത്താവ് സന്തോഷിക്കുന്നു. സാക്ഷാലുള്ള ശിഷ്യത്വത്തിലേക്ക് നമ്മെ സ്വീകരിക്കുന്നു.

പുത്രത്വത്തിന്റെയും ശിഷ്യത്വത്തിന്റെയും ചങ്ങാത്തത്തിന്റെയും (Sonship, Discipleship and Friedship) സാക്ഷാത്തായ ലക്ഷണം വളരെ ഫലം കായ്ക്കുക എന്നതാണ്. Fruit, more fruit, much fruit എന്നാണ്, ഫലം കായ്ക്കുന്നതിന്റെ ക്രമം. ഫലം കായ്ക്കുക, അധികഫലം കായ്ക്കുക, വളരെ ഫലം കായ്ക്കുക എന്ന ക്രമത്തിൽ ഏറ്റവും ശോഭനവും അഭിലഷണീയവുമായ അവസ്ഥ വളരെ ഫലം കായ്ക്കുക എന്നതാണ്.

സ്നേഹമാണ് ഏറ്റവും മികവേറിയ ഫലം. എല്ലാ ഫലവും സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതും സ്നേഹത്തിൽ വളരുന്നതും സ്നേഹത്തെ ഉൽപ്പാദിപ്പിക്കുന്നതും ആണ്. അനേകരും പ്രകടമായ പാപങ്ങളോട് യാത്ര പറഞ്ഞവരാണ്. മദ്യപാനം ചെയ്യുകയില്ല, അശുദ്ധ ജീവിതമില്ല; വെറിക്കൂത്തുകളില്ല; ദുശ്ശീലങ്ങളില്ല;

എന്നാൽ സ്നേഹത്തിൽ ആരംഭിച്ച് സ്നേഹത്തിൽ വളരുന്ന ആത്മാവിന്റെ ഫലത്തിന്റെ സമൃദ്ധി അനുഭവിക്കുന്നില്ല.

ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം ഇവയെല്ലാം പരിശുദ്ധസ്നേഹത്തിൽ അധിഷ്ഠിതമാണ്. ഇവയോരോന്നും നമ്മുടെ ജീവിതത്തിൽ എത്രത്തോളം ഉണ്ടെന്ന് ഒന്നുശോധന ചെയ്തുനോക്കുമ്പോഴാണ് നമ്മുടെ ആത്മീയ പാപ്പരത്തം നമുക്ക് മനസ്സിലാകുന്നത്.

നമ്മുടെ ചുറ്റുപാടും എത്രയോ പേർ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. മാതാപിതാക്കളുടെ സ്നേഹം കിട്ടാത്തവർ, ഭർത്താവിന്റെ സ്നേഹം കിട്ടാത്തവർ, ഭാര്യയുടെ സ്നേഹം കിട്ടാത്തവർ, മക്കളുടെ സ്നേഹം കിട്ടാത്തവർ, സഹോദരങ്ങളുടെ സ്നേഹം കിട്ടാത്തവർ – എത്രയെത്ര പേർ സ്നേഹത്തിന്റെ ക്ഷാമത്തിൽ വലയുന്നു. നിരാശയിൽ താണുപോകുന്നു; ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കുന്നു.

സ്നേഹം കിട്ടാത്തതുകൊണ്ട് സന്തോഷമില്ല. സന്തോഷമില്ലാത്തതുകൊണ്ട് സമാധാനമില്ല. ഇവ മറ്റുള്ളവരിൽ നിന്ന് എനിക്കു കിട്ടുന്നില്ല എന്നു നാം പരാതിപ്പെടും. സ്വയം സഹതപിച്ചും നിരാശപ്പെട്ടും കഴിയുന്നു. നമ്മിൽ നിന്നു മറ്റുള്ളവർക്കു കിട്ടുന്നുണ്ടോ?

"മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങളാഗ്രഹിക്കുന്നത് നിങ്ങൾ അവർക്ക് ചെയ്വിൻ" എന്ന് കർത്താവ് ഗിരിപ്രഭാഷണത്തിൽ പറഞ്ഞിട്ടുണ്ട്.

രക്ഷാസൈന്യസ്ഥാപകനായ വില്ല്യം ബൂത്ത് വാർദ്ധക്യമായി, ക്ഷീണിതനായി കഴിയുമ്പോൾ പൊതുപ്രസംഗത്തിനുപോകാൻ

സാധിക്കാതെ ഇരിക്കുകയായിരുന്നു. ഒരു വലിയ സമ്മേളന ത്തിൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നപ്പോൾ അദ്ദേഹം ആ കൺവൻഷനിലേക്ക് തന്റെ പ്രസംഗം അയച്ചുകൊടുത്തു. അതിൽ ഒറ്റവാക്കേ ഉണ്ടായിരുന്നുള്ളൂ: "Others'' – മറ്റുള്ളവർ! മറ്റുള്ളവരെ കരുതുവാനുള്ള ആഹ്വാനം.

One another (പരസ്പരം) എന്നതാണ് ക്രിസ്തീയ ജീവിത ഫലസമൃദ്ധിയുടെ താക്കോൽ ശൈലി. Love one another (പര സ്പരം സ്നേഹിക്കുക), Pray one another (പരസ്പരം പ്രാർത്ഥി ക്കു), (യാക്കോബ് 5:16) എന്നീ പ്രയോഗം പുതിയ നിയമത്തിൽ കുറഞ്ഞത് പന്ത്രണ്ടു പ്രാവശ്യമെങ്കിലും ഉപയോഗിച്ചിട്ടുണ്ട്.

| | |
|---|---|
| പരസ്പരം സ്നേഹിപ്പിൻ. | യോഹ. 13:34 |
| ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. | യാക്കോബ് 5:16 |
| അന്യോന്യം പ്രബോധിപ്പിക്കുവിൻ<br>തമ്മിൽ ആത്മീകവർദ്ധവ വരുത്തുവിൻ..... | edify one another |
| സഹോദരപ്രീതിയിൽ<br>തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ<br>അന്യോന്യം മുന്നിട്ടുകൊൾവിൻ | Prefer<br>one another<br>റോമർ 12:10 |
| തമ്മിൽ അതിഥി സൽക്കാരം ആചരിപ്പിൻ – | 1 പത്രോസ് 4:9 |
| അന്യോന്യം ശുശ്രൂഷിപ്പിൻ. | 1 പത്രോസ് 4:10 |

ക്രിസ്തുവിൽ വസിച്ചാൽ ആത്മാവിന്റെ ഫലസമൃദ്ധിയു ണ്ടാകും.

യോഹന്നാൻ വളരെ വാർദ്ധക്യമായി എഴുന്നേറ്റു നടക്കാൻ

വയ്യാത്ത സ്ഥിതിയായി, ഒരു വലിയ പ്രാർത്ഥനായോഗത്തിൽ അദ്ദേഹത്തെ ശിഷ്യന്മാർ എടുത്തുകൊണ്ടു വന്നിരുത്തി. ഇരുന്നുകൊണ്ടുതന്നെ അദ്ദേഹം പ്രസംഗിച്ചു.

"ദൈവത്തെ സ്നേഹിപ്പിൻ; പര്സപരം സ്നേഹിപ്പിൻ."

പ്രസംഗം തീർന്നു. അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി കിടത്തി.

സ്നേഹിതാ, ആത്മാവിന്റെ ഫലം കായ്ക്കാൻ നിനക്കു കൊതിയുണ്ടോ? ആവശ്യക്കാരെ താങ്ങുന്ന ദൈവം അത്ഭുതം പ്രവർത്തിക്കും. ക്രിസ്തുവിൽ വസിപ്പിൻ. ക്രിസ്തു നിന്നിൽ വസിച്ചുകൊണ്ട് ഫലസമൃദ്ധിയുടെയും സ്തുതിയുടെയും നിറവിലേക്ക് നിന്നെ നയിക്കും.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 A M |
| ശനി | സൂര്യ ടിവി | : 6.30 A M |
| ഞായർ | ജീവൻ ടിവി | : 6.30 A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ട. പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 A M – 2.00 P M | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30P M – 5.00P M | |
| മൂന്നാം ഞായറാഴ്ച | 12.30P M – 5.00P M | |
| എല്ലാ തിങ്കളാഴ്ചയും | 6.00P M – 8.00P M | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00A M – 1.00P M | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00A M – 8.00P M | |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30A M – 9.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |